PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Friday, the 18th July, 1952.

Vol. VI **OFFICIAL REPORT** No. 17

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 18th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS

Groundnut cake and bonemeal.

✻ **864 [1] Shri P. S. Nataraja Pillai:** Will the Minister for Agriculture be pleased to state:

(*a*) whether the supply of groundnut cake and bonemeal by the contractors fixed by Government is made direct to the manure depot officers at various places or at a central depot;

(*b*) the names of depots and the quantity supplied to each?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) The supply of the manures is made by the accepted contractors invariably at the central depots established and run by the Department of Agriculture. Supplies are also made direct to the sub-depots in cases of emergency.

(*b*) The names of depots and quantities of groundnut cake and bonemeal supplied to each depot during 1951-52 are furnished below:—

Name of depot.	*Quantity of groundnut cake supplied in tons*	*Quantity of bonemeal supplied in tons*
Trivandrum	417	620
Quilon	300	417
Kayamkulam	350	200
Haripad	100	100
Thottapally	50	50

Name of depot	*Quantity of groundnut cake supplied in tons*	*Quantity of bonemeal supplied in tons*
Shencottah	50	85
Thiruvella	150	150
Alleppey	1,000	1,375
Kottayam	950	950
Changanacherry	350	350
Vaikom	25	..
Alwaye	300	398
Trichur	252	300
Irinjalakuda	50	..

Shri P. S. Nataraja Pillai: May I know the pay of the Depot Officer?

Shri Kalathil Velayudhan Nair: I am not in a position to say that now.

Shri P. S. Nataraja Pillai: May I know the average price of the groundnut cake?

Shri Kalathil Velayudhan Nair: I want notice.

Shri P. S. Nataraja Pillai: May I know whether the supply is made direct to the depot officers and is there any counter checking by any co-ordinating authority over the supply?

Shri Kalathil Velayudhan Nair: Supply is made direct from the Central Depot to the other depots who look to the distribution.

Shri P. S. Nataraja Pillai: Are the contractors supplying direct to the depot officers?

Shri Kalathil Velayudhan Nair: They also do.

Shri P. S. Nataraja Pillai: If so, excepting the voucher of the depot officer is there any other record to show the quantity supplied by him?

Shri Kalathil Velayudhan Nair: There is a distribution statement prepared by the depot officer which will be verified with the supply.

Shri P. S. Nataraja Pillai: That is why I ask, excepting such vouchers, is there any other record maintained by the depot officer?

Shri Kalathil Velayudhan Nair: There is also the distribution statement to the consumers from where checking could be effected. As regards the supply, there is one distribution statement. Thus there are two statements.

Shri P. S. Nataraja Pillai: May I know, when distribution is made by the depot officer does he take any receipt from the consumers?

Shri Kalathil Velayudhan Nair: Yes.

Shri P. S. Nataraja Pillai: My point is, whether there is any agency to see to the actual quantity issued with reference to the supply made to the depot officer?

Shri Kalathil Velayudhan Nair: There is the voucher produced by the depot officer as regards the quantity issued. That is the system in vogue.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കരപോലെ ധാരാളം ജനങ്ങളുള്ള സ്ഥലങ്ങളിൽ ഓരോ ഡിപ്പോ സ്ഥാപിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി ആലോചിക്കാം.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ഈ ഡിപ്പോ ആഫീസർമാക്ക് വളം വിൽക്കുന്നതല്ലാതെ വേറെ വല്ല പണിയും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ ഡിപ്പോ സംബന്ധിച്ചുള്ള സകല ചുമതലകളും വഹിക്കുന്നതു് അവരാണ്.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ഡിപ്പോ ആഫീസർമാർ ഫുൾടൈം ആഫീസർമാരാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: കൃഷി ആയുധങ്ങളും മററും വിൽക്കുന്നതു് ഇവരാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ സംബന്ധിച്ചു് നോട്ടീസ് കൂടാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: മൂവാററുപുഴ ഡിപ്പോയിലേയ്ക്കു് ഒട്ടും വളം കൊടുക്കാതെയിരിക്കാൻ വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അതിനു മറുപടി പറയാം.

Shri A. Thanu Pillai: May I know on what basis are the quantities fixed for the different depots?

Shri Kalathil Velayudhan Nair: Usually according to needs.

Shri A. Thanu Pillai: How are the needs ascertained?

Shri Kalathil Velayudhan Nair: From the previous year's distribution statement.

Shri A. Thanu Pillai: Then, are there quantities left unsold in the depots or is there adequate supply? Have the Government any information on that?

Shri Kalathil Velayudhan Nair: Government know that supply is not adequate.

Shri A. Thanu Pillai: Then why was the answer given that distribution is made according to need?

Shri Kalathil Velayudhan Nair: The total quantity available will be distributed in proportion to the needs of the locality. It need not be taken that the whole need of a locality has been met.

Shri A. Thanu Pillai: Have the Government any information regarding the total quantity that is normally required for adequate manuring of our crops ?

Shri Kalathil Velayudhan Nair: The only data with Government is the distribution statement of the previous years of the depots concerned.

Shri A. Thanu Pillai: My question is, have the Government any idea as to the total quantity required by the State as a whole ?

Shri Kalathil Velayudhan Nair: No.

Shri A. Thanu Pillai: Have they any idea as regards the proportion of requirements of the supply ?

Shri Kalathil Velayudhan Nair: The proportion is not known to Government.

Shri A. Thanu Pillai: Is there any complaint that adequate supplies are not made available in a particular quarter ?

Shri Kalathil Velayudhan Nair: There are complaints to say that the State is not able to supply the full requirements of a locality.

Shri A. Thanu Pillai: Am I right in thinking that the quantity is fixed by the Central Government or that the contractors import as they like ?

Shri Kalathil Velayudhan Nair: A portion is being supplied according to the control rate allowed by the Government of India. Some other portion is being arranged by the contractors as well.

Shri A. Thanu Pillai: Now, considering the shortage of manure for food production in the State, will the Government collect statistics as to the need of the State as a whole in this matter ?

Shri Kalathil Velayudhan Nair: But there is one difficulty How to assess the quantity of manure required by all cultivators in the State is the problem. Besides that will vary from year to year. To me it appears that it may not be possible to obtain correct statistics in respect of the need as a whole.

ശ്രീ. എം. കെ. മത്തായി : ചില ഡിപ്പോകളിൽ കിട്ടുന്ന എല്ലുപൊടി വളരെ മോശമായതിനാൽ അതു വാങ്ങുവാൻ ആളില്ലെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എം. കെ. മത്തായി : ഒരു കൃഷിക്കാരനു് ഇത്ര വളം വേണമെന്നു് നിശ്ചയിക്കുന്നതു് ആരാണു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് കൃഷിക്കാരനാണു് നിശ്ചയിക്കേണ്ടതു്.

ശ്രീ. എ. താണുപിള്ള : കൃഷിക്കാക്ക് ആവശ്യമുള്ളത്ര വളം ഇന്നു വിതരണം ചെയ്യുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഗവണ്മെൻറിൻെറ കൈയിലുള്ള സ്റ്റാക്ക് അനുസരിച്ച് കൊടുക്കുന്നുണ്ട്.

ശ്രീ. എം. കെ. മത്തായി : ഈ രാജ്യത്ത് ഏതു വളമാണ് കൂടുതൽ ആവശ്യമുള്ളതെന്ന് വല്ല കണക്കും എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ഒരു കണക്ക് എടുത്തിട്ടില്ല. കൂടുതൽ ഏതു വളമാണ് ആവശ്യമുള്ളതെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഓരോ സ്ഥലത്തും ഓരോ വളമാണ് ആവശ്യമുള്ളത്.

ശ്രീ. എം. കെ. മത്തായി : എല്ലുപൊടിക്കാണ് കൂടുതൽ ആവശ്യമെന്നുള്ള വിവരം ഗവണ്മെൻറിന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചില സ്ഥലത്ത് അതു കൂടുതൽ ആവശ്യമുണ്ടെന്നറിയാം.

ശ്രീ. എം. കെ. മത്തായി : ചില ആളുകൾ ഈ വളങ്ങൾ ഡിപ്പോകളിൽനിന്ന് വാങ്ങിച്ച് ബ്ലാക്ക്മാക്കറ്റിൽ വിററുവരുന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതുവിധത്തിലായാലും കൃഷിക്കാക്കാണ് അതു കൂടുതൽ ലഭിക്കുന്നത്.

Mr. Speaker: : We have had enough discussion on this. Next question please.

വായനശാലകൾ.

* ൮൩൫. [൨] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിൽ ഗവണ്മെൻറിൽനിന്നും സഹായധനം ലഭിക്കുന്ന എത്ര വായനശാലകളുണ്ട്;

(ബി) സഹായധനം ഇനത്തിൽ ൧൯൫൩-൫൪, ൧൯൫൪-൫൫ എന്നീ വർഷങ്ങളിൽ എത്ര രൂപ വീതം അനുവദിച്ചിരുന്നു;

(സി) പ്രസ്തുത ഇനത്തിൽ ൧൯൫൫-൫൬-ലേയ്ക്ക് എത്രരൂപാ അനുവദിച്ചിട്ടുണ്ട്;

(ഡി) സഹായധനം അഭ്യർത്ഥിച്ചുകൊണ്ട് ൧൯൫൫-൫൬-ൽ എത്ര അപേക്ഷകൾ കിട്ടി;

(ഇ) എത്രപേരുടെ അപേക്ഷ അനുവദിച്ചു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ൮൩൫.

(ബി) സഹായധനം ഇനത്തിൽ ൧൯൫൦-൫൧, ൧൯൫൧-൫൨ എന്നീ വർഷങ്ങളിൽ ഒരു ലക്ഷംരൂപ വീതം അനുവദിച്ചിരുന്നു.

(സി) ഒരുലക്ഷം രൂപ.

(ഡി) ൧൧൪൭.

(ഇ) ൭൯൬.

ശ്രീ. ആർ. ഗംഗാധരൻ: അപേക്ഷകന്മാരുടെ സംഖ്യ കൂടുതലായിരിക്കുന്ന സ്ഥിതിക്ക് വായനശാലകളുടെ ഗ്രാൻറ കൂട്ടാതിരിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അപേക്ഷകന്മാരുടെ സംഖ്യ കൂടാറുണ്ടെങ്കിലും ലൈബ്രറികൾക്ക് ഇത്ര ഗ്രാൻറവീതം കൊടുക്കണമെന്ന് അസസ് ചെയ്തിട്ടുണ്ട്. അതനുസരിച്ചാണ് ഗ്രാൻറ കൊടുക്കുന്നത്.

ശ്രീ. ആർ. ഗംഗാധരൻ: വായനശാലകൾക്ക് ഇന്ന് കൊടുക്കുന്ന ഗ്രാൻറ് മതിയാകാത്ത സ്ഥിതിക്ക് കൂടുതൽ തുക അനുവദിക്കേണ്ടതല്ലേ?

Mr. Speaker: If you have any answer please supply.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: വായനശാലകൾ ഇൻസ്പെക്ട് ചെയ്തതിൻെറ ശേഷമാണോ ഗ്രാൻറ് കൊടുക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അനുവദിക്കുന്ന ഗ്രാൻറതന്നെ സമയത്തിന് കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില സ്ഥലങ്ങളിൽ സമയത്തിന് കിട്ടുന്നില്ലെന്ന് അറിവു ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അനുവദിച്ചിട്ടുള്ള ഗ്രാൻറെങ്കിലും കാലതാമസംകൂടാതെ കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഈ ഗ്രാൻറ കൊടുക്കുന്ന ജോലി അധികം ജോലിയില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിന് വിട്ടുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ഡിപ്പാർട്ടുമെൻറിന് മററ് അധികം ജോലിയൊന്നുമില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇപ്പോൾ ഗ്രാൻറ കൊടുക്കുന്നത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽനിന്നാണെന്ന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഗ്രാൻറ കൊടുക്കുന്ന കാര്യത്തിൽ അവർ വലിയ കാലതാമസം വരുത്തുന്നതായി ഗവണ്മെൻറിന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: വായനശാലകൾക്ക് പുസ്തകങ്ങൾ അസസ് ചെയ്തു കൊടുക്കുന്നതാരാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗ്രന്ഥശാലാ സംഘക്കാരാണ് പുസ്തകങ്ങൾ എത്രയുണ്ടെന്ന് കണക്കെടുക്കുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇപ്രകാരം അസസ് ചെയ്തതിന്റെശേഷം ഗ്രന്ഥശാലക്കാർ വായനശാലകൾക്കു കൂടുതൽ ഗ്രാന്റു നൽകണമെന്ന് ആവശ്യപ്പെട്ടിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: അങ്ങനെ ആവശ്യപ്പെട്ടതിന്റെശേഷം കൂടുതൽ ഗ്രാന്റു അനുവദിക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെന്റിന്റെ ധനസ്ഥിതിയനുസരിച്ച് ഗ്രാന്റു കൊടുക്കുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എൻ ഇ എ-ഇ വ-ൽ വന്നു അപേക്ഷകൾ അനുവദിക്കയുണ്ടായി എന്നു പറഞ്ഞല്ലോ. എന്തു പരിഗണന വച്ചാണ് അപേക്ഷകൾ നിരസിക്കുകയോ നിരസിക്കാതിരിക്കുകയോ ചെയ്യുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വന്നു വായനശാലകൾക്ക് ഗ്രാന്റ് കൊടുക്കണമെന്നുമാത്രമേ ഗ്രന്ഥശാലാസംഘം ശുപാർശ ചെയ്തിരുന്നുള്ളു. അതനുസരിച്ചാണ് കൊടുത്തിരുന്നത്.

Shri R. Gangadharan: What is the basis for that?

Shri Kalathil Velayudhan Nair: It depends on several factors. ബേസിസ് എന്നു പറയുന്നത് ഒരു ഗ്രന്ഥശാല എത്ര ആളുകൾക്ക് പ്രയോജനപ്പെടുന്നുവെന്നും മററും നോക്കിയാണ്.

ശ്രീ. ആർ. ഗംഗാധരൻ: ആ ബേസിസ് അനുസരിച്ച് ഗ്രന്ഥശാലാസംഘക്കാർ ശുപാർശ ചെയ്തിട്ടുള്ള എല്ലാ വായനശാലകൾക്കും ഗ്രാന്റു നൽകേണ്ടതല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെന്റിന്റെ ധനസ്ഥിതിയെക്കൂടി ഈ അവസരത്തിൽ പരിഗണിക്കേണ്ടതായിവരും.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഗ്രാന്റുവകയായി എൻ ഇ എ-ഇ വ-ൽ അനുവദിച്ചിട്ടുള്ള സംഖ്യ യാതൊരു വായനശാലകൾക്കും കൊടുത്തിട്ടില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൊടുത്തിട്ടുണ്ടെന്നാണ് അറിവ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അങ്ങനെ കൊടുത്തിട്ടില്ലെന്ന് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുകയാൽ അതേപ്പററി അന്വേഷണം നടത്തുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തീർച്ചയായും അന്വേഷണം നടത്താം.

ശ്രീ. കെ. ജെ. താമസ്സ്: വായനശാലകൾക്ക് ഗ്രാൻറിനത്തിൽ മാത്രമാണോ ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉദ്യോഗസ്ഥന്മാരുടെ ശമ്പള ച്ചെലവുകൂടി അതിൽ ഉൾപ്പെടും.

ஸ்ரீ. கணபதி: இதில், தமிழ் வாசக சாலைகள் ஏதாவது உண்டா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തമിഴ് വായനശാലകളും ഉണ്ട്.

ஸ்ரீ. கணபதி: தேவிகுளம் தாலுகாவிலுள்ள ஒரு வாசக சாலையின் கிரான்டை பின்வலித்தது எதற்காக?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരുപക്ഷെ അവ ശരിയായി പ്രവർത്തിക്കാത്തതുകൊണ്ടായിരിക്കാം, അവയുടെ ഗ്രാൻറ പിൻവലിച്ചിട്ടുള്ളതു്.

ஸ்ரீ. கணபதி: அதற்கு, திரும்பவும் கிரான்ற் கொடுப்பதைப் பற்றி சர்க்கார் ஆலோசிக்குமா?

Mr. Speaker: That is request for action.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: ഈ ഒരുലക്ഷം രൂപയിൽ ഗ്രാൻറായി അനുവദിച്ചിട്ടുള്ളതു് എത്രയാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൮൦,൦൦൦ രൂപ ഗ്രാൻറ വകയിലും ബാക്കിയുള്ള ൨൦,൦൦൦ രൂപ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുമായി നൽകപ്പെടുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗ്രന്ഥശാല അംഗങ്ങൾക്ക് വല്ല അലവൻസും ഗവണ്മെൻറ നൽകാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അലവൻസ് നൽകുന്നതു് ലൈബ്രറി ഫണ്ടിൽനിന്നുമാണ്.

ഡാക്ടർ എൻ. എസ്സ്. പിള്ള: ഗ്രന്ഥശാല സംഘത്തിലെ അംഗങ്ങൾ—

Mr. Speaker: Order, order. Two Members are standing to put a question.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ഗ്രാൻറ് നിർണ്ണയിക്കുന്ന കമ്മിററിയെ നിയമിക്കുന്നതു് ആരാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗ്രന്ഥശാല സംഘക്കാരാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിൻെറ കേന്ദ്രസമിതി അംഗങ്ങളുടെ കാലാവധി എത്രനാളാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓരോ വർഷമാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഓരോ വർഷവും കഴിഞ്ഞിട്ട് ഈ അംഗങ്ങളെ മാററാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓരോ വർഷവും കഴിയുമ്പോൾ അവരെ മാററണമെന്നും അവർ പിന്നീട് ഇരിക്കരുതെന്നും നിയമം ഇല്ലാത്തതുകൊണ്ട് ചിലപ്പോൾ ചിലർ തുടർന്നു വരികയാണ് ചെയ്യുന്നത്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഫൻഡ് ഫം. ന മുൻപ് വായനശാലകൾക്ക് ഗ്രാൻറ കൊടുക്കാറുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടായിരുന്നു.

ശ്രീ. പി. വി. അവിരാത്തരകൻ: അന്ന് വായനശാലകൾക്ക് ഗവൺമെൻറ് വായ്പ നൽകിയിട്ടുണ്ടോ?

Mr. Speaker: The question has been suffficiently discussed.

Forest Guards.

✻ 866. [3] **Shri M. M. Abdul Khader:** Will the Minister for Revenue be pleased to state whether complaints have been received from settlers in മന്നാൻകണ്ടം and ദേവികുളം of incessant vexation and harassment by the Forest Guards?

Minister for Revenue (**Shri A. Chidambaranatha Nadar**):

There is no general complaint from the settlers of Mannankandom and Devicolam of vexation or harassment by Forest Guards or by any other officer of the Forest Department but there is a complaint about one forest guard P. Sridharan of Neriamangalam Range from two or three Muslim gentlemen by name, Makkaru Molol, Valera and Hajiyar Pareed, stating that the portion of the land leased out to them has been occupied by another with the connivance of the guard. This matter is being enquired into. Apart from this single allegation there is no other complaint about the forest officers of that area.

തിരുവിതാംകൂർ സർവ്വകലാശാല.

✻ ൮൬൭. [൪] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു ശേഷം, തിരുവിതാംകൂർ സർവ്വകലാശാലയെ കൊച്ചിക്കുകൂടി ബാധകമാകത്തക്ക നിലയിൽ പരിരക്ഷിക്കുന്നതാണെന്ന് ഗവൺമെൻറ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു കൊല്ലത്തിനുള്ളിൽ ഇതു സംബന്ധിച്ചു ഗവൺമെൻറ് എന്തെങ്കിലും നടപടി എടുക്കുകയുണ്ടായോ? നടപടി എടുക്കുകയുണ്ടായെങ്കിൽ എന്താണവ;

(സി) തിരുവിതാംകൂർ സർവ്വകലാശാലയുടെ അധികാര പരിധി കൊച്ചിക്കുകൂടി ബാധകമാകത്തക്ക നിലയിൽ, സർവകലാശാലാചട്ടങ്ങളിൽ വേണ്ട പരിഷ്ക്കാരം വരുത്തുന്നതിന് ഇപ്പോഴം ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) മുൻ കൊച്ചിൻ ഗവണ്മെൻറ പ്രസ്താവിക്കയുണ്ടായിട്ടുണ്ട്.

(ബി) ഗവണ്മെൻറ് ഈ കാര്യത്തെപ്പററി ആലോചിച്ച് സർവകലാശാലാചട്ടങ്ങളിൽ ഇതിന് ഭേദഗതി ആവശ്യമില്ലെന്ന് തീരുമാനിക്കയുണ്ടായി.

(സി) തിരുവിതാംകൂർ സർവകലാശാലയുടെ അധികാരപരിധി കൊച്ചിയെക്കൂടി ബാധിക്കുന്നതിലേയ്ക്ക് സർവകലാശാലചട്ടങ്ങളിൽ ഭേദഗതി ആവശ്യമില്ല.

ശ്രീ. എ. എൽ. ജേക്കബ്ബ്: ചട്ടങ്ങളിൽ ഭേദഗതിവരുത്തേണ്ട കാര്യം ആലോചിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി രണ്ടു കൊല്ലം മുമ്പ് ഒരു കാൺഫറൻസ് വിളിച്ചുകൂട്ടിയതായിട്ട് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിൻെറ ഫലമായിട്ടാണ് കൊച്ചിയിലുള്ള കാളേജുകളെ ഈ യൂണിവേഴ്സിററിയോട് അഫിലിയേററ ചെയ്യുന്നതിന് നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ലെന്ന് തീരുമാനിച്ചതു് ?

ശ്രീ. ആർ. കേശവപിള്ള: കൊച്ചിയിലെ കാളേജുകൾ എന്തുകൊണ്ടാണ് ഈ സർവകലാശാലയുടെ പരിധിയിൽ വരാത്തതെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നിർബന്ധിക്കുന്നതിന് അവകാശമില്ല. ചില കാളേജുകൾ ഈ യൂണിവേഴ്സിററിയുടെ പരിധിയിൽ വന്നിട്ടുണ്ട്.

ശ്രീ. ഓ. സി. നൈനാൻ: സർവ്വകലാശാല പരിഷ്കരിക്കുന്നതിലേയ്ക്കു് ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കൊച്ചിയിലുള്ള കാളേജുകൾ എന്തെല്ലാം ഭേദഗതികൾ വരുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കൊച്ചിയിലുള്ള സകല കാളേജുകളും തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ പരിധിയിൽ കൊണ്ടുവരുന്നതിലേക്ക ആവശ്യമായ ഭേദഗതികൾ യൂണിവേഴ്സിററി നിയമത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പൊതുവെ യൂണിവേഴ്സിററി നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇൻറിഗ്രേഷൻെറ അടിസ്ഥാനത്തിൽ സർവകലാശാലയുടെ പേരു മാററണമെന്നു തോന്നിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: പേരുമാത്രമല്ല പലതും മാററണമെന്നു തോന്നിയിട്ടുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഒരു രാഷ്ട്രീയ ജനവിഭാഗത്തിന് പല വിധത്തിലുള്ള സിലബസ് അത്ര യോജിച്ചതല്ലെന്നു ഗവണ്മെൻറിൻ അഭിപ്രായമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറിന് അതു സംബന്ധിച്ച പ്രത്യേകമായ അഭിപ്രായമൊന്നുമില്ല. ഈ രാജ്യത്ത് മദ്രാസ് യൂണിവേഴ്സിററിയോട് അഫിലിയേററ ചെയ്ത കാളേജും തിരുവിതാംകൂർ യൂണിവേഴ്സിററിയോട് അഫിലിയേററ ചെയ്ത കാളേജും ആകാം.

ഗവണ്മെൻറ്,മിഡിൽസ്കൂൾ അദ്ധ്യാപകരുടെ എണ്ണം.

✻ വ്യ ന്യ വ്യ. [൫] ശ്രീ. എം. വി. ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറ് മിഡിൽസ്കൂളുകളിൽ ൨൨-൨൫ ഗ്രേഡിൽ ശമ്പളം നൽകുന്ന അദ്ധ്യാപകരെത്ര;

(ബി) അവരുടെ ശമ്പളവും ൩൦-൩൦ ഗ്രേഡിലേയ്ക്കുയർത്തുന്നതിനുള്ള തടസ്സമെന്തു്;

(സി) ഗവണ്മെൻറ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേകം ഹെഡ്മാസ്റ്റർ അലവൻസു നൽകുമ്പോൾ മിഡിൽസ്കൂളിൽ ഹെഡ്മാസ്റ്റർ ചാർജ്ജ് വഹിക്കുന്ന അണ്ടർഗ്രാഡുവേററ് അദ്ധ്യാപകന്മാർക്ക് ഹെഡ്മാസ്റ്റർഅലവൻസ് നൽകാത്തതെന്തുകൊണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൧൦൨൦.

(ബി) ഈ സ്കെയിൽ അവർക്കും ഇപ്പോൾ കൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) പ്രൈമറിസ്കൂളുകളിലെ ഹെഡ്മാസ്റ്റന്മാർക്ക് വ്യത്യസ്തമായ ഒരു ഉയന്ന ശമ്പളസ്കെയിൽ ഇല്ലാത്തതിനാൽ അലവൻസ് നൽകുന്നു. ഇപ്പോൾ മിക്കവാറും മിഡിൽസ്കൂൾ ഹെഡ്മാസ്റ്റന്മാർക്ക് ആ സ്കൂളുകളിലെ സഹ അദ്ധ്യാപകന്മാരിൽനിന്നും ഉയന്ന ശമ്പളസ്കെയിൽ ഉള്ളതുകൊണ്ടു അലവൻസ് നൽകുന്നില്ല.

ശ്രീ. എ. താണുപിള്ള: ഈ മിഡിൽസ്കൂളുകളിൽ ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന ആർഡറിനു മുമ്പ് കൊച്ചി വിഭാഗത്തിൽ ൩൦-൬൫ രൂപാവരേയും, തിരുവിതാംകൂർ വിഭാഗത്തിൽ ൩൦-൩൦ രൂപാ

വരേയും സ്കെയിൽ ഇരിക്കെ കൂടിയ ഗ്രേഡായ ന ൦ - ൧ ൭ സ്വീകരിക്കാതെ കുറഞ്ഞ ഗ്രേഡ് ഈ മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ മാത്രം സ്വീകരിക്കാനുള്ള കാരണമെന്താണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ ശമ്പളസ്കെയിൽ പരിഷ്കരിച്ചപ്പോൾ ഗവണ്മെൻറിൻെറ സാമ്പത്തിക കഴിവുകൂടി അതിന് ഒരു മാനദണ്ഡമാക്കിയിരുന്നു. അതനുസരിച്ച് ഈ സ്കെയിൽ കൊടുക്കുന്നതാണ് ശരിയെന്നുതോന്നി.

ശ്രീ. ഏ. താണുപിള്ള : ന ൦ - ന്ന ൦ സ്കെയിലിനു പകരം ന ൦ - ൧ ൭ സ്വീകരിച്ചിരുന്നുവെങ്കിൽ ഗവണ്മെൻറിന് എന്തു ഫിനാൻഷ്യൽ കമ്മിററ്മെൻറ് വരുമായിരുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഒരു നല്ലതുക വരുമെന്നാണു വിചാരിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള : എത്ര തുക കൂടുതൽ വേണ്ടിവരുമായിരുന്നു എന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് കണക്കു കൂട്ടിനോക്കിയേ പറയാൻ സാധിക്കയുള്ളു.

ശ്രീ. ഏ. താണുപിള്ള : എല്ലാ സ്കെയിലുകളും കൂട്ടിയ സ്ഥിതിക്ക് അവക്കുമാത്രം ആനുകൂല്യം ചെയ്യാതിരിക്കുന്ന ഈ വ്യവസ്ഥ മാററി അവക്കും കൂടിയ സ്കെയിൽ കൊടുക്കുന്നതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇവരുടെ കാര്യത്തിൽ മാത്രമല്ല അങ്ങനെ ചെയ്തിരിക്കുന്നതു്. ഗ്രാൻറ സംബന്ധിച്ചും കൊച്ചിയിൽ നിലവിലിരുന്നതിനേക്കാൾ കുറവായിട്ടാണ് ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നതു്. അതുകൊണ്ടു് ഇതു മാത്രം വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ് ആലോചിച്ചാൽ മതിയാകുന്നതല്ല.

ശ്രീ. ഏ. താണുപിള്ള : ഡിപ്പാർട്ടുമെൻറ സ്കൂളുകളെ സംബന്ധിച്ചിടത്തോളം മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ മാത്രമേ കുറഞ്ഞ ഗ്രേഡ് സ്വീകരിച്ചതായി ഞാൻ കണ്ടുള്ളു. അതിനു വിപരീതമായി എന്തെങ്കിലും ഉണ്ടെങ്കിൽ അതു് പറഞ്ഞാൽ കൊള്ളാം.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഗവണ്മെൻറ സ്കൂളുകളെപ്പററിയല്ല ഞാൻ പറഞ്ഞതു്. ഗവണ്മെൻറ് ഒരു തത്വം അംഗീകരിക്കുമ്പോൾ ആ തത്വം പ്രൈവററ് സ്കൂളുകളേയും ബാധിക്കുമെന്നുള്ളതുകൊണ്ടു് അതു് പറഞ്ഞെന്നേയുള്ളു.

Purchase of Pumps.

※ 869 [6] **Shri. N. P. Varghese :** Will the Minister for Education be pleased to state : whether there is a provision for the supply of pumps to ryots from the Agriculture Department on the hirepurchase system to insist on solvency certificate of the ryot concerned ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :** No.

Manure Supply.

※ 870 [7] **Shri N. P. Varghees:** Will the Minister for Agriculture be pleased to state:

(*a*) the quantity of bonemeal, phosphates, sulphates and groundnut cake supplied to the Muvattupuzha Agriculture Division office from 1951 April to 1952 April;

(*b*) was there any supply of manure to the Muvattupuzha Agriculture Division Office in March or April 1952; if so what the quantity of each material;

(*c*) was the supply sufficient to cope with the demand; and

(*d*) is the Agriculture Department doing any other help to cultivators than supplying manure?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) Manures are not at all being stocked either in the Muvattupuzha Agricultural Division Office or in any other Divisional Agricultural offices.

(*b*) In the light of the answer to (a) above this question does not arise.

(*c*) Does not arise.

(*d*) Besides issuing manures and giving advice on manuring, the Agricultural Department is attending to the following works:—

(i) improvement of kari lands in Vaikam area;

(ii) advice on control of pests on crops. Large quantities of Gammexane and DDT are distributed to ryots for controlling paddy pests;

(iii) crop competitions are held to induce cultivators to produce higher yields;

(iv) distribution of quality seedlings raised in the coconut nurseries at Vaikom and Thodupuzha to cultivators;

(v) popularising the use of green manures like sun hemp and crotolaria striata and also the use of potash in the place of ash.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ ഡിവിഷനിൽനിന്നും മററു ഡിവിഷനുകളിലേക്ക് സപ്ലൈ ചെയ്യുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മൂവാററുപുഴയുള്ള മന്യൂവർ സപ്ലൈ അഗ്രിക്കൾച്ചറൽ ഇൻസ്പെക്ടരുടെ ആഫീസിനോട് അനുബന്ധിച്ചാണ് നടക്കുന്നത്.

ശ്രീ. എൻ. പി. വർഗ്ഗീസ്: മൂവാററുപുഴ ഏപ്രിലിലും ആഗസ്റ്റിലും സപ്ലൈ ഇല്ലാതിരുന്നു എന്നറിയാമോ?

Shri Kalathil Velayudhan Nair : The quantity of manures supplied to this depot during 1951 April to 1952 is groundnut cake—120 cwts ; tapioca mixture—100 cwts; muriate of potash—330 cwts.

School Books.

※ **871 [8] Shri C. Sankar :** Will the Minister for Education be pleased to state : the reason for appointing sole agents for important centres and towns to sell school books published by the Government ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

With a view to the speedy and expedient distribution of text books.

ஸ்ரீ. ஸி. சங்கர் : இந்த மொணாப்பளி சிஸ்டத்தால் பொது ஜனங்களுக்கு பலவிதமான கஷ்டங்கள் ஏற்படுகிறது என்பது மந்திரி அவர்களுக்குத் தெரியுமா ?

ஸ்ரீ. களத்தில் வேலாயுதன் நாயர் : இதில் மொணாப்பளி ஒன்றும் இல்லை.

ஸ்ரீ. ஸி. சங்கர் : ஒரு டிஸ்ட்ரிக்ட்டில் ஒரே ஆளுக்கு பப்ளிஷ் செய்வதற்கு அனுமதி கொடுப்பது மொணாப்பளி அல்லவா ?

ஸ்ரீ. களத்தில் வேலாயுதன் நாயர் : ஒரு டிஸ்ட்ரிக்ட்டில் கொடுத்தால், அது டிஸ்ட்ரிக்ட் மொணாப்பளியாகவும், தாலூக்கில் கொடுத்தால் அது தாலுகா மொணாப்பளியாகவும், ஆகும் அவ்வளவு தான்.

ஸ்ரீ. ஸி. சங்கர் : இதனால் பொதுஜனங்களுக்கு கஷ்டம் ஏற்படுகிறது என்பது சர்க்காருக்குத் தெரியுமா ?

ஸ்ரீ. களத்தில் வேலாயுதன் நாயர் : அப்படியொன்றும் கஷ்டமில்லை.

ஸ்ரீ. ஸி. சங்கர் : திருநெல்வேலியிலுள்ள சிவகாமி பப்ளிஷிங் ஹௌஸாரால் பிரசுரிக்கப்படுகிற சில புஸ்தகங்களுக்கு, அதன் விலை 12 அணா ஆனபோதிலும் இங்கு அவைகள் 1½ ரூபாய்க்கு விற்கப்பட்டு வருகிறதென்பது மந்திரி அவர்களுக்குத் தெரியுமா ? அது ஒரு பிளாக்மார்க்கெட் அல்லவா ?

ஸ்ரீ. களத்தில் வேலாயுதன் நாயர் : அது தெரியும். ஆனால் அது பிளாக்மார்க்கெட் அல்ல. கவர்ன்மெண்ட், இந்த புஸ்தகத்திற்கு அந்த விலையைத் தான் நிச்சயித்திருக்கிறது.

ஸ்ரீ. ஸி. சங்கர் : பிரைவெட் கம்பெனிகள் அதை முக்கால் ரூபாய் வைத்து கொடுக்கத் தயாராய் இருக்கும்போது, அவைகளை வாங்கி 1½ ரூபாய்க்கு கொடுப்பதுதான் இந்த சர்க்காரின் கொள்கையா ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ പുസ്തകം പ്രൈവററു കമ്പനിക്കാക്ക് ഇവിടെ വിൽക്കാൻ അവകാശമില്ല. അതുകൊണ്ടു് അതു മുക്കാൽരൂപക്കു് ഇവിടെ വിൽക്കാൻ ഒക്കുകയില്ല. എല്ലാ പുസ്തകങ്ങളുടെയും ചിലവുകളും മററും കണക്കാക്കി വിലയിട്ടപ്പോൾ ഈ പുസ്തകത്തിനു് ഈ വില വന്നതാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: കുറഞ്ഞ വിലക്കു് തിരുനൽവേലിയിൽ ഈ പുസ്തകം വിൽക്കാൻ കഴിയുമെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇവിടെ അങ്ങനെ വിൽക്കാൻ ഒക്കുകയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: സോൾ ഏജൻസിനു് റീട്ടെയിൽ ലൈസൻസു് കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവണ്മെൻറു പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഗവണ്മെൻറിൻെറ അനുമതിയോ സമ്മതമോ കൂടാതെ പ്രസ്സുകാർ നേരിട്ടുവിൽക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കാം.

ശ്രീ. എം. എം. അബ്ദുൽഖാദർ: ടെക്സ്റ്റ്ബുക്കുകളിൽ വിലയിടാത്തതുകൊണ്ടു് പല കച്ചവടക്കാരും വില കൂടുതലായി ഈടാക്കിവരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പുസ്തകത്തിൽ വില ഇട്ടിട്ടുണ്ടെന്നാണു് എൻെറ അറിവു്, ഇല്ലെങ്കിൽ അതിനെപ്പററി അന്വേഷിച്ചുപറയാം.

ശ്രീ. പരീതു രാവുത്തർ: കിട്ടാൻ വിഷമമുള്ള പുസ്തകങ്ങൾ അല്പ വില കൂടുതൽ കൊടുത്താൽ അടുത്തുള്ള മററു കച്ചവടക്കാരിൽനിന്നും കിട്ടുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിവില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറാണു്.

കരിഞ്ചന്തവ്യാപാരക്കുററത്തിനു ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ.

* വ്യ ൌ. [ൻ] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുരക്ഷാനിയമപ്രകാരമുള്ള കരിഞ്ചന്തവ്യാപാരത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവരുടെ പക്കൽനിന്നു വ്യാപാരസാധനങ്ങൾ കണ്ടു കെട്ടിയവകയിലേക്ക് എന്താദായം ഗവണ്മെൻറിന് ൧ൻ ൭ ൧.ൽ ലഭിക്കുകയുണ്ടായി;

(ബി) ആരുടെയെങ്കിലുംവക ൧൦൦൦ രൂപായ്ക്കുമീതെ വില പിടിച്ച സാധനം ഗവണ്മെൻറ് കണ്ടുകെട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുകൾ പറയാമോ;

(സി) എത്രപേരെ കരിഞ്ചന്തക്കുററത്തിന് ആറുമാസത്തിനുമീതെ ശിക്ഷിച്ചു; അവരുടെ പേരുകൾ എന്ത്?

ധനകാര്യവും സിവിൾസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൭ ൬൨ ൩ രൂപ ൧ അണ ൪ പൈ.

(ബി) രണ്ടു കേസ്സുകളിലുള്ള തൊണ്ടിവകസാധനങ്ങൾക്ക് ൧൦൦൦ രൂപായ്ക്കുമീതേ വിലവരും. ഒരു കേസ്സിലെകക്ഷിയുടെ പേരു് ആറുമുഖനയിനാർ രാമസ്വാമി എന്നാണ്. മററെ കേസ്സിൽ കക്ഷികൾ ഒളിവിലാണ്.

(സി) മൂന്ന്.

(൧) പരീതു് സെയിദ്

(൨) മത്തായി പൈലി

(൩) വക്കി ഉലഹന്നാൻ

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : കരിഞ്ചന്തക്കാർക്ക് തക്കതായ ശിക്ഷ കോടതികൾ നൽകിവരുന്നു എന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുസംബന്ധിച്ചു ഗവണ്മെൻറ് ഒരു റിവ്യൂ നടത്തിയിട്ടില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : അവർക്ക് പിഴയിട്ടാൽപോരാ ജയിൽശിക്ഷ നൽകണമെന്ന് വല്ല നിർദ്ദേശവും ഗവണ്മെൻറ നൽകുകയുണ്ടായോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറ് അംഗീകരിച്ചിരിക്കുന്ന നയമനുസരിച്ച് കോടതികൾക്ക് അങ്ങനെയൊരു ഡയറക്ഷൻ കൊടുക്കാൻ പാടില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ സംസ്ഥാനത്തെ കോടതികളിൽ കരിഞ്ചന്തക്കാർക്കു തക്കതായ ശിക്ഷ നൽകുന്നില്ലെന്ന് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അറിയിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : എത്ര കരിങ്ങനക്കാരെ പ്രിവൻറീവ് ഡിററൻഷൻ ആക്ടനുസരിച്ച് അറസ്ററചെയ്യിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ്സുവേണം.

ക്രിമിനൽ കേസ്സുകൾ.

* ൮൧൩. [൧൦] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ ക്രിമിനൽ കോടതികളിൽ മൂന്നുകൊല്ലത്തിനു മീതെയായി വിചാരണ നടന്നുവരുന്നതും വിധിപറയാത്തതുമായ എത്ര ക്രിമിനൽ കേസ്സുകൾ ഇന്നു നിലവിലുണ്ട്;

(ബി) ഇത്തരം കാലദൈർഘ്യത്തിന്റെ കാരണങ്ങൾ പരിഹരിക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ൨൧൫.

(ബി) വേണ്ട നിർദ്ദേശങ്ങൾ ക്രിമിനൽ കോടതികളിലേക്കും പോലീസ് വകുപ്പിനും കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : എന്തെല്ലാം നടപടികളാണു എടുത്തിട്ടുള്ളതെന്ന് വിശദമാക്കുവാൻ സാധിക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതിനു വേണ്ട നടപടികളെപ്പററി ഇൻസ്പെക്ടർ ജനറൽ, അഡ്വക്കേററ ജനറൽ, ചീഫ്സെക്രട്ടറി ഇവർ ഉൾപ്പെടെയുള്ള ഒരു കാൺഫറൻസിൽ പര്യാലോചിക്കുകയുണ്ടായി. കാലദൈർഘ്യം വരാതിരിക്കുന്നതിലേയ്ക്കു വേണ്ട നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനെപ്പററി ആലോചിച്ചു. അതിലെ നിശ്ചയങ്ങൾ ക്രിമിനൽകോടതികളെയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരെയും അറിയിച്ചിട്ടുണ്ട്. അതു് നടപ്പിലിരിക്കുകയാണ്. ഇതിൽ ഏററവും പ്രധാനമായിട്ടുള്ളത് മൂന്നുമാസത്തിലൊരിക്കൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ ക്രിമിനൽ കോടതികൾ പരിശോധിക്കണമെന്നും അവിടെ കാലദൈർഘ്യമുള്ള കേസുകളെപ്പററി റിപ്പോർട്ടുചെയ്യണമെന്നുമാണ്. ക്രിമിനൽ കോടതികളിലെ മജിസ്ട്രേട്ടന്മാർ കോടതികളിൽ എത്ര കേസുകൾ ഉണ്ടെന്നും, കുടിശിഖ കേസുകൾ എത്രയുണ്ടെന്നും, ആറുമാസത്തിൽ കൂടുതൽ കാലദൈർഘ്യമുള്ള കേസുകൾ എത്രയുണ്ടെന്നും റിപ്പോർട്ടു ചെയ്യേണ്ടതാണ്. കേസ് വേഗം തീർക്കുന്നതു് പ്രമോഷന് ഒരു മാനദണ്ഡം കൂടിയാണ്. പോലീസ് ഡിപ്പാർട്ടുമെൻറിനും, സാക്ഷികളെ ഹാജരാക്കുന്നതിനും മററും ഉണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് നടപടി എടുക്കുന്നതിനും മററും എഴുതി അറിയിച്ചിട്ടുണ്ട്. അതിൽ കാലതാമസം വരുത്തരുതെന്നും നിഷ്കർഷയായും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം കൊടുത്തിട്ടും അനാവശ്യമായി കാലതാമസമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം കർശനമായി നടപടിയെടുക്കുന്നതാണ്.

ശ്രീ. ഏ. താണുപിള്ള: അപ്പീൽകോടതികളെ സംബന്ധിച്ചും ഈ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്.

ശ്രീ. ഏ. താണുപിള്ള: ഇങ്ങനെ കാലതാമസം വന്നിട്ടുള്ള കേസുകൾ ആകപ്പാടെയുള്ള കേസിൻെറ എത്ര ശതമാനമാണെന്ന് പറയാൻ സാധിക്കുമോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അത് നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഈ കേസുകളിൽ സർക്കാർഭാഗത്തുനിന്നു നടത്തുന്നതും പ്രൈവററ കേസുകളും എത്രയെത്രയാണെന്ന് പ്രത്യേകം പ്രത്യേകം കണക്കു എടുത്തിട്ടുണ്ടോ ?

ശ്രീ ടി. എം. വർഗ്ഗീസ്: അങ്ങനെ ചോദിക്കാത്തതുകൊണ്ട് പ്രത്യേകം കണക്കു എടുത്തിട്ടില്ല.

ശ്രീ. ഗണപതി: ഈ കേസുകളിൽ അധികവും തൊഴിലാളികളുടെ മേലുള്ള കേസുകളാണെന്നറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയല്ലെന്നു അറിയാം.

ശ്രീ. സി. അച്യുതമേനോൻ: ഈ ഉത്തരവ് നൽകിയതിനുശേഷം കേസുകളിൽ എത്രയെണ്ണം വിചാരണ തീർന്നിട്ടുണ്ട്; എത്രയെണ്ണം കുടിശ്ശികകൾ വരുത്തിയിട്ടുണ്ടെന്നറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അത് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: പ്രതിഭാഗത്തുനിന്നും കേസ് നീട്ടിക്കിട്ടണമെന്ന് അപേക്ഷിച്ചാൽ പ്രാസിക്യൂഷൻ ഭാഗത്തേയ്ക്കു് ചെലവുകൊടുക്കണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയൊരു ഇടപാട് കോടതികളിലുണ്ട്. അനാവശ്യമായി താമസിക്കുകയാണെന്ന് ബോദ്ധ്യപ്പെട്ടാൽ അങ്ങനെ ചെയ്യാവുന്നതുമാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: അതുപോലെ പ്രാസിക്യൂഷൻഭാഗത്തുനിന്നും കേസിൻെറ അവധി മാററണമെന്ന് ആവശ്യപ്പെടുകയാണെങ്കിൽ പ്രതിഭാഗത്തേയ്ക്കു് ചെലവു കൊടുക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: കോടതിക്ക് രണ്ടുകക്ഷികളും ഒരുപോലെയാണ്. ഏതു ഭാഗത്തുനിന്നാണ് അവധിക്കു അപേക്ഷിക്കുന്നത് അതിൻെറ എതിർഭാഗത്തേയ്ക്കു് ചെലവുകൊടുക്കുവാൻ ആവശ്യപ്പെടുന്നതിന് കോടതിക്കു അധികാരമുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: സാധാരണ അങ്ങനെ ചെയ്യാറില്ലെന്നറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനു കോടതിക്കു അധികാരമുണ്ട്. മാത്രമല്ല അങ്ങനെ പ്രാസിക്യൂഷൻ ഭാഗത്തുനിന്നും അനാവശ്യമായ കാല

താമസം ഉണ്ടാക്കുന്നുവെന്നു കാണുമ്പോൾ അവരെ താക്കീതു ചെയ്യുകയും മററും ചെയ്യുമുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : അവധിക്ക അപേക്ഷിക്കുമ്പോൾ ചെലവു ഇന്നാരു കൊടുക്കണമെന്നുള്ളതിനെപ്പററി ക്രിമിനൽ പ്രൊസിഡ്യൂവർ കോഡിൽ വ്യവസ്ഥകളുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതു് മെംബർതന്നെ നോക്കി മനസ്സിലാക്കേണ്ടതാണു്. സൌകര്യംപോലെ ചോദിച്ചാൽ നോക്കിപ്പറയുന്നതിനു വിരോധമില്ല.

ശ്രീ. ഒ. സി. നൈനാൻ : കേസ് എളുപ്പം തീക്കുന്നതു് പ്രമോഷനു് മാനദണ്ഡമാണെന്നു് പറഞ്ഞു. അങ്ങനെയാണെങ്കിൽ പെട്ടെന്നു് കേസ് തീക്കാൻവേണ്ടി എങ്ങനെയെങ്കിലും കേസ് തീരുമാനം ചെയ്യാലോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : പ്രമോഷനെക്കാൾ ഉദ്യോഗം കൂടുതൽ കാര്യമായി അവർ കരുതുവാൻ ഇടയുള്ളതുകൊണ്ടു് അങ്ങനെയൊന്നും ചെയ്യാൻ തരമില്ല.

തടവുകാർ.

* ൮൧൪. [൧൧] ശ്രീ. ആർ ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിചാരണയിലിരിക്കുന്ന തടവുകാരുടെ എണ്ണമെത്ര ;

(ബി) പ്രസ്തുത തടവുകാരിൽ ഒരു കൊല്ലത്തിൽ കൂടുതൽ കാലമായി തടവിലിരിക്കുന്നവരുടെ എണ്ണമെത്ര;

(സി) പ്രസ്തുത തടവുകാരുടെ പേരിലുള്ള കേസ്സുകൾ വിസ്തരിച്ചു തീക്കുന്നതിൽ കാലതാമസം നേരിടുന്നതു് എന്തുകൊണ്ടാണു്;

(ഡി) വിസ്താരം ത്വരിപ്പിക്കുന്നതിനു് എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ൧൮൪൨

(ബി) ൧൧൧

(സി) കാലതാമസം പല കാരണം കൊണ്ടുണ്ടാകാം. ചിലതു് അപ്രതീക്ഷിതമായ കാരണങ്ങളായിരിക്കാം; ചില കേസുകളിൽ പ്രതികൾ മന:പൂർവ്വം ഹാജരാകാതിരിക്കുക, ചില കേസുകളിൽ ഇരുഭാഗത്തുനിന്നും സാക്ഷികളെ ഹാജരാക്കാതിരിക്കുക, അതായതു് കേസ് മന:പൂർവ്വം നീട്ടിക്കൊണ്ടുപോകുന്നതിനുവേണ്ടി, ഇങ്ങനെയുള്ള കാരണങ്ങൾ കൊണ്ടു്;

(ഡി) കഴിയുന്നതും വേഗം വിസ്താരം അവസാനിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : ഒരു കൊല്ലത്തിനുമുമ്പു് കേസുകളുടെ വിസ്താരം കഴിയുന്നത്ര വേഗത്തിൽ തീക്കുന്നതിനു വേണ്ട നടപടി സ്വീക

രിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതനുസരിച്ച് സാക്ഷികളെ പ്രാസിക്യൂഷൻ ഭാഗത്തുനിന്നും ഹാജരാക്കാതെ കേസ് ദീർഘിപ്പിച്ചതായും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്. അതിന്മേൽ വേണ്ട നടപടി എടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: സാക്ഷികളെ ഹാജരാക്കുന്നതിനുള്ള കുഴപ്പം പരിഹരിക്കുന്നതിനുവേണ്ടി പോലീസ് ഡിപ്പാർട്ടുമെൻറിൽ സ്ഥിരം സാക്ഷിവകുപ്പ് ഉണ്ടാക്കാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ മന:പൂർവ്വം പോലീസുകാർ ന്യായക്കേടായി പ്രവർത്തിക്കുന്നതായി അറിവില്ല. മാത്രമല്ല, ഇങ്ങനെയൊരു ഡിപ്പാർട്ടുമെൻറ് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പെൻഷൻ അനുവദിക്കുന്നതിനുള്ള അമാന്തം

*വ്യ ൧ ൩. [൧൨] ശ്രീ. പി. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷനു് പ്രായംതികഞ്ഞ കാരണം സർക്കാർ സേവനത്തിൽനിന്നു് വിരമിച്ചവരിൽ പലരും രണ്ടും മൂന്നും കൊല്ലം കഴിഞ്ഞിട്ടും പെൻഷൻ അനുവദിച്ചു കിട്ടാത്തതുമൂലം വളരെ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ അമാന്തം പരിഹരിക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പല ആളുകൾക്കും പെൻഷൻ ലഭിക്കുന്നതിനു് കാലതാമസം നേരിടുന്നുവെന്നു് ഗവണ്മെൻറിനു് ബോദ്ധ്യം വന്നിട്ടുണ്ട്.

(ബി) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നയുടനെ ഈ വസ്തുത ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുകയും ഈ കഴിഞ്ഞ ഏപ്രിൽ ൨൯-ാംനു ഓരോ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരും ഈ കാര്യത്തിൽ എടുക്കേണ്ട നടപടികളെ സംബന്ധിച്ച് കർശനമായ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും അതിനെ തുടർന്നു നടപടികൾ എടുത്തുവരികയും ചെയ്യുന്നുണ്ട്. ആ സർക്കുലറിന്റെ ഒരു കോപ്പി മേശപ്പുറത്തു വെച്ചിട്ടുണ്ട്.*

ശ്രീ. പി. ഭാസ്കരൻനായർ: ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ ഇതിനുവേണ്ട സത്വരനടപടികൾ എടുക്കുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നു് കണ്ടതുകൊണ്ടാണു് ഗവണ്മെൻറ് സർക്കുലർ അയയ്ക്കാൻ ഇടയായതു്.

---

* Please see Appendix

Religious Instruction.

* 876. [13] **Shri P. V. Avira Tharakan:** Will the Minister for Education be pleased to state whether the Government have received any complaints for giving religious instruction to the students before and after the class hours within the premises of the Schools or Colleges?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

No. Government have not received any complaint.

Shri M. M. Abdul Khader: Is not Government aware that such instruction is being provided in schools and would not the Government consider that it is better to give such education in the house by parents?

Shri Kalathil Velayudhan Nair: Government is not aware that it is being done in schools.

Portraits of Gods.

* 877. [14] **Shri P. V. Avira Tharakan:** Will the Minister for Education be pleased to state whether the Government have received any complaint for keeping the portraits of God or Gods in schools and such other educational institutions?

Minister for Works and Transport **(Shri Kalathil Velayudhan Nair):** No.

പെൻഷൻകാരിൽനിന്നും നിവേദനം

* ൮൭൮. [൧൫] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ് മിനിസ്റ്റർ ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പെൻഷൻകാരിൽനിന്നും ഗവൺമെന്റിലേയ്ക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ വിഭാഗത്തിലുള്ള പെൻഷൻകാരിൽനിന്നും ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) അവ താഴെ പറയുന്നവയാണ്.

(൧) തിരുവിതാംകൂർവിഭാഗത്തിലെ പെൻഷൻകാരുടെ ഡീയർനസ് അലവൻസ് കൊച്ചി വിഭാഗത്തിലെ പെൻഷൻകാർക്ക് അനുവദിച്ചിട്ടുള്ള തോതിൽ ഉയർത്തുക.

(൨) രൂപായിൽ ഏട്ടുകാശു കുറയ്ക്കാതെ പെൻഷൻതുക ഇൻഡ്യൻ രൂപായിൽ കൊടുക്കുക.

(൩) ഉദ്യോഗത്തിൽനിന്നും വിരമിച്ചാൽ ഉടനേതന്നെ ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ അനുവദിച്ചുകൊടുക്കുക.

(൪) പെൻഷൻപററിയ ഉദ്യോഗസ്ഥന്മാരിൽ പ്രാപ്തിയുള്ളവരെ നാൺപെൻഷനബിൾ ഉദ്യോഗത്തിൽ നിയമിക്കുക.

(൫) പെൻഷൻകാരുടെ കുട്ടികൾക്കു ഫീസ്സൗജന്യം അനുവദിക്കുക.

(സി) (൧) തിരുവിതാംകൂർ വിഭാഗത്തിലെ പെൻഷൻകാരുടെ ഡീയർനസ് അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു. വ്യവസ്ഥയനുസരിച്ചു് ഒരു ഉദ്യോഗസ്ഥന്റെ പെൻഷൻതുക കണക്കാക്കുന്നതു് ഉദ്യോഗത്തിൽനിന്നും വിരമിക്കുമ്പോൾ ആ ഉദ്യോഗസ്ഥനു് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തെ അടിസ്ഥാനമാക്കിയാണു്.

(൨) സക്കാർ രൂപായിൽ ശമ്പളം ലഭിച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ അനുവദിച്ചതും സക്കാർ രൂപയിലായതുകൊണ്ടു് അവരുടെ പെൻഷൻതുക ഇൻഡ്യൻ രൂപയിൽ അനുവദിച്ചുകൊടുക്കുന്നപക്ഷം അതു് പെൻഷൻതുക കൂട്ടുന്നതിനു് തുല്യമായിരിക്കുന്നതും ചട്ടപ്രകാരം അനുവദനീയമല്ലാത്തതുമാകുന്നു.

(൩) ഉദ്യോഗത്തിൽനിന്നും വിരമിച്ച ഒരു മാസത്തിനകം അതാതു് ഉദ്യോഗസ്ഥന്മാക്കു് പെൻഷൻ അനുവദിച്ചുകൊടുക്കണമെന്നു് നിഷ്കർഷിച്ചുകൊണ്ടു് ൧൯൫൨ ഏപ്രിൽ ൨൩-ാം൹ ഫിനാൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടു്. അതിന്റെ ഒരു പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(൪) പെൻഷൻപററിയ ആളുകളെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതു് ഉദ്യോഗലബ്ധിക്കുവേണ്ടി കാത്തുനിൽക്കുന്നവരുടെ ഇടയിൽ പ്രതിഷേധം ഉണ്ടാക്കുന്നതാണു്.

(൫) സർവീസിൽ ഇരിക്കുന്നവരുടെ മക്കൾക്കുപോലും ഫീസ്സൗജന്യം നൽകാത്ത സ്ഥിതിക്കു് പെൻഷൻകാരുടെ മക്കൾക്കു് ഫീസ്സൗജന്യം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : സർവീസിൽ ഇരിക്കുന്നവക്കു സക്കാർരൂപായിൽ ശമ്പളം കൊടുത്തുവന്നിരുന്നതു് ഇൻഡ്യൻരൂപ ആക്കിട്ടുണ്ടു്. ആ സ്ഥിതിക്കു് ഇവരുടെയും പെൻഷൻ ഇൻഡ്യൻ നാണയത്തിൽ ആക്കിയാൽ എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് പെൻഷൻകാരുടെ പെൻഷൻ കൂട്ടുന്നതിനു തുല്യമാണു്. അതുകൊണ്ടു് അതു് നിയമവിരുദ്ധമല്ല.

---

* Please see Appendix

ശ്രീ. ടി. കെ. ദിവാകരൻ: പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ കൊച്ചിയിൽ നിലവിലിരിക്കുന്ന റൂൾസ് അനുസരിച്ചല്ലേ കൊച്ചിക്കാർക്ക് കൊടുക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കാര്യത്തിൽ ഇപ്പോഴം രണ്ടുവിധം റൂൾസ് ഏഴതിവച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ബഡ്ജറ്റിൽ പെൻഷൻതുക കൂട്ടുന്നതിന് ഏതെങ്കിലും തുക കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പെൻഷൻതുക കൂട്ടുന്ന കാര്യം ആലോചനയിൽ ഇരിക്കുകയാണ്. തീരുമാനിച്ചുകഴിഞ്ഞാൽ മാത്രമേ ബഡ്ജറ്റിൽ കൊള്ളിക്കുകയുള്ളു.

ശ്രീ. എ. താണുപിള്ള: ൧൧൨൫ ഏപ്രിലിൽ അയച്ച ഒരു സർക്കുലർ അനുസരിച്ച് ഉദ്യോഗസ്ഥന്മാർ ജോലിയിൽനിന്നു പിരിഞ്ഞാൽ ഒരു മാസത്തിനകം പെൻഷൻ കൊടുക്കേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എ. താണുപിള്ള: റിട്ടയർചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കെല്ലാം ഒരുമാസത്തിനകം പെൻഷൻ അനുവദിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുപോലെയുള്ള പല കാര്യങ്ങളും ചെയ്തിട്ടുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: പെൻഷൻകാരുടെ ശമ്പളം ഇൻഡ്യൻരൂപയാക്കിയാൽ എത്ര രൂപ കൂടുതൽവേണ്ടിവരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് കണക്കാക്കിയിട്ടില്ല. അങ്ങനെ ഒന്നിനെപ്പറ്റി ആലോചിച്ചിട്ടേയില്ല.

ശ്രീ. ആർ. കേശവപിള്ള: കൊച്ചിയിലെ അലവൻസും തിരുവിതാംകൂറിലെ അലവൻസും തമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ മുപ്പതുരൂപവരെ പെൻഷൻ കിട്ടുന്ന ഒരാൾക്ക് ൪രൂപ, മുപ്പതിൽ കൂടുതൽ നൂറിനു താഴെയാണെങ്കിൽ, ആറുരൂപ, നൂറിൽ കൂടുതലാണെങ്കിൽ, പെൻഷനും അലവൻസും കൂട്ടിയാൽ ൧൦൬ രൂപയിൽ കവിയാതെ വരുന്നതുക, ൧൦൬ രൂപയിൽ കൂടുതലുള്ളവർക്ക് അലവൻസില്ല.

കൊച്ചിയിലാണെങ്കിൽ, ൫ രൂപയിൽ താഴെയുള്ളവർക്ക് കിട്ടുന്ന പെൻഷനോളംതന്നെ ഡീയർനസ് അലവൻസ് കിട്ടും. ൫ രൂപമുതൽ ൨൦രൂപവരെ ൧൦രൂപ ഡീയർനസ് അലവൻസ്. ൨൦ രൂപയ്ക്കു മീതെ പെൻഷൻ ഉള്ളവർക്ക് ൧൧ രൂപ നാലണയോ, അല്ലെങ്കിൽ പെൻഷന്റെ ൫ ശതമാനമോ ഏതാണു മിച്ചമെന്നുവച്ചാൽ അതു്. അതു തുടന്നു ൩൦൦രൂപവരെയ്ക്കും ഉണ്ട്. ൩൦൦ രൂപയിൽ കൂടുതലുള്ളവർക്ക് അലവൻസില്ല. ഇങ്ങനെയാണ്. താരതമ്യേന കണക്കാക്കിയാൽ, ഇവിടത്തെക്കാൾ കൊച്ചിയിലെ പെൻഷൻകാർക്ക് ആനുകൂല്യം കൂടുതലാണ്.

ശ്രീ. ആർ. കേശവപിള്ള: ഇവിടെയുള്ള പെൻഷൻകാരുടെ കാര്യത്തിൽ പ്രത്യേകം നിഷ്കർഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി നിഷ്കർഷയായി ആലോചിക്കാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: പെൻഷൻ കൂട്ടുന്നതിനുവേണ്ടിയെങ്കിലും, ശമ്പളം വർദ്ധിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പെൻഷനെ സംബന്ധിച്ചിടത്തോളം ഒരു സർക്കുലർ അയച്ചിട്ടുണ്ട്. അതിനെപ്പററി ആലോചിച്ചുവരുന്നു.

ശ്രീ. സി. അച്യുതമേനോൻ: കൊച്ചിയിലെ പെൻഷൻകാർ, പെൻഷൻ കൂട്ടിക്കിട്ടണമെന്നും, ഡീയർനസ്സ് അലവൻസ് വർദ്ധിപ്പിക്കണമെന്നും, കാണിച്ച് നിവേദനം അയയ്ക്കുകയുണ്ടായോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായി.

ശ്രീ. സി. അച്യുതമേനോൻ: ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് കൊടുക്കുന്ന അലവൻസിന്റെ തോതു അനുസരിച്ച് പെൻഷൻകാർക്കും അനുവദിച്ചു കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകാലത്തു് ഉദ്യോഗസ്ഥന്മാരുടെ ഡീയർനസ്സ് അലവൻസ് പെൻഷൻകാർക്കും കിട്ടണമെന്ന് കൊച്ചീക്കാർ ആവശ്യപ്പെട്ടു. അതനുസരിച്ചാണ് ഒരു സർക്കുലർ ഉണ്ടായിട്ടുള്ളതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അതിനെസംബന്ധിച്ച് ഗവൺമെന്റിന്റെ നിലയെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെസംബന്ധിച്ച് തിരുവിതാംകൂർകാരുടെ കാര്യം കഴിഞ്ഞിട്ടേ നോക്കുകയുള്ളു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഒരുമാസത്തിനകം പെൻഷൻ കൊടുക്കണമെന്ന് ഉത്തരവുണ്ടായി. അതനുസരിച്ച് കാലതാമസംവരുത്താതെ പെൻഷൻ കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉത്തരവനുസരിച്ച് കൊടുത്തിട്ടില്ലെങ്കിൽ തെററാണ്.

Manure and Agricultural Implements.

* 879. [16] **Shri K. Madhavan Unnithan:** Will the Minister for Agriculture be pleased to state:

(a) whether it has been brought to the notice of Government that paddy cultivators are often finding it laborious and costly to purchase manure and agricultural implements;

(b) is there any proposal under consideration to make them more easily available at nearby depots?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) No.

(*b*) No.

ശ്രീ. കെ. മാധവനുണ്ണിത്താൻ: വളം ആവശ്യമുള്ളവർക്ക് വായ്പയായി കൊടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പറ്റി ആലോചിക്കാം.

மீன் உலர்த்தல்.

*880. [17] ஸ்ரீ. ஏ. ஸாம்ராஜ்: கீழ்குறிப்பிடும் வினாக்களுக்கு பிரதான மந்திரி அவர்கள் விடை பகர்வார்களாக:

(ஏ) கன்னியாகுமரியில் நவீன முறையில் மீன் உலர்த்தும் நிலையம் எப்பொழுது பூர்த்தியாக்கப்பட்டு வியாபாரிகளுக்கு வாடகைக்கு கொடுக்கப்படும்;

(பி) ஒவ்வொரு முறிகளுக்கும் எவ்வளவு வாடகை வசூலிக்க அரசாங்கம் நிச்சயித்திருக்கிறது;

(ஸி) தென் திருவிதாங்கூரில் மீன்பிடித்தொழிலாளருக்கு மீன் இலாகா பிரயோஜனகரமாக என்னவெல்லாம் இதுவரை செய்திருக்கிறது?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) The construction of the Model Fish Curing Yard at Cape Comorin is now almost complete. The only work that remains to be done is the installation of the pump and pipe lines for the supply of water. It is expected that the yard can be placed at the disposal of the curers during this fishing season itself.

(*b*) The matter is under consideration.

(*c*) The department has been supplying salt for the use of the curers at subsidised rate. Timber for the construction of boats and catamarans for fishing was being supplied at the single seigniorage rate of 12 annas a c. ft. Yarn for making and mending nets was also being distributed at the controlled rate. A model fish curing yard is being constructed at Cape Comorin to demonstrate to the curers of South Travancore better methods of fish curing on scientific lines.

ஸ்ரீ. ஏ. ஸாம்ராஜ்: கன்னியாகுமரியிலுள்ள மீன்பிடித்தொழிலாளர்களுக்கு, வீடு வசதிகள் செய்து கொடுக்கப்படவில்லை என்று பராதி வந்ததுண்டா?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ചോദ്യത്തിന്റെ ഉത്തരത്തിൽനിന്ന് അതു പറയുവാൻ നിവൃത്തിയില്ല. അന്വേഷിച്ചു പറയാം.

ശ്രീ. എ. കുഞ്ഞൻനാടാർ: ഫിഷ് ക്യൂറിംഗ് യാർഡ് പൂർത്തിയാക്കി എൻ ഐ എ സെപ്റ്റംബർമാസത്തിലാണ് മറുപടി വന്നതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇപ്പോഴും അറിവില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: അതിനു വാടക നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവണ്മെൻറാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഗവണ്മെൻറിന്റെ ഏതു ആഫീസറാണു് അതു നിശ്ചയിച്ചതു്, മിനിസ്റ്ററോ; ആഫീസറോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏതു ആഫീസറാണെന്നു പറയുവാൻ തരമില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഫിഷ്ക്യൂറിംഗ്‌യാർഡിൽ കൂടുതൽ നഷ്ടം വരുന്നുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മെംബർ പറയുന്നതു വിശ്വസിക്കുന്നു. അതു് വളരെ കാര്യമായി ശ്രദ്ധിക്കാം.

ശ്രീ. എ. കുഞ്ഞൻനാടാർ: അതുകൊണ്ടു് ഉടനെതന്നെ അതു അവർക്കു് വാടകയ്ക്കു കൊടുക്കാൻ ഭയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എ. കുഞ്ഞൻനാടാർ: ഫിഷ്ക്യൂറിംഗ്‌യാർഡിനുള്ള ചെലവു് ഇൻഡ്യാഗവണ്മെൻറിന്റെ ചെലവാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മെംബർ പറഞ്ഞതു് വിശ്വസിക്കാം. കുറെ ചെലവു് നമ്മുടെ ഗവണ്മെൻറിനുമുണ്ടു്.

Shri P. S. Nataraja Pillai : May I know the year in which the construction of the building was begun in this fish curing yard ?

Shri Kalathil Velayudhan Nair : In 1946.

Shri P. S. Nataraja Pillai : May I know the total cost of construction ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧,൬൦,൦൦൦ രൂപ.

Shri P. S. Nataraja Pillai : How many times has that building been constructed by the Department ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒന്നിലധികം പ്രാവശ്യം കെട്ടിയതായിട്ടു് ഇതിൽ നോക്കിയിട്ടു കാണുന്നില്ല.

Shri P. S. Nataraja Pillai : May I know from the hon. Minister whether the building after having been tiled, fell down?

Shri Kalathil Velayudhan Nair : I am not aware.

Shri P. S. Nataraja Pillai : Does the hon. Minister know that the Chief Engineer inspected the building the very day this incident occurred ?

Shri Kalathil Velayudhan Nair: I am not aware of that too.

ശ്രീ. എ. കെ. ചെല്ലയ്യാ: തിട്ടപ്പെടുത്തുന്നതു കൺട്രാക്ടർ വഴിക്കോ ഗവണ്മെന്റു നേരിട്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെന്റു നേരിട്ടു ചെയ്യുന്ന ഏർപ്പാടില്ല.

ടെക്നിക്കൽ പോസ്റ്റുകൾ.

*൭൭൧. [൧൭] ശ്രീ ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പിസ്റ്റുകൾ, സ്റ്റെനോഗ്രാഫറന്മാർ എന്നിവരുടെ ഉദ്യോഗങ്ങൾ ടെക്നിക്കൽ പോസ്റ്റാണെന്നു കാണിച്ചു ഗവണ്മെന്റ് ഉത്തരവുണ്ടായിട്ടുണ്ടോ;

(ബി) അവർക്കു സാധാരണഗതിയിൽ പ്രമോഷൻ നൽകാറുണ്ടോ;

(സി) ഇല്ലെങ്കിൽ ഈവിധ നിയന്ത്രണം നീക്കാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ടൈപ്പിസ്റ്റുമാർ, സ്റ്റെനോഗ്രാഫർമാർ എന്നിവർ രണ്ടു വിഭിന്നഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരായിട്ടാണ് പബ്ളിക്ക് സർവീസ് നിബന്ധനകളിൽ കാണിച്ചിരിക്കുന്നതു്.

(ബി) ഉണ്ടു്. ഓരോ വിഭാഗത്തിനും പ്രത്യേകമായി.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീപാദം വസ്തുക്കൾ.

*൭൭൨. [൧൯] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവക, ശ്രീപാദം വസ്തുക്കൾക്കു ഒരു ഏക്കറിനു ജന്മികരം എന്തു കരമാണു ഈടാക്കിവരുന്നതു്;

(ബി) ഈ നികുതി കുറച്ചു് എല്ലാ വസ്തുവിനും അടിസ്ഥാന നികുതി ഏർപ്പെടുത്താൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

Minister for Revenue (**Shri A. Chidambaranatha Nadar**):

(a) So far as Edavagai lands are concerned, the assessment varies from 7 to 15 fanams for garden lands and 5 Edangalies to 10 1|2 paras for wet lands.

For Sreepadom lands, the assessment is 1 rupee for garden lands and 21 paras for wet lands.

(b) The Land Enquiry Committee and the Land Policy Committee have recommended imposition of basic tax on these lands. These recommendations are under consideration now.

വിദ്യാർത്ഥികളുടെ ഫീസ്.

*൬൬൩. [൨൦] ശ്രീ. ററി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കൊച്ചിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ, ബി ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

മാർക്സിസ്ററ ഗ്രന്ഥങ്ങൾ.

*൬൬൪. [൨൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഗവണ്മെൻറിൽ നിന്നു സഹായധനം നൽകുന്ന ലൈബ്രറികളിൽ മാർക്സിസ്ററ ഗ്രന്ഥങ്ങൾ വാങ്ങാൻ പാടില്ലെന്നു ഗവണ്മെൻറ് വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഒരു നിർദ്ദേശം നൽകിയിട്ട് എത്രകാലമായി?

മരാമത്തും ഗതാഗതാവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) കമ്മ്യൂണിസം പ്രചരിക്കുന്നതിനു വളരെ സഹായം ചെയ്യുന്ന ഗ്രന്ഥങ്ങൾ ഗവണ്മെൻറ നൽകുന്ന ഗ്രാൻറ് ഉപയോഗിച്ചു വാങ്ങുന്നതു ശരിയല്ലെന്നു ലൈബ്രറി പ്രവർത്തകന്മാരെ അറിയിച്ചിട്ടുണ്ട്.

(ബി) രണ്ടുമൂന്നാഴ്ചകൾക്ക മുൻപാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഫാസിസത്തെ സംബന്ധിക്കുന്ന ഗ്രന്ഥങ്ങൾ വായനശാലകളിൽ വാങ്ങി സൂക്ഷിക്കുവാൻ സ്വാതന്ത്ര്യമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നിരോധിക്കാത്ത പുസ്തകങ്ങൾ സൂക്ഷിക്കുവാൻ സ്വാതന്ത്ര്യമുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: അങ്ങനെ നിരോധിച്ചിട്ടുള്ളതു് ഇൻഡ്യൻ ഭരണഘടനാവ്യവസ്ഥയ്ക്കു് വിരുദ്ധമാണെന്നറിയാമോ?

Mr. Speaker: That is too general a question. The same question has been put by the hon. Member more than half-a-dozen times. Next question please.

തൊഴിലില്ലാത്തവർക്ക് സൗജന്യറേഷൻ.

*൬൬൫. [൨൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കയർവ്യവസായത്തിലെ സ്തംഭനാവസ്ഥമൂലം തൊഴിലില്ലാതായിത്തീർന്നവർക്കു് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിന്നു തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് തയ്യാറാവുകയാണെങ്കിൽ അതിൽ ൫൦ ശതമാനം കേന്ദ്രഗവണ്മെൻറിൽ നിന്നു സഹായധനമായി നൽകുന്നതാണെന്നു കേന്ദ്രധനകാര്യവകുപ്പുമന്ത്രി പ്രസ്താവിച്ചതു് ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തുവെന്നു വ്യക്തമാക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അങ്ങനെ പ്രസ്താവിച്ചതായി ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ഈ ചോദ്യത്തിൻെറ ഉത്തരംകൊണ്ടു് ഇതു് ഉദിക്കുന്നില്ല.

പാഠപുസ്തകതിരഞ്ഞെടുപ്പു്.

* ൮൮൩. [൨൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിന്നു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ പ്രാവശ്യവും ഇതിന്നുമുമ്പിലത്തെ പ്രാവശ്യവും ടെക്സ്റ്റ്ബുക്കു കമ്മിററിക്കു് എത്ര പുസ്തകങ്ങളും പരിശോധനാഫീസായി എന്തു സംഖ്യയും ലഭിച്ചിരുന്നു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

൧൯൫൧-൫൨-ൽ ൪൯ പുസ്തകങ്ങളും. ൭൫൦ രൂപയും
൧൯൫൨-൫൩-ൽ, ൧൦൫൯ പുസ്തകങ്ങളും ൧൫൯൩൦ രൂപയും.

ഡാക്ടർ എൻ. എസ്സ്. പിള്ള: ഇത്രയും പുസ്തകങ്ങളിൽ അപ്രൂവു ചെയ്ത പുസ്തകങ്ങൾ എത്രയാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ പുസ്തകങ്ങളുടെ ലിസ്ററു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: വള്ളത്തോൾ, ശങ്കരക്കുറുപ്പു് എന്നിവരുടെ പുസ്തകങ്ങൾ അപ്രൂവു ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലിസ്റ്റിലുണ്ടെങ്കിൽ അതു് അപ്രൂവു ചെയ്തിട്ടുണ്ടു്.

കുടിയിറക്കുകൾ.

* ൮൮൧. [൨൪] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) നിയമവിരുദ്ധമായ കുടിയിറക്കുകൾ നടത്തുന്നവരുടെ മേൽ എന്തു നടപടിയാണു് സർക്കാർ സ്വീകരിക്കുന്നതു്?

(ബി) ഇതുവരെ ആ രീതിയിൽ എത്രപേരുടെ മേൽ നടപടി നടത്തിയിട്ടുണ്ട്;

(സി) അവരുടെ പേരുവിവരം ഈ സഭയെ അറിയിക്കുമോ?

Minister for Revennue (**Shri A. Chidambaranatha Nadar**): (a, b, and c): No unlawful eviction of kudikidappukar has so far been brought to the notice of either the Revenue Department or the Government.

கல்வி ஆசிரியர்களின் ஸ்டைபென்டு.

*888. [25] ஸ்ரீ. ஆர். பொன்னப்ப நாடார்: கீழ் காணும் வினவுக்கு கல்வி மந்திரி தயைகூர்ந்து விடை நல்குவாரா:

திருவிதாங்கூர் வாசிகளாகிய சர்க்கார் பள்ளிக்கூட ஆசிரியர்களுக்கும் கொச்சி வாசிகளாகிய சர்க்கார் பள்ளிக்கூட ஆசிரியர்களுக்கும் stipend ஒரே நிரக்குதானா; எவ்வளவு?

Minister for Works and Transport (**Shri Kalathil Velayudhan Nair**): Rates of stipend to graduate teachers are same in Travancore and Cochin areas. They are given their pay plus dearness allowance as stipend. But rates of stipend to undergraduate teachers are different in two areas. In Travancore they are given Rs. 20 per mensem. In Cochin they are given half the pay at the time of deputation subject to a minimum of Rs. 20 plus dearness allowance based on pay.

Shri R. Ponnappa Nadar: Will this be made uniform so far as the undergraduates are concerned?

Shri Kalathil Velayudhan Nair: The question can be considered, Sir.

ஆசிரியர்கள்ப் பயிற்சி.

*889. [26] ஸ்ரீ. ஆர். பொன்னப்ப நாடார்: கீழ் காணும் வினக்களுக்கு கல்வி மந்திரி தயைகூர்ந்து விடை நல்குவாரா?

(எ) திருவிதாங்கூரிலிருந்தும் கொச்சியிலிருந்தும் undergraduate உபாத்தியாயர் எத்தனைபேரை இந்தவருஷம் ஆசிரியப் பயிற்சிக்கு (training) அனுப்பப்பட்டிருக்கிறது;

(பி) மானேஜ்மென்ட் ஸ்கூல்களிலிருந்து எவ்வளவு; கவர்ன்மென்ட் ஸ்கூல்களிலிருந்து எவ்வளவு?

(ஸி) மானேஜ்மென்ட் ஸ்கூல் ஆசிர்யர்களுக்கும் கவர்ன்மென்ட் ஸ்கூல் ஆசிரியர்களுக்கும் stipend ஒரே நிரக்கில் தானா; எவ்வளவு?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) (and *b*) Admission to training schools has not been closed so far.

(*c*) There is no difference between the Government schools and the management schools so far as stipend rates are concerned. But there is difference in the rates between Travancore and Cochin. They are as follows :

Travancore.	*Cochin.*
Rs. 20 per mensem, no dearness allowance.	Half the pay subject to a minimum of Rs. 20 plus usual dearness allowance.

Shri R. Ponnappa Nadar : Will the rates be made uniform for Travancore and Cochin ?

Shri Kalathil Velayudhan Nair : That can be considered.

ട്രെയിനിംഗിനു തിരഞ്ഞെടുക്കുന്ന അദ്ധ്യാപകന്മാർ.

* വ്യൻ ൦. [വ ൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗവണ്മെൻറിൽനിന്നു് അദ്ധ്യാപകന്മാരെ ട്രെയിംനിംഗിനു തിരഞ്ഞെടുക്കുമ്പോൾ അവരുടെ സീനിയോറിററി പരിഗണിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കൊല്ലത്തിൽ എത്രയോ സീനിയർ അദ്ധ്യാപകന്മാരുടെ അപേക്ഷയെ തിരസ്കരിച്ചുകൊണ്ടു ജൂനിയർ അദ്ധ്യാപകന്മാരെ ബി. ടി. ട്രെയിംഗിനു് തിരഞ്ഞെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു ഗവണ്മെൻറിൻെറ പ്രത്യേകാനുമതിയോടുകൂടിയാണോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : എ. ബി. ഗവണ്മെൻറു സ്കൂളുകളെ സംബന്ധിച്ചിടത്തോളം സീനിയാറിട്ടി മാത്രം പ്രമാണമാക്കിയാണു അദ്ധ്യാപകരെ ട്രെയിനിംഗിനു എടുക്കുന്നതു്. പ്രൈവററ്സ്കൂളുകളുടെ കാര്യത്തിൽ സീനിയാറിട്ടിയോടൊപ്പം പ്രത്യേകം സ്കൂളുകളിലെ ആവശ്യകതയുംകൂടി നോക്കേണ്ടിവരുന്നുണ്ടു് അതനുസരിച്ചു ട്രെയിനിംഗ് സിദ്ധിച്ച അദ്ധ്യാപകർ ചുരുക്കം ചില സ്കൂളുകളിലെ അദ്ധ്യാപകർക്കു ആപേക്ഷികമായി സർവീസു കുറഞ്ഞിരുന്നാലും സ്കൂളിൻെറ ആവശ്യത്തെ പുരസ്കരിച്ചു മുൻഗണന കിട്ടുന്നു. എന്നാൽ ഒരേ സ്കൂളിൽനിന്നു സീനിയാറിട്ടി വിഗണിച്ചു തെരഞ്ഞെടുപ്പു നടത്തിയിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അഞ്ചും ആറും കൊല്ലം സർവ്വീസുള്ള അദ്ധ്യാപകന്മാരെ തെരഞ്ഞെടുക്കാതിരുന്ന അവസരത്തിൽരണ്ടു കൊല്ലംമാത്രം സർവ്വീസുള്ളവരെ തെരഞ്ഞെടുത്തിട്ടുള്ളതായി അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതാണു പ്രൈവററസ്കൂളുകളുടെ കാര്യത്തിൽ സീനിയാറിട്ടിയോടൊപ്പം പ്രത്യേകം സ്കൂളുകളിലെ ആവശ്യകതയും കൂടി നോക്കിയിരുന്നുവെന്നു പറഞ്ഞതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഗവണ്മെൻറു സ്കൂളുകളുടെ കാര്യത്തിൽ അങ്ങനെ ചെയ്യാറുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇല്ല.

വിശ്വകമ്മാളരുടെ വിദ്യാഭ്യാസസൗജന്യം.

❋ വ്യൻ ഫ. [വ വ്യ] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിശ്വകമ്മാള സമുദായത്തിൽപ്പെട്ട ആശാരി, മൂശാരി, കരുവാൻ തട്ടാൻ, കമ്മാളൻ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക പണ്ടത്തെ കൊച്ചിൻസ്റ്റേററിൽ നൽകിവന്നിരുന്ന ഫീസുവേണ്ടാ എന്ന സൗജന്യം നിറുത്തലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്തു് ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ) : നിറുത്തലാക്കിയിട്ടില്ല. എന്നാൽ നിർദ്ധനതാ സർട്ടിഫിക്കററ അനുസരിച്ചു അവിടെ ഓരോ ക്ലാസിലും ഈരണ്ടുവർഷത്തിൽ കവിയാതെ പകുതിഫീസു സൗജന്യം അനുവദിച്ചിരുന്നു. അതിനുപകരം ഇപ്പോൾ നിർദ്ധനതാ സർട്ടിഫിക്കററ അനുസരിച്ചു ഓരോ ക്ലാസിലും ഓരോ വർഷം പൂർണ്ണമായ ഫീസുസൗജന്യം അനുവദിച്ചിട്ടുണ്ടു്.

WRITTEN ANSWERS.

വെററിനറി ഡയറക്ടർ.

❋ വ്യൻവ. [വ ൻ] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വെററിനറി ഡയറക്ടർക്ക് ഫൻ ർൻ-ൠ ൦, ഫൻ ൠ ൦-ൠ ഫ എന്നീ വർഷങ്ങളിൽ എത്ര രൂപാ ടി. ഏ. ഇനത്തിൽ കൊടുത്തിട്ടുണ്ടു്;

(ബി) ഡയറക്ടർ ഈ വർഷത്തിൽ എത്ര പ്രാവശ്യം തൃശ്ശൂർ ഔദ്യോഗികമായി സന്ദർശിച്ചിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഫ ൻ ർൻ-ൠ ൦-ൽ ഫ ൦ ൧ വ്യ-ന്ദ-൭. ഫ ഫ ൠ ൦ ൠ ഫ-ൽ വ വ വ്യ ൠ-ഫ ഫ-൦.

(ബി) രണ്ടു്.

വെററിനറി ഡിപ്പാർട്ടുമെൻറ്.

❋ വ്യൻന. [ന ൦] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെററിനറി ഡിപ്പാർട്ടുമെൻറിലെ പുനഃസംഘടനാ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) എത്ര പുതിയ ഉദ്യോഗങ്ങൾ അനുവദിച്ചിട്ടുണ്ടു് ;

(സി) ആരെയൊക്കെയാണ് ഈ ഉദ്യോഗങ്ങളിൽ നിയമിച്ചതു ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) പുനഃസംഘടനാപദ്ധതിയനുസരിച്ച് പുതിയ ഉദ്യോഗങ്ങൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. എന്നാൽ ഇൻഡ്യാഗവമ്മെൻറിൽ

നിന്നും, ഇൻഡ്യാഗവൺമെന്റിന്റെ കാർഷിക ഗവേഷണവകുപ്പിൽ നിന്നും, നിർദ്ദിഷ്ടങ്ങളായ ചില പദ്ധതികളുടെ നടത്തിപ്പിനായി ചില നിയമനങ്ങൾ ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്.

(സി) വെറ്ററിനറി സർജ്ജൻ ശ്രീ. പാം ജോസഫിനെ പൗൾട്രി ഡെവലപ്പുമെന്റ് സ്കീമിൽ പൗൾട്രി ആഫീസർ ആയും, ലൈവ്സ്റ്റോക്ക് ഡെവലപ്പുമെന്റ് ആഫീസർ ശ്രീ. എം. സുബ്രഹ്മണ്യം, വെറ്ററിനറി ഇൻസ്പെക്ടർ ശ്രീ. രാജൻ, വെറ്ററിനറി സർജ്ജൻ ശ്രീ. ഇട്ടപ്പ് ജയിംസ് എന്നിവരെ Scheme for Key farm centres-ൽ കൃത്രിമ ബീജോൽപാദന ഉദ്യോഗസ്ഥന്മാരായും (Artificial Insemination Inspectors) ശ്രീരാമനാഥനെ വയലട്കി വില്ലേജ് സ്കീമിൽ ലൈവ് ഇൻസ്പെക്ടറായും നിയമിച്ചിട്ടുണ്ട്. കൂടാതെ നെയ്യാറ്റിൻകര, വിളവംകോട്ട് കമ്മ്യൂണിറ്റി പ്രൊജക്ടിൽ, അസിസ്റ്റന്റ് പ്രോജക്ടാഫീസർ ആയി തിരുവനന്തപുരം വെറ്ററിനറി ഇൻസ്പെക്ടർ ശ്രീ. പത്മനാഭനേയും, കുന്നത്തുനാട്-ചാലക്കുടി പ്രോജക്ടിൽ വെറ്ററിനറി ആഫീസർ ആയി ശ്രീ. ശിവദാസമേനോനേയും ഈയിടെ നിയമിച്ചു.

Driving.

※ 894. [32] **K. Sattanatha Karayalar** : Will the Minister for Home Affairs be pleased to state :

(a) the number of cases registered for rash and negligent driving in the past one year ;

(b) the number of cases for driving without licence; and

(c) how many cases were booked in the Quilon—Shencottah and Trivandrum—Shencottah roads ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(a) 584.

(b) 160.

(c) 65 and 162 respectively.

Model Farms.

※ 895. [33] **Shri K. Sattanatha Karayalar** : Will the Chief Minister be pleased to state :

(a) the number, the place and the type of model farms run by the Agricultural Department;

(b) which are the farms growing food crops , garden crops and commercial crops respectively ; and

(c) what are the profits from each of these farms during the years 1949—50 and 51.

Chief Minister (**Shri A. J. John**) :

(a) No model farms as such are run by the Agricultural Department. There are a few experimental and demonstration stations under the Agriculture Department.

(b) *Farms growing food crops.*

(1) Government Central Farms, Ollukara.
(2) Experimental Farm, Perurkada.
(3) Paddy Farm, Nagercoil.
(4) Experimental Farm, Puliyara.
(5) Paddy Breeding Station, Moncompu and
(6) Do. do. Adoor.

Farms growing Garden Crops.

(1) The Government Fruit and Vegetable Farm, Nelliampathies.
(2) The Coconut Experimental Station, Vytila.
(3) The Fruit Farm, Cape Comorin.
(4) The Government Central Farm, Ollukara.
(5) The Fxperimental Farm, Perurkada and
(6) The Experimental Farm, Puliyara.

Farms growing Commercial Crops.

(1) The Government Fruit and Vegetable Farm, Nelliampathies.
(2) Agricultural Station, Kottiyam.

(c) All the Farms are not run on a profitable basis. The following farms alone are run on profitable basis. The profits are:—

Name of Farm.	*1949—50.*	*1950—51.*
1. Central Farm, Ollukara.	Rs. 1,354.	Rs. 7,058.
2. Paddy Farm, Nagercoil.	Rs. 4,836.	Rs. 5,498.
3. Coconut Station, Ochira.	Rs. 730.	Rs. 789.
4. Do. Vytila.	Rs. 9,495.	Rs. 15,421.

Vacancies of Teachers' Posts.

※ 896. [34] **Shri R. Kesava Pillai**: Will the Minister for Education be pleased to state:

(a) the number of graduate and under-graduate vacancies of teachers' posts in the schools under the Education Department which existed at the time of closing the schools for summer vacation in the year 1952;

(b) the number of such vacancies since filled up after the re-opening of the schools on 2-6-1952?

Chief Minister (**Shri A. J. John**):

(a) Graduate teachers—Nil.
Under graduate teachers—300.

(b) Graduate—Nil.
Undergraduate— 60.

മന്ത്രിമാരുടെ സഞ്ചാരപരിപാടി.

* ൮൬ ൭. [൪൦] ശ്രീ. കെ. ജെ. താമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട മന്ത്രിമാർ ഔദ്യോഗികമായി സഞ്ചരിച്ചു പോകുമ്പോൾ അവർ സഞ്ചരിക്കുന്ന നിയോജകമണ്ഡലത്തിലെ എം. എൽ. എ. മാരെക്കൂടെ മുൻകൂട്ടി അവരുടെ സഞ്ചാരപരിപാടി അറിയിക്കുന്ന പതിവ് ഉണ്ടോ ;

(ബി) ഇപ്പോൾ മന്ത്രിമാർ അവരുടെ സഞ്ചാരപരിപാടി മുൻകൂട്ടി ആരെയൊക്കെ അറിയിക്കാറുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ചില സന്ദർഭങ്ങളിൽ അറിയിക്കാറുണ്ട്. എന്നാൽ എല്ലാ പ്രാവശ്യവും അറിയിക്കാറില്ല.

(ബി) ഔദ്യോഗികമായി ആവശ്യം എന്നു തോന്നുന്ന ഉദ്യോഗസ്ഥന്മാരെയും, എം. എൽ. എ. മാരെയും കൂടി മുൻകൂട്ടി അറിയിക്കാറുണ്ട്.

UNSTARRED QUESTIONS.

ഇൻസ്പെക്ടർ ശ്രീ. ദിവാകരൻെറ പേരിൽ പരാതി.

൨൪൫. [൫] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യ മന്ത്രി മറുപടി നൽകുമോ :

(എ) വക്കം പോലീസ് ഇൻസ്പെക്ടർ ശ്രീ. ദിവാകരൻെറ പേരിൽ എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ;

(ബി) ശ്രീ. വി. പരമേശ്വരൻ നായർ എം. പി. ടി ഇൻസ്പെക്ടരുടെ പേരിൽ പരാതി അയച്ചിട്ടുണ്ടോ ;

(സി) പരാതികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) അന്വേഷണം നടത്തിയതു് ആരാണ് ;

(ഇ) അന്വേഷണഫലം എന്താണ് ?

ഉത്തരം.

(എ) നാലു്.

(ബി) ഇല്ല.

(സി) ഉവ്വ്.

(ഡി) തിരുവനന്തപുരം റൂറൽ എ. എസ്സ്. പി.

(ഇ) പരാതികളിൽ മൂന്നെണ്ണം അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു; ഒന്നിൻെറ അന്വേഷണം പൂർത്തിയായിട്ടില്ല.

Kayanad Primary School Sweeper.

242. [4] **Shri N. P. Verghese**: Will the Chief Minister be pleased to state:

(a) when was the sweeper for Kayanad primary school in Muvattupuzha Division appointed ;

(b) has he been working for the last two years without receiving his pay; and

(c) what is the delay in sanctioning it due to ?

Answer.

(a) On 7-8-1950, the date of opening of the Primary school in question.

(b) and (c) There was some delay in disbursing the pay as the question of Contingent expense for the school had to be decided before claiming the salary. But arrangements have now been made to disburse the salary.

Complaint of Corruption.

243 [13] **Shri K. M. Chandy** : Will the Minister for Home Affairs be pleased to state :

(a) whether the Government have received any complaint of corruption against Head Constable Krishna Pillai of the Ettumanoor Police Station; and

(b) if so, what action has been taken in that matter ?

Answer.

(a) No.

(b) Does not arise.

Complaint of Corruption.

244. [14] **Shri K. M. Chandy** : Will the Minister for Home Affairs be pleased to state :

(a) Whether the Government have received any complaint of corruption against Head Constable Varghese and two other Constables of the Meenachil Police Station;

(b) whether the Government have enquired into the complaint ; and

(c) if so, what is the result of the enquiry ?

Answer.

(a) Yes.

(b) and (c) The matter is under enquiry.

ADJOURNMENT MOTION.

12 noon]

Mr. Speaker: Order. order. The time for interpellation is over Now I will ask the hon. Minister for Labour, if he has

got anything to say, about the alleged lock-out at the Mineral Company, Chavara.

Shri Panampilli Govinda Menon: Sir, there has been no lock-out in the Minerals Company at Chavara. On the 14th of this month certain personnel belonging to plant-fititng both mechanical and electrical staged a staying-in strike at 3 P. M. On account of that strike the Manager said that he could not carry on work unless the strike is called off. That is what has happened.

Mr. Speaker: It is a matter on which nobody can talk. The hon. Member who tabled the motion has asserted certain facts. Those facts have been denied by the hon. Minister in charge of the Labour Department. Since facts are disputed the Speaker cannot find his way to allow an Adjournment Motion on this question. Therefore, the motion is ruled out of order.

THE TRIVANDRUM CITY MUNICIPAL ACT (AMENDMENT) BILL

Shri Nedumangad R. Kesavan Nair: Sir, I beg leave to introduce the Trivandrum City Municipal Act (Amendment) Bill.

Shri N. P. Varghese: I second it.

The motion for leave to introduce the bill was put and carried.

Leave was granted.

Shri Nedumangad R. Kesavan Nair: Sir, I beg to introduce the Trivandrum City Municipal Act (Amendment) Bill.

Mr. Speaker: The Bill stands introduced.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Resolution re: Licence for Rice Mills—(*contd.*)

Mr. Speaker: We were discussing last day the motion relating to licences for Rice Mills. The hon. Minister in charge was replying. He may continue his reply.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) സർ, ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു് ഇപ്പോൾ കൊടുത്തിട്ടുള്ള ലൈസൻസുകൾ ഒക്കെ ക്യാൻസൽ ചെയ്യണമെന്നാണു്. ഇപ്പോൾ ലൈസൻസു് കൊടുത്തിട്ടുള്ളതു് കർഷകരുടെ പക്കൽ നിന്നു് ഗവണ്മെന്റിലേക്കു എടുക്കുന്ന നെല്ലു് കുത്തുന്നതിനു വേണ്ടിയാണു് അതു് ഗവണ്മെന്റിന്റെ ആവശ്യപ്രകാരം തുടങ്ങിയിട്ടുള്ള മില്ലുകളുമാണു്. ആ മില്ലുകളുടെ ലൈസൻസു കാൻസൽചെയ്യുക സാദ്ധ്യമല്ല. എന്നാൽ പ്രൊക്യൂർമെന്റിന്റെ കാര്യത്തിൽ ഒരു പുതിയ നയം ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടു്. ഭക്ഷ്യകാര്യത്തെപ്പറ്റി ഇവിടെ വാദപ്രതിവാദം ഉണ്ടായ അവസരത്തിൽ ഞാൻ അതു ഇവിടെ പ്രസ്താവിച്ചു. ആ പുതിയ നയത്തിന്റെ ഒരു പരിപാടിയായിട്ടു റൈസ്മില്ല് തുടരണമോ വേണ്ടയോ എന്നുള്ളതു ഗവണ്മെന്റു് അപ്പോൾ ആലോചിക്കുന്നതാണു്. ബഹുമാനപ്പെട്ട മെംബർ അവതരിപ്പിച്ച ഈ പ്രമേയം ഗവണ്മെന്റിനു് സ്വീകരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഈ പ്രമേയത്തെ ഗവണ്മെന്റു് എതിർക്കുന്നു.

Shri P. S. Nataraja Pillai: Sir, I am supporting the resolution moved by Mr. Sankar. Sir, it was practically admitted by the hon. Minister that it would be better in the interests of the people as a whole not to allow rice mills to function in this country. That was more or less conceded. But what I understand is, that having allowed the mills to come into existence, it will not be right on the part of the Government to cancel the licences at present. Sir, if substantially the thing is injurious to the country, we should not stand on technicalities but should make bold to withdraw the licences. If the Government and the people are convinced that if by allowing Mills to function, we are causing an injury to the people as a whole, so far as their health and economic conditions are concerned, I think that we are entitled to revise the decisions previously taken by the Government. Now, after all, the resolution contemplates only a request for the revision of the position. Sir, it was argued that by establishing these Mills the economic condition of the poor people will be affected to a very large extent. That is based on the argument that you are depriving a certain section of the people of the employment they are having as a household industry or occupation. We know, Sir, at least in the Trivandrum Division with which I am more acquainted that, hand pounding of paddy is a household occupation which gives a kind of return for the women who are engaged in that, making a substantial addition to their starvation income which they are having from other sources. For centuries we were depending upon hand-pounded rice giving occupation to a certain section of the people and really allowing them a means of livelihood. Why should we deprive them of that occupation, by installing machines and creating further unemployment. I am not one, Sir, who is opposed the idea of mechanisation, but at the same time, in a country like ours where the question of unemployment is a very serious one and where adequate employment is even impossible in the near future and partialemployment is only possible, is it wise, Sir, to create unemployment among a section of the people? Why should we create a situation inwhich the only available employment of a section of the people is taken away. Therefore, on the question of economic mal-adjustment that would be created in a country like ours, where a large section of the people who implement their scanty resources by engaging themselves in this avocation, this decision of Government needs revision. I hold that it will be unjust and really hard to a section of the people to deprive them of their employment by installing machines for a purpose which will not advance the economic conditions of the people as a whole. Sir, it was conceded that by milling rice we lose a certain nutritious portion of the rice. And, it is held by nutrition authorities that rice produced by hand-pounding is superior to rice produced by milling machines. But it is not within the competence of the ordinary layman to say whether this is true or not. When experts agree that rice produced by hand-pounding is superior. When there is a majority of expert opinion on that side, I think that the general public would have to accept the proposition

that rice produced by hand-pounding is superior to that produced by milling. If that be so, it is a well-known fact that we as a class are under-nourished and our diet is not adequate to maintain our health.

Shri Nedumangad R. Kesavan Nair: Is the hon. Member aware that there is an opinion prevalent among experts on this question that rice produced by milling machines is less injurious to public health than that produced by hand-pounding?

Shri P. S. Nataraja Pillai: What little knowledge I possess on the question is based on pamphlets and treatises published by Public Health Institutions or other Research Institutions like the Coonoor Institute. I have found more experts agreeing on this question as stated by me.

ശ്രീ. ആർ. കേശവപിള്ള: പുഴുക്കലരി പൌണ്ടു ചെയ്യുമ്പോൾ അതിന്റെ വിററമിൻസ് പോകുന്നില്ലെന്നും ഉണക്കലരി പൌണ്ട് ചെയ്യുമ്പോൾ അതിന്റെ വിററമിൻസ് പോകുമെന്നും [illegible] റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

Shri P. S. Nataraja Pillai: I don't exactly remember the question that my hon. friend is giving. At any rate, I have formed my own impression. I am satisfied with my little knowledge that there is a majority of opinion among the experts that hand-pounded rice is superior to milled rice. I maintain that position. If that is contested by my hon. friend on the other side he can hold his own view on the matter.

Shri Nedumangad R. Kesavan Nair: I was just asking for a piece of information.

Shri P. S. Nataraja Pillai: One further fact that I want to bring to the notice of the House is, as so many people, in season and out of season, invoke the sacred name of the greatest man of the age, MahatmaGandhi, he has said that hand-pounded rice is superior to milled rice. He was definitely of opinion that not only in the matter of improving our economic condition but also in nutritional value it is superior.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഹാൻഡ്പൌണ്ടിംഗ് ഒരു കോട്ടേജ് ഇൻഡസ്ട്രിയായി ഡെവലപ്പ് ചെയ്ത് കൊണ്ടുവരുവാൻ ഈ ഗവണ്മെന്റ് മുമ്പ് ഉദ്ദേശിച്ചിട്ടുള്ളതായി മെമ്പർക്ക് അറിയാമോ?

Shri P. S. Nataraja Pillai: I do not know what the intention of the Government is.

Shri A. Kunjan Nadar: But Government themselves have conceded that hand-pounded rice is better.

Shri P. S. Nataraja Pillai: My position is fortified by the opinion of Mahatma Gandhi that hand-pounded rice is superior to milled rice. Then about the economic benefit also it is imperative that this section of the people engaged in hand-pounding of rice should not be deprived of their employment.

[Shri P. S. Nataraja Pillai]

Then, Sir, there is one other aspect which is germane to the discussion at present. Sir, we have not raised controls as a whole. We have not introduced free sale of paddy. Under the existing circumstances we still envisage a kind of control over the distribution of paddy. I had occasion to see how these rice mills function at the initial stage of the imposition of controls. Sir, orders fixing the maximum price were issued in 1946 or so. Then I myself had occasion on behalf of a Co-operative Society to procure rice for distribution in the Trivandrum centre when rice was so scarce. The mill has got more facility in cornering the stock than an ordinary producer. Suppose a contract for the milling of hundred bags of paddy is given. The mill is able to get 100 bags of rice replaced by black marketing which facility an ordinary producer cannot have. I have formed the impression which I have formed out of personal experience, that once you allow the mills to function in the production area, you are encouraging black market sales. Unless the control is lifted and free market is allowed, it is very difficult to control them and see that control orders are effectively enforced as far as paddy is concerned. Taking its nutritional value also, we find hand pounding is more advantageous. We find in the existing circumstances of unemployment and poor income, it is better to allow a class of people who are earning what they can by hand pounding, to earn their livelihood and thus eliminate further unemployment.

Sir, I have heard another argument in regard to this: that the mills will be allowed to mill only Government owned paddy. Sir, that also apart from creating unemployment to poor people who depend upon hand pounding will create other difficulties. Government stock and private stock owners of paddy cannot be easily distinguished. Therefore there is no use in restricting the mills to mill only Government owned paddy. On this ground also it will be absolutely wrong and unwise to instal rice mills in production centres. Now they have introduced a new mill in the production centre of Nanjinad. In 1946 we had more than a dozen mills functioning there. It was on Government orders that these mills were closed down. Now applications were invited to give licences. If Government accept the proposition that the establishment of rice mills is not advantageous to the country they must withdraw the licences granted and see that the poor people living on hand pounding are not deprived of their employment and at the same time the nutrient value of the food stuff is increased.

ശ്രീ. ഒ. സി. നൈനാൻ : സർ, നെല്ലുകുത്തുമില്ലുകളെ സംബന്ധിച്ചു രണ്ടുവിധത്തിലുള്ള അഭിപ്രായങ്ങളാണു ഇവിടെ ഉണ്ടായിട്ടുള്ളതു്. ഒന്നാമതു കൂടുതൽ മില്ലുകൾ സ്ഥാപിക്കുന്നതിനു അനുവാദം കൊടുക്കാമെന്നും, മറേറതു മില്ലുകൾ ഒട്ടുംതന്നെ അനുവദിക്കാൻ പാടില്ലെന്നുമുള്ളതാണു്. എന്റെ അഭിപ്രായത്തിൽ ഇതു രണ്ടിനും പ്രാധാന്യം കല്പിക്ക

ന്നില്ല. മില്ലിൽ കുത്തുന്ന അരിക്ക് അതിന്റെ പോഷകാംശത്തിൽ അധികന്യൂനതയും ഇല്ലാതാകുമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഞങ്ങളുടെ നാട്ടിൽ സാധാരണ പുഴുക്കലരിയാണ് ഉപയോഗിക്കാറുള്ളത്. അത്തരം അരിക്ക് യാതൊരു പോഷകാംശകുറവും ഞാൻ കാണുന്നില്ല. മില്ലുകളിൽ കുത്തുന്ന അരിയും സ്ത്രീകൾ ഉരലിൽ കുത്തുന്ന അരിയും സാധാരണയായിട്ടു ഞങ്ങളുടെ നാട്ടുകാർ ഉപയോഗിച്ചു പഴകിയിട്ടുള്ളതാണ്. ഒന്ന് മറ്റൊന്നിനെക്കാൾ മെച്ചമാണെന്നു പറയാൻ കാണുന്നില്ല. മില്ലിൽ കുത്തുന്ന അരിക്ക് തവിടു നിശ്ശേഷം പോകുന്നുവെന്ന പരാതിയാണെങ്കിൽ, അതു കുറയ്ക്കാനായിട്ടു അതിന്റെ ഒരു സ്ക്രൂ ശരിപ്പെടുത്തിയാൽ മതിയാകും. നെല്ലെടുപ്പു സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ ഇപ്പോഴത്തെ പാളിസിയനുസരിച്ചു തിരുവിതാംകൂർ-കൊച്ചിയെ മൂന്നു മേഖലകളായി തിരിക്കുകയും, ഓരോ മേഖലയിലും സ്വാതന്ത്ര്യമായി നെല്ലരികൾ കൈകാര്യം ചെയ്യാനുള്ള അവകാശം കൊടുക്കുകയും ചെയ്തിരിക്കെ, അതാതു മേഖലയിലുള്ള നെല്ലു കുത്തുന്നതിനും അവ വിൽക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു്. അങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നതു ശരിയാണെങ്കിൽ നെല്ലു കുത്തുന്നതിനുവേണ്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ റൈസ്മില്ലുകൾ അനുവദിക്കുന്നതിൽ എന്താണു തെറ്റുള്ളതു്? ശ്രീ. നടരാജപിള്ള ഇവിടെ പറയുകയുണ്ടായി, മില്ലുകൾക്കു ലൈസൻസു കൊടുത്താൽ തന്മൂലം നാട്ടിലുള്ള സ്ത്രീകൾക്കു പിഴപ്പില്ലാതാകുമെന്ന്. സർ, എന്റെ നാട്ടിലും സ്ത്രീകളുണ്ട്. നെല്ലുകുത്തിനെ മാത്രം ഒരു തൊഴിലാക്കിവച്ചു ജീവിതം നയിക്കുന്നവരല്ല അവർ. എല്ലാ തരത്തിലുമുള്ള കൂലിവേലകൾക്കും അവർ സന്നദ്ധരാണ്. കൃഷിസമയങ്ങളിൽ പുഞ്ചപ്പാടങ്ങളിൽ പോകുന്നതും, റോഡുകളിൽ പാലം പണി, മെയിൻറനൻസ് മുതലായ ജോലികൾക്കു ഭാര്യയും ഭർത്താവുമായിട്ട് ഒരുമിച്ചു ജോലിചെയ്യുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഇങ്ങനെ ജോലി ചെയ്യുന്ന സ്ത്രീകൾക്കു ദിവസം ഒന്നരയും രണ്ടും രൂപാവീതം കൂലി കിട്ടിക്കൊണ്ടിരിക്കുന്നു.

ശ്രീ. എം. എം. അബ്ദുൽഖാദർ: കൂലിവേല ചെയ്യാൻ വന്ന ഏതെങ്കിലും സ്ത്രീക്ക് മെംബർ ഒരു ദിവസത്തേക്കു രണ്ടുരൂപാ കൂലി കൊടുത്തിട്ടുണ്ടോ?

ശ്രീ. ഒ. സി. നൈനാൻ: ഞാൻ കൊടുക്കുന്നുണ്ടെന്നല്ല പറഞ്ഞതു്. കൂലിവേല ചെയ്യാൻ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം വേതനം നൽകിക്കൊണ്ടിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടെന്നാണു പറഞ്ഞതു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഗാർഹികമായ ജോലികളല്ലേ സ്ത്രീകൾ ചെയ്യേണ്ടതു്?

ശ്രീ. ഒ. സി. നൈനാൻ: ദേഹശക്തിയുണ്ടെങ്കിൽ അവർക്കു സകല ജോലിയും ചെയ്യാം.

ശ്രീമതി കെ. ആർ. ഗൗരി: റോഡിൽ കൂലിവേല ചെയ്യുന്ന സ്ത്രീകൾ രണ്ടുരൂപാവരെ കൂലി കൊടുക്കുന്നെന്നു പറഞ്ഞു. അങ്ങനെയുണ്ടായിരുന്നാൽ തന്നെയും സംസ്ഥാനത്തുള്ള റോഡുകളിൽ എന്നും കൂലിവേല കിട്ടുമോ?

ശ്രീ. ഓ. സി. നൈനാൻ: റോഡുവേല എല്ലാ സ്ഥലത്തും ഇല്ലെങ്കിലും ഉള്ള സ്ഥലത്തു നല്ല കൂലിയാണു കൊടുത്തുവരുന്നതു്. സർ, അതുകൊണ്ടു നെല്ലുകുത്തു മാത്രമെ സ്ത്രീകൾക്കു വശമുള്ളുവെന്നും, മററു ജോലികളൊന്നും സ്ത്രീകളെക്കൊണ്ടു ചെയ്യിക്കാൻ സാധിക്കയില്ലെന്നുമുള്ള അർത്ഥത്തിലാണു എന്റെ സ്നേഹിതൻ ശ്രീ. നടരാജപിള്ള പ്രസ്താവിച്ചതു്. അതർഹിക്കുന്ന യഥാർത്ഥ്യം ആ പ്രസ്താവനയിൽ ഇല്ലെന്നു കാണിക്കാൻവേണ്ടിയാണു ഞാൻ ഇത്രയും പറഞ്ഞതു്. എന്നുമാത്രമല്ല, സംസ്ഥാനത്തിന്റെ ഒന്നോ രണ്ടോ വിഭാഗങ്ങളെക്കുറിച്ചുമാത്രം പരിചിന്തിക്കുന്നതും ഇക്കാര്യത്തിൽ സംഗതമല്ല. കാരണം, കൊച്ചിയിലാണെങ്കിൽ അവർ നെല്ലു മില്ലിൽ കുത്തിയാണു ഉപയോഗിക്കുന്നതു്. സംസ്ഥാനത്തിന്റെ മററു ഭാഗങ്ങളിലും, അതായതു് തെക്കും വടക്കും റൈസ്മില്ലുകൾ സ്ഥാപിച്ചു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഇവിടെ മാത്രം ഒരു നിയന്ത്രണം ഏർപ്പെടുത്തണമെന്നു പറയുന്നതു ശരിയല്ല.

ஸ்ரீ. ஸி. சங்கர்: கொல்லத்திலும், கோட்டயத்திலும் கள்ளுக்கடை, சாராயக்கடை இருப்பதினால் தென் திருவிதாங்கூரிலும் கள்ளுக்கடையும், சாராயக்கடையும் வைத்து விடுவோமா?

ശ്രീ. ഓ. സി. നൈനാൻ: കൊല്ലത്തും കോട്ടയത്തുമുള്ള കള്ളുഷാപ്പുകൾ തെക്കൻതിരുവിതാംകൂറിൽ കൊണ്ടുവരുന്നതുപോലെയല്ല, നെല്ലുകുത്തുന്നതിനു മില്ലുകൾക്കു പെർമിററു കൊടുക്കുന്നതു്. മദ്യനിരോധനം ഓരോ മേഖലയിലായിട്ടു നിറുത്തണമെന്നുള്ളതു കാൺഗ്രസ്സിന്റെ പരിപാടികളിൽ അതിപ്രധാനമായ ഒന്നാണു്. അങ്ങനെയിരിക്കെ, നെല്ലുകുത്തുമില്ലിനെയും കള്ളുഷാപ്പിനെയും ഒരുപോലെ താരതമ്യപ്പെടുത്തിയതു ഖേദകരമായിപ്പോയി.

ശ്രീ. എ. കുഞ്ഞൻനാടാർ: തെക്കൻതിരുവിതാംകൂർ നിവാസികളുടെ അഭിപ്രായത്തെ അനാദരിച്ചുകൊണ്ടാണു ലൈസൻസു കൊടുത്തിട്ടുള്ളതെന്നറിയാമോ?

ശ്രീ. ഓ. സി. നൈനാൻ: എനിക്കു അതിനെപ്പററി അറിയാൻ പാടില്ല.

ஸ்ரீ. ஸி. சங்கர்: தென் திருவிதாங்கூரில் மில் உடமஸ்தர்கள் பிளாக்மார்க்கெட்டில் நெல் வாங்கி குத்தி அதை பிளாக்மார்க்கெட்டில் விற்கிறார்களென்பது மெம்பர் அவர்களுக்குத் தெரியுமா?

ശ്രീ. ഓ. സി. നൈനാൻ: ബ്ലാക്കുമാർക്കററിനെ സംബന്ധിച്ചിടത്തോളം എനിക്കു വലിയ അറിവൊന്നുമില്ല. മില്ലിൽ നെല്ലു കുത്തി ഉപയോഗിക്കുന്നതു ആരോഗ്യത്തിനു ഹാനികരമാണെന്നു പറഞ്ഞതുകൊണ്ടാണു ഞാൻ ഇത്രയും പ്രസ്താവിച്ചതു്.

ശ്രീ. ഗണപതി: മൂവാററുപുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ തെക്കൻതിരുവിതാംകൂറിലെപ്പോലെ നെല്ലില്ലെന്നു അറിയാമോ?

ശ്രീ. ഓ. സി. നൈനാൻ: അറിയാം സർ, അതുകൊണ്ടു എനിക്കു പറയാനുള്ളതു ഏതെല്ലാം സ്ഥലത്തു മില്ലു് ആവശ്യമുണ്ടെന്നു ആഗ്രഹമുണ്ടോ, ആ സ്ഥലങ്ങളിൽ അനുവാദം കൊടുക്കണമെന്നാണു്. എന്നാൽ നെല്ലു

കുത്തുന്ന സമ്പ്രദായം ഒരു മൊണോപ്പളിയായിട്ടു ഒരു വ്യക്തിക്കോ അല്ലെങ്കിൽ ഒരു കമ്പനിക്കോ കൊടുക്കാൻ പാടില്ലാത്തതാണു്.

The House rose for lunch at 12-30 P. M. and re-assembled at 2-30 P. M. with Mr. Speaker in the Chair.

ശ്രീ. എം. കെ. മത്തായി: സർ, റൈസ്മിൽ അനുവദിക്കാൻ പാടില്ലായെന്ന അഭിപ്രായത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. ഇവിടത്തെ സോഷ്യലിസ്റ്റു പാർട്ടിയിലെ അംഗമായ ശ്രീ. പി. എസ്. നടരാജപിള്ള അവർകൾ രണ്ടുമൂന്നു കാരണങ്ങളാൽ റൈസ്മിൽ അനുവദിക്കാൻ പാടില്ലായെന്നു് ഇവിടെ പ്രസ്താവിക്കയുണ്ടായി. അദ്ദേഹം പ്രധാനമായി പറഞ്ഞതു് ഇതു് തൊഴിലില്ലായ്മ കാരണമാക്കുമെന്നാണു്. തിരുവനന്തപുരത്തെ സംബന്ധിച്ചുള്ള യഥാർത്ഥ വിവരം എനിക്കറിഞ്ഞുകൂടായെങ്കിലും വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, അതായതു് കോട്ടയം ഡിവിഷനേയും തൃശ്ശൂർ ഡിവിഷനേയും സംബന്ധിച്ചിടത്തോളം നെല്ലുകുത്തി കിട്ടുകയെന്നു പറയുന്നതു് ഒരു വലിയ പ്രയാസപ്പെട്ട ജോലിയായിത്തീർന്നിരിക്കയാണു്. ഈ സ്ഥലങ്ങളിലെ സ്ത്രീകൾക്കു ധാരാളം ജോലികളുണ്ടു്. കൃഷിക്കാരെ സംബന്ധിച്ചാണെങ്കിൽ ജോലി ചെയ്യുന്ന ആളുകൾക്കു് ആഹാരം കൊടുക്കുവാൻ വേണ്ടി ധാരാളം അരി ദിവസംപ്രതി ആവശ്യമുണ്ടു്. കൊയ്ത്തുകാലം വരുമ്പോൾ നെല്ലുകുത്തി കിട്ടുന്ന കാര്യം വലിയ വിഷമമായിത്തീരും. കാരണം നെല്ലുകുത്തി കിട്ടുന്നതിനേക്കാൾ കൂടുതൽ കൂലി കൊയ്ത്തിനു പോയാൽ ലഭിക്കുന്നതാണു്. ആ സമയത്തു് അവരോടു് നെല്ലു കുത്തിത്തരണമെന്നാവശ്യപ്പെട്ടാൽ ചിലപ്പോൾ ചൂലുകൊണ്ടു് അടി കിട്ടിയെന്നും വരാം.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ആണ്ടുമുഴവൻ കൊയ്ത്തുകാലമാണോ?

ശ്രീ. എം. കെ. മത്തായി: കൊയ്ത്തില്ലാത്ത കാലത്തു് കൃഷിസംബന്ധമായ ജോലികൾ അവർക്കു ധാരാളം കാണും.

ശ്രീ. കെ. കെ. കുമാരപിള്ള: വടക്കൻ താലൂക്കുകളിൽ എത്ര പൂവു് കൃഷിയാണുള്ളതു്?

ശ്രീ. എം. കെ. മത്തായി: മൂന്നു് പൂവു് കൃഷിയുണ്ടു്.

ശ്രീ. ഏ. സി. ചാക്കോ: കൊയ്ത്തുകാലത്തിനുമുൻപു് ആവശ്യമുള്ള നെല്ലു കുത്തിച്ചുവച്ചുകൂടേ?

ശ്രീ. എം. കെ. മത്തായി: അങ്ങനെ ചെയ്താലും ഒരാൾ രണ്ടുപറ നെല്ലിൽ കൂടുതൽ കുത്തി തരുകയില്ല.

രണ്ടാമതായി അദ്ദേഹം പറഞ്ഞതു് മിൽ അരിക്കു് വലിയ ഗുണമില്ലെന്നാണു്. ആ അഭിപ്രായം തെററാണെന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. ഏ. സി. ചാക്കോ: രണ്ടുപറ നെല്ലിൽ കൂടുതൽ കുത്തുന്നവർ അവിടെയില്ലേ?

ശ്രീ. എം. കെ. മത്തായി: അവിടെയുള്ളവർ രണ്ടുപറ നെല്ലിൽ കൂടുതൽ കുത്തി തരാറില്ല.

[ശ്രീ. എം. കെ. മത്തായി]

ശ്രീ. നടരാജപിള്ള അവർകൾ അദ്ദേഹത്തിന്റെ അഭിപ്രായം സ്ഥാപിക്കുന്നതിനുവേണ്ടി ഗാന്ധിജിയുടെ ചില അഭിപ്രായങ്ങൾ ഇവിടെ പ്രസ്താവിക്കയുണ്ടായി. ഗാന്ധിജി പറഞ്ഞിട്ടുണ്ടുപോലും മിൽ അരിക്ക് വലിയ ഗുണമില്ലെന്നു്. വടക്കേഇൻഡ്യയെ സംബന്ധിച്ചാണെങ്കിൽ പുഴുങ്ങാത്ത നെല്ല് കുത്തിയ ഉണക്കലരിയാണ് അവിടെ അധികവും ഉപയോഗിക്കുന്നതു്. നമ്മുടെ നാട്ടിലാണെങ്കിൽ പുഴുങ്ങിയനെല്ലാണ് മില്ലിൽകുത്തുവാൻ കൊണ്ടുപോകുന്നതു്. നെല്ല് പുഴുങ്ങുന്നതുമൂലം അതിലുള്ള വിററാമിൻസിൽ യാതൊരു കുറവും വരുന്നില്ലെന്നാണ് വിദഗ്ദ്ധാഭിപ്രായം. നെല്ലുകുത്തു് സ്ത്രീകളെ ഏൽപ്പിച്ചാൽ അവരുടെ വിററാമിൻസ് വളരെ കുറഞ്ഞുപോകുമെന്നാണ് എനിക്കു തോന്നുന്നതു്.

മൂന്നാമതായി അദ്ദേഹം പറഞ്ഞതു് ഇതു് തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ, ഇവിടത്തെ സോഷ്യലിസ്ററ പാർട്ടി ഇലക്ഷനിൽ ജയിച്ചു് അധികാരം ഏറെറടുക്കുന്നപക്ഷം തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി ലോറികളിലും മററും സാധനങ്ങൾ കയററിക്കൂടായെന്നും അവയെല്ലാം തലച്ചുമടായിത്തന്നെ കൊണ്ടുപൊയ്ക്കൊള്ളണമെന്നും റിക്ഷാവണ്ടി ഉപയോഗിക്കരുതെന്നും മററും വാദിച്ചേക്കാം. അപ്രകാരം അവർ ഒരു കുഴപ്പത്തിലേക്ക് ചെന്നുചാടുകയില്ലേ എന്നാണ് എന്റെ സംശയം.

Shri P. S. Nataraja Pillai : May I ask the hon. Member whether he was listening to my speech, and whether I did not say explicitly that I am against milling of rice? Is it right for him to misrepresent facts?

ശ്രീ. എം. കെ. മത്തായി : അദ്ദേഹം ഇവിടെ പറഞ്ഞു എന്നാണ് എനിക്കു തോന്നുന്നതു്. അതായതു് മെഷിനറി ഉപയോഗിച്ചാൽ തൊഴിലില്ലായ്മ ഉണ്ടാകുമെന്നു് അദ്ദേഹം പറഞ്ഞുവെന്നാണ് എനിക്കു തോന്നുന്നതു്.

ഡാക്ടർ എൻ. എസ്സ്. പിള്ള : അങ്ങനെ തോന്നിയതുകൊണ്ടു് അതേപ്പററി വല്ല അഭിപ്രായവും പറയുന്നതു് ശരിയാണോ?

ശ്രീ. എം. കെ. മത്തായി : അതു് എങ്ങനെയായിരുന്നാലും വടക്കൻ തിരുവിതാംകൂറിലെ ജനങ്ങളുടെ ആവശ്യമനുസരിച്ചു് കഴിയുന്നത്ര റൈസ് മിൽ അനുവദിച്ചുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

Shri N. Rajagopalan Nair: I move for a closure.

Mr. Speaker: Only four Members have so far spoken. At the end of the debate, the motion will have to be put to the vote of the House. I think there has not been a reasonable debate and it will be an infringement of the right of reasonable debate to accept the move for a closure at this stage.

ശ്രീ. പി. ചാക്കോ : സർ, പ്രമേയത്തിന്റെ തത്വത്തോടു യോജിച്ചുകൊണ്ടു് ചില കാര്യങ്ങൾ സംസാരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. പ്രമേയത്തിന്റെ സാരാംശംതന്നെ ഈ നാട്ടിലെ സ്ത്രീതൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്നതുകൊണ്ടു് ഈ നാട്ടിൽ റൈസ്

മിൽ അനുവദിക്കരുതെന്നുള്ളതാണ്. എന്റെ ബഹുമാനപ്പെട്ട കല്ലപ്പാറ മെംബർ നമ്മുടെ നാട്ടുമ്പുറങ്ങളിലെ സ്ത്രീതൊഴിലാളികൾക്ക് ധാരാളം ജോലിയുണ്ടെന്ന് പറയുകയുണ്ടായി. എന്നാൽ എനിക്ക് ഇതേ സംബന്ധിച്ച് പറയാനുള്ളത് അദ്ദേഹം ഉദ്ദേശിക്കുന്ന രീതിയിലുള്ള സ്ത്രീതൊഴിലാളികളുടെ ഇടയിലല്ലാ ഈമാതിരി തൊഴിലില്ലായ്മ ഉണ്ടാകുന്നത് എന്നാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : സ്ത്രീതൊഴിലാളികളെന്ന് പറഞ്ഞാൽ എന്താണ്?

ശ്രീ. പി. ചാക്കോ : തൊഴിലാളികളായ സ്ത്രീകൾ. അദ്ദേഹം പറകയുണ്ടായി, റോഡുവെട്ടുന്നതിനും പാലം ഉണ്ടാക്കുന്നതിനും പാടങ്ങളിൽ ജോലി ചെയ്യുന്നതിനും സ്ത്രീകൾക്ക് ധാരാളം സൗകര്യമുള്ളപ്പോൾ ഈമാതിരി തൊഴിലിൽ ഏർപ്പെടാൻ അവക്ക് സൗകര്യം ഉണ്ടാകയില്ലെന്നും അതിനാൽ അവരുടെ ഇടയിൽ തൊഴിലില്ലായ്മ വർദ്ധിക്കയില്ലെന്നും. എന്നാൽ അങ്ങനെയുള്ളവരുടെ ഇടയിലല്ലാ തൊഴിലില്ലായ്മ ഉണ്ടാകുന്നത്. സാധാരണ ലോവർക്ലാസ്സ് എന്ന ഇനത്തിൽ ഉൾപ്പെടാതെ സാമൂഹ്യമായ രീതിയിൽ സ്വല്പം ഉയർച്ചയുള്ള ഒരുകൂട്ടംആളുകൾ ഇവിടെ ഉണ്ട്. അവക്ക് പാടങ്ങളിൽപോയി ജോലി ചെയ്യുന്നതിനോ റോഡു വെട്ടുന്നതിനോ അവരുടെ അഭിമാനം അവരെ അനുവദിക്കുകയില്ല. ആപ്രകാരം അഭിമാനം വച്ചു പുലർത്തികൊണ്ടിരിക്കുന്ന സ്ത്രീകൾ വീട്ടിലുള്ള ജോലിമാത്രം ചെയ്തു ജീവിതം കഴിക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ളവർ നെല്ലുകുത്തി കൊടുക്കുന്നത് സാധാരണയാണ്. അതുകൊണ്ട് റൈസ്മിൽ ഏർപ്പെടുത്തുന്നപക്ഷം ഇക്കൂട്ടരുടെ ഇടയിൽ വലുതായ തൊഴിലില്ലായ്മ ഉണ്ടാകും.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : വടക്കൻ തിരുവിതാംകൂറിൽ അങ്ങനെ അല്ലെന്ന് മററൊരു മെംബർ പറയുകയുണ്ടായല്ലോ. മെംബർ അതിനോടു യോജിക്കുന്നില്ലേ?

ശ്രീ. പി. ചാക്കോ : ഞാൻ താമസിക്കുന്നത് മദ്ധ്യതിരുവിതാംകൂറിലാണ്. ഞാൻ ആ സ്ഥലത്തെപ്പററിമാത്രമാണ് സംസാരിക്കുന്നത്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അദ്ദേഹവും ആ സ്വദേശിയല്ലേ?

ശ്രീ. പി. ചാക്കോ : അദ്ദേഹം എന്റെ സ്വദേശിയാണെങ്കിലും എന്റെ അഭിപ്രായം സ്വീകരിക്കണമെന്നില്ല. റൈസ്മിൽ വേണമെന്ന് ആവശ്യപ്പെടുന്നവർ ധാരാളം നെല്ല് ഉള്ളവരായിരിക്കാം. അങ്ങനെയുള്ളവക്ക് മിൽ അനുവദിച്ചുകൊടുക്കാഞ്ഞത് ഒരു പക്ഷേ വിഷമമായിരിക്കും. നാട്ടിൻപുറങ്ങളിൽ താമസിക്കുന്ന സാധാരണക്കാരായ ചില സ്ത്രീ തൊഴിലാളികൾക്ക് ഒരു നേരത്തെ കഞ്ഞിയെങ്കിലും ലഭിക്കണമെങ്കിൽ നെല്ലു കുത്തികൊടുക്കേണ്ടതു മതിയാകയുള്ളൂ. ഇപ്രകാരം നാഴി അരിയെങ്കിലും വാങ്ങി കുടുംബം പുലർത്താമെന്ന് ആഗ്രഹിക്കുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ നാട്ടിലുണ്ട്. അവക്ക് റൈസ്മിൽ ഏർപ്പെടുത്തുന്നപക്ഷം അതു വളരെ ഉപദ്രവകരമായിരിക്കും. ഇനിയും നമ്മുടെ ഗവണ്മെൻറ് റൈസ്മില്ലിന് ലൈസൻസു കൊടുക്കുന്ന നയത്തെപ്പററി രണ്ടു വാക്ക് പറയാതെ തരമില്ല. ഇക്കാര്യത്തിൽ വളരെ പക്ഷപാതപരമായ ഒരു നിലയാണ്

[ശ്രീ. പി. ചാക്കോ]

ഗവണ്മെൻറ് ഇന്നു സ്വീകരിച്ചിരിക്കുന്നതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ നെൽകൃഷിയുടെ അടിസ്ഥാനത്തിൽ മൂന്നു മേഖലകളായി ട്ടാണു് തിരിച്ചിരിക്കുന്നതു്. തൃശ്ശൂർ മേഖല, കൊല്ലം ഡിവിഷനും കോട്ടയം ഡിവിഷനും ഉൾപ്പെട്ട മദ്ധ്യ മേഖല, തിരുവനന്തപുരം ഡിവിഷൻ ഉൾപ്പെട്ട തെക്കൻ മേഖല എന്നിവയാണു് ഈ മൂന്നു മേഖല. തെക്കും വടക്കും മേഖലകളിൽ റൈസ്മിൽ പ്രവർത്തനത്തിനു് ലൈസൻസു കൊടുത്തിരിക്കുന്നു. ആ അവസരത്തിൽ മദ്ധ്യതിരുവിതാംകൂറിനെ ഒഴിവാക്കപ്പെട്ടിരിക്കയാണു്. ഒന്നുകിൽ എല്ലാ സ്ഥലത്തും റൈസ്മിൽ അനുവദിക്കണം, അല്ലാത്തപക്ഷം ഒരു സ്ഥലത്തും അനുവദിച്ചുകൂടാ.

ശ്രീ. ഏ. കെ. ചെല്ലയ്യാ: ആയ്ക്കുവേണ്ടിയാണു് നെല്ലെടുക്കുന്നതു്.

ശ്രീ. പി. ചാക്കോ: ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി കുട്ടനാടൻ പ്രദേശങ്ങളിൽനിന്നും ഗവണ്മെൻറ് നെല്ലെടുക്കുന്നുണ്ടു്.

ശ്രീ. ഓ. സി. നൈനാൻ: മെമ്പറുടെ അഭിപ്രായം മദ്ധ്യ തിരുവിതാംകൂറിൽകൂടി റൈസ്മിൽ അനുവദിക്കണമെന്നാണോ?

ശ്രീ. പി. ചാക്കോ: ഒന്നുകിൽ ഒരു സ്ഥലത്തും അനുവദിക്കരുതു്. അല്ലെങ്കിൽ എല്ലാസ്ഥലത്തും അനുവദിക്കണം. അല്ലാതെ പക്ഷപാതപരമായ ഒരു നയം ഗവണ്മെൻറ് കൈക്കൊള്ളുന്നതു് ഉചിതമല്ല അതാണു് എൻെറ അഭിപ്രായം. രണ്ടു് ഡിവിഷനുകളിൽ റൈസ്മില്ലിനു് അനുവാദം കൊടുത്തിരിക്കുമ്പോൾ മററ ഡിവിഷനുകളിൽ അനുവാദം നൽകേണ്ടതാണു്. അല്ലാതെ പക്ഷപാതപരമായ ഒരു നയം ഇക്കാര്യത്തിൽ വച്ചുപുലർത്തുന്നതു് ശരിയല്ലെന്നാണു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്. പിന്നീടു് നെല്ലു് മില്ലിൽ കുത്തുന്നപക്ഷം കൂലി കുറച്ചു കൊടുത്താൽ മതിയെന്നു് ഇവിടെ പറയുകയുണ്ടായി. അതു് വാസ്തവമാണു്.

ശ്രീ. ഓ. സി. നൈനാൻ: ആവശ്യമുള്ളിടത്തോളം നെല്ലുകുത്തുകാരെ സപ്ലൈ ചെയ്യുവാൻ മെമ്പർ തയ്യാറാണോ?

ശ്രീ. പി. ചാക്കോ: അങ്ങനെ ഒരു തൊഴിലാളി സംഘടന രൂപീകരിക്കാൻ ആരെങ്കിലും ഉദ്ദേശിക്കുന്നപക്ഷം അതിൽ അംഗങ്ങളെ ചേർക്കുവാൻ ഞാൻ തയ്യാറാണു്. നെല്ലുകുത്തു തൊഴിലാളി സംഘം എന്നൊരു സംഘടന ഇവിടെ ഉണ്ടാക്കുവാൻ ആരെങ്കിലും സന്നദ്ധരാകുന്നപക്ഷം അതിൻെറ ഒരു ശാഖ സ്ഥാപിച്ചു് പ്രവർത്തനം നടത്തുവാൻ ഞാൻ സന്നദ്ധനാണു്.

ശ്രീ. ഓ. സി. നൈനാൻ: നെല്ലുകുത്തുകാർക്കു് എന്തു കൂലികൊടുക്കേണ്ടിവരും.

ശ്രീ. പി. ചാക്കോ: മില്ലിൽ കുത്തുന്നതു് ലാഭകരമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ബഹുമാനപ്പെട്ട മെമ്പർ, രണ്ടോ രണ്ടരയോ രൂപാ കൊടുത്തു് വിലക്കുറവുള്ള മുണ്ടുവാങ്ങി ഉപയോഗിക്കാതെ നാലഞ്ചു രൂപാ വിലയുള്ള ഖദർമുണ്ടുവാങ്ങി ഉപയോഗിക്കുന്നതു് ഒരു തത്വത്തെ അടിസ്ഥാനമാക്കിയാണെന്നു് വിസ്മരിക്കാൻ പാടില്ല. ഞാൻ ഉൾപ്പെട്ട

പാർട്ടിയിലെ തീരുമാനമനുസരിച്ചാണ് നാം അപ്രകാരം ചെയ്യുന്നതു്. അതിന്റെ ഉദ്ദേശം അതിനുകൊടുക്കുന്ന ഓരോ കാശും ഈ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികൾക്കു് ലഭിക്കണമെന്നുള്ളതാണു്. മെഷിനറി കൊണ്ടു് ഉപയോഗിക്കുന്ന സാധനങ്ങൾ കഴിയുന്നത്ര ഉപയോഗിക്കരുതെന്നുള്ള ഗാന്ധിജിയുടെ തത്വമനുസരിച്ചാണ് നാം ഇന്നു കൂടുതൽ വില കൊടുത്തു് ഖദർ വാങ്ങി ഉപയോഗിക്കുന്നതു്.

ശ്രീ. ഓ. സി. മെനൊൻ : വിദേശമേധാവിത്വം പോയതിനു ശേഷവും മിൽ വസ്ത്രങ്ങൾ ധരിക്കരുതെന്നാണോ മെംബരുടെ അഭിപ്രായം.

ശ്രീ. പി. ചാക്കോ : നാം ഉൾപ്പെട്ട പാർട്ടിയുടെ അഭിപ്രായം അതാണു്. അതനുസരിച്ചാണു് നാം ഇന്നു് കൂടുതൽ വിലകൊടുത്തു് ഖദർ വസ്ത്രങ്ങൾ വാങ്ങി ഉപയോഗിക്കുന്നതു്. അതിനുവേണ്ടി ചെലവാക്കുന്ന ഓരോ പൈസയും ഈ നാട്ടിലെ സാധുക്കളുടെ ഉന്നമനത്തിനു വേണ്ടി ചെലവു ചെയ്യുന്നുവെന്ന പരിഗണനകൊണ്ടാണു് നാം അപ്രകാരം ചെയ്യുന്നതു്.

ശ്രീ പരീതുറാവുത്തർ : നേരത്തെ പ്രസ്താവിച്ചുവല്ലോ ഒരു നെല്ലുകുത്തു തൊഴിലാളി സംഘടന ഉണ്ടാക്കുന്ന കാര്യത്തിൽ സഹകരിക്കാമെന്നു്. അതു് തൊഴിലാളികളുടെ പണം ചൂഷണം ചെയ്യുന്നതിനു വേണ്ടിയല്ലേ ?

Mr. Speaker : The Member did not say so.

ശ്രീ. പി. ചാക്കോ : മെംബർക്കു് ഒരു തെററിദ്ധാരണ ഉണ്ടായി. അവരുടെ പണം ചൂഷണം ചെയ്യുന്ന രീതി ഉണ്ടെന്നു തോന്നുന്നില്ല. അതൊരു വിവാദവിഷയമാണു്. ഞാൻ അതിലേയ്ക്കു് ഇപ്പോൾ കടക്കണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. കെ. ഓനു : വീടുകളിൽ നെല്ലുകുത്തുന്നതുകൊണ്ടു് പ്രത്യേകം കൂലി കൊടുക്കേണ്ടയാവശ്യമില്ലെന്നു് അറിയാമോ ?

ശ്രീ. പി. ചാക്കോ : അറിയാം. വേലക്കാരെ കിട്ടാത്ത അവസരങ്ങളിൽ നെല്ലുകുത്തുന്നതു് സ്ത്രീകളുടെ ആരോഗ്യത്തിനു് നല്ലതാണു്. ജോലിചെയ്യാതെ വെറുതെ വീട്ടിലിരുന്നു സുഖിക്കുന്നതിനേക്കാൾ അവരവരുടെ ആവശ്യത്തിനുവേണ്ടി ചിലപ്പോഴെങ്കിലും നെല്ലുകുത്തുന്നതു് നല്ലതു തന്നെയാണു്. അങ്ങിനെ നമ്മുടെ സ്ത്രീകൾ കുറെയൊക്കെ പണിയെടുക്കേണ്ടതു് ആവശ്യംതന്നെയാണു്. മററുള്ളവർ ജോലിചെയ്യുവെങ്കിൽ മാത്രമേ ജീവിക്കുവാൻ സാധിക്കയുള്ളവെന്നു് വിചാരിക്കുന്നതു് തെററാണു്. സ്ത്രീകൾ ജോലി ചെയ്തു ജീവിക്കുന്നതു് ഏതായാലും നല്ലതു തന്നെ. ചില കുടുംബങ്ങളിലുള്ള സ്ത്രീകൾക്കു് ജോലി ചെയ്യുന്നതു് അഭിമാനക്ഷയമാണെന്നു് തോന്നിയേക്കാം. എന്നാൽ അവനവനുവേണ്ടി ജോലിചെയ്യുന്നതു് അഭിമാനകരമാണെന്നുള്ള ഒരു നിലയുണ്ടാകണം.

അവസാനമായി എനിക്കു പറയുവാനുള്ളതു് ഈ നാട്ടിൽ റൈസ് മില്ലിനു് ലൈസൻസു കൊടുക്കുന്ന നയം തെക്കും വടക്കുമെന്നുള്ള പരിഗണന കൂടാതെ മാറേറണ്ടതാണെന്നാണു്. റൈസ്മിൽ നടത്തുന്നതിനുള്ള ലൈസൻസു് തെക്കും വടക്കും കൊടുത്തിട്ടുള്ളതു് പിൻവലിച്ചു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ ഒരു ഐകരൂപ്യം വരുത്തണമെന്നു്

[ശ്രീ. പി. ചാക്കോ]

ഞാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊണ്ടു് പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു. നെല്ലുകുത്തുന്നതിനെ സംബന്ധിച്ചിടത്തോളം തെക്കൻതിരുവിതാംകൂറിനും വടക്കൻ തിരുവിതാംകൂറിനും രണ്ടു പ്രശ്നങ്ങളുണ്ടുള്ളതെന്നാണു് ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽനിന്നും മനസ്സിലാക്കുന്നതു്. വടക്കൻ തിരുവിതാംകൂറിൽ നെല്ലുകുത്തുയന്ത്രം വേണമെങ്കിൽ അനുവദിച്ചുകൊടുക്കണം. പക്ഷെ അവിടെയും നെല്ലുകുത്തു് വീട്ടിലുള്ള സ്ത്രീകൾക്കു് ചെയ്യത്തക്കവണ്ണം, അതായതു് ഒരു കുടിൽ വ്യവസായമെന്ന നിലയിൽ, പ്രോത്സാഹിപ്പിക്കുവാൻ വേണ്ടതു ചെയ്യുന്നതാണു് നല്ലതെന്നാണു് എന്റെ അഭിപ്രായം. അവിടെ നെല്ലുകുത്തുയന്ത്രം ഇല്ലാത്തതുകൊണ്ടു് ആരും നെല്ലായിട്ടു് ആഹാരം കഴിക്കാറില്ല.

Shri R. Kesava Pillai: On a point of order, Sir. This subject was discussed on a prior occasion and hon. Member was one of those who took part in the debate.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: ഞാൻ ഇപ്പോൾ സംസാരിക്കുന്ന കാര്യം മുമ്പു സംസാരിച്ചിട്ടില്ല.

Mr. Speaker: Do you assert that he spoke last time ?

Shri R. Kesava Pillai: Yes.

Shri P. S. Nataraja Pillai: Who was in possession of the House last time when this House was adjourned ?

Mr. Speaker: I understand that only three members spoke last time, the mover, and the hon. Members, Shri Abdul Khader and Shri K. K. Chellappan Pillai.

Shri R. Kesava Pillai: Immediately after the Minister finished, he should have got his chance. Now he has lost his opportunity.

Mr. Speaker: That has to be decided by the Chair. He is allowed to speak now.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: സർ, വിററാമിനെ സംബന്ധിച്ചു് ഇവിടെ പല സംഗതികളും പറയുകയുണ്ടായി. വിററാമിൻ എന്നുള്ളതു് എന്താണെന്നു പലർക്കും ശരിക്കു മനസ്സിലാകാതെയാണിരിക്കുന്നതു്. പശുവിൻചാണകം പരിശോധിച്ചാൽ അതിലും വിററാമിൻ ഉണ്ടെന്നു കാണും. അതുകൊണ്ടു് പശുവിൻചാണകം ഭക്ഷിക്കണമെന്നു പറയുന്നതു് ശരിയായിരിക്കയില്ല. അതിനാൽ വിററാമിന്റെ കൂടുതൽ കുറവു് പറയേണ്ട ആവശ്യമില്ല. തെക്കൻതിരുവിതാംകൂറുകാരായ ഞങ്ങൾക്കു് അവിടെ മില്ലു് അനുവദിച്ചുകൂടാ എന്നുള്ളതിൽ ഏകാഭിപ്രായമാണുള്ളതു്.

ശ്രീ. പരീതു റാവുത്തർ: അവിടെ മില്ലുകൾ ആവശ്യമില്ലെങ്കിൽ ഗവണ്മെന്റുവക നെല്ലു് എന്തുചെയ്യും?

ശ്രീ. എ. കുഞ്ഞൻ നാടാർ: എന്തുചെയ്താലും തരക്കേടില്ല. കടലിൽകൊണ്ടുതള്ളിയാലും അവിടത്തെ ജനങ്ങൾക്കു പരാതിയില്ല.

Mr. Speaker: Please do not make that murmering sound in the House. If there is any question to be put, let it be put boldly and openly.

ശ്രീ. എ. കുഞ്ഞൻ നാടാർ: തെക്കൻതിരുവിതാംകൂറിൽ പതിനായിരക്കണക്കിനു് ലോവർ മിഡിൽക്ലാസ്സിലും ലോവർക്ലാസ്സിലുംഉള്ള സ്ത്രീകളുടെ ഉപജീവനമാർഗ്ഗമാണിതു്. രണ്ടുതരത്തിൽ അവിടെ നെല്ലുകുത്തു നടത്തുന്നുണ്ടു്. കുറെ ഗതിയുള്ളവരുടെ വീട്ടിൽചെന്നു് നെല്ലുകുത്തിക്കൊടുക്കുക. കൂടാതെ നെല്ലു കൊണ്ടുപോയി അവരുടെ വീട്ടിൽവച്ചു കുത്തി അരി കൊടുക്കുക. ഇങ്ങനെ രണ്ടു തരത്തിൽ ഈ ജോലി അവിടെ നടത്തുന്നുണ്ടു്. വീട്ടിൽക്കൊണ്ടുപോയി നെല്ലുകുത്തിയാൽ ഒരു പറയ്ക്കു് അരപ്പക്കാ അരി കിട്ടും. അതുകൊണ്ടുമാത്രം ജീവിക്കുന്ന അനവധി ആയിരം വീടുകൾ അവിടെയുണ്ടു്. സ്ത്രീകൾ റോഡുവെട്ടാനും, കുളംവെട്ടാനുമെല്ലാം പോകാമെന്നു ഒരു മെംബർ ഇവിടെ പറയുക ഉണ്ടായി. അതു ചെയ്താൽ വീട്ടിലുള്ള കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നതിനൊന്നും സാദ്ധ്യമല്ല. തെക്കൻതിരുവിതാംകൂറിലെ സ്ത്രീകൾ അത്തരം ജോലികൾക്കു പോകുന്നതുമല്ല. നെല്ലു് കുത്തുജോലി വീട്ടിൽവച്ചു നടത്തുന്നതുകൊണ്ടു് അതിനിടയ്ക്കു കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നതിനും സാധിക്കും. അതുപോലെതന്നെ കുറച്ചു് അഭിമാനമുള്ള കുടുംബക്കാർക്കു് വെളിയിൽപോയി ജോലി ചെയ്യുന്നതിനും വൈമുഖ്യമായിരിക്കും. എല്ലാത്തരത്തിലും തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു തൊഴിലാണിതു്. വിധവകൾ, പുരുഷസഹായമില്ലാത്ത സ്ത്രീകൾ, മററനവധി സാധുക്കൾ ഇതൊരു ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ടു്. തെക്കൻതിരുവിതാംകൂറിൽ മിൽ കൊണ്ടുവരരുതെന്നുള്ളതു് ഒരു നിയമമായിത്തന്നെ ഗവണ്മെന്റ് പ്രയോഗത്തിൽ കൊണ്ടുവരണമെന്നാണു് ഞാൻ പറയുന്നതു്.

പൊതുവായി ഒരു സംഗതികൂടി ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. ഇവിടെ തൊഴിൽ എന്നു പറയുമ്പോൾ ഗവണ്മെന്റിന്റെയും പ്രതിപക്ഷക്കാരുടെയും കണ്ണുപോകുന്നതു് ഇൻഡസ്ട്രിയൽ ലേബറേഴ്സിലാണു്. ഈ ഇൻഡസ്ട്രിയൽ ലേബറേഴ്സ് എത്ര ശതമാനമാണിവിടെയുള്ളതെന്നു ഞാൻ ചോദിക്കുന്നു. പച്ചത്തൊണ്ടു തൊഴിലാളിസമരമെന്നും ഉണക്കത്തൊണ്ടു തൊഴിലാളിസമരമെന്നുംമററും കൂലിക്കു വേണ്ടി വഴക്കു കൂട്ടുന്നുണ്ടു്. സർ, അതെല്ലാം രണ്ടു രൂപ കൂലികിട്ടുന്നവർക്കു് മൂന്നുരൂപ കിട്ടുന്നതിനുള്ള സമരങ്ങളാണു്. തെക്കൻതിരുവിതാംകൂറിൽ പനയുടെ കൂമ്പെടുക്കുന്ന ഒരു തൊഴിൽ ഉണ്ടു്. അവിടെ സ്ത്രീകൾ കാലത്തുമുതൽ വൈകിട്ടുവരെ ഈ ജോലിചെയ്താൽ മൂന്നു ചക്രമാണു് കൂലികിട്ടുന്നതു്. കൂടിയതു് നാലണയാണു് കൂലിയായി കിട്ടുന്നതു്. കുടിൽവ്യവസായംകൊണ്ടു ജീവിക്കുന്ന അനവധിലക്ഷം കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ടു്. നെല്ലുകുത്തുമാത്രമല്ല അതുപോലെ മററു പലതു

[ശ്രീ. എ. കുഞ്ഞൻ നാടാർ]

മുണ്ട്. അവർക്ക് ഇവിടെവന്ന് മന്ത്രിമാരേയുംമററുംകണ്ട് നിവേദനം നടത്താൻ സാധിക്കയില്ല. അവർക്ക് ഒരു സംഘടനയുമില്ല. പ്രസ്സുമില്ല. അവർ മൗനമായി രാജ്യത്തെ സേവിക്കയാണ ചെയ്യുന്നത്. അവരെപ്പററി തിരിഞ്ഞുനോക്കാൻ ഇന്ന് യാതൊരു രാഷ്ട്രീയ പാർട്ടികളുമില്ല. ഈ നിലയിൽ അനേലക്ഷം കുടുംബങ്ങൾ ജീവിച്ചുപോരുന്നുണ്ട്. അവരുടെ വായിൽ മണ്ണടിക്കരുതെന്നാണ് എനിക്ക പറയാനുള്ളത്.

നെല്ലുകുത്ത സംബന്ധിച്ച വേറൊരു കാര്യംകൂടി എനിക്ക പറയാനുണ്ട്. നൂറുപറ നെല്ല് മില്ലിൽ കുത്തിയാൽ ഏ ം പറ പൗഡറായി വേസ്റ്റായിപ്പോകുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഈ കാരണത്താലായിരുന്നു സർ സി. പി. രാമസ്വാമിഅയ്യർ നെല്ലുകുത്തുമിൽ നടത്താൻ പാടില്ലെന്ന് ആർഡർ കൊടുത്തിരുന്നത്. ഭക്ഷ്യസാധനങ്ങൾ കുറവുള്ള ഈ കാലത്ത് വേസ്ററ് സാരമില്ലന്നു പറഞ്ഞ് മില്ലനടത്തിയേ കഴിയൂ എന്ന പറഞ്ഞാൽ അതു ക്ഷമിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ്. വളരെയധികം പണംമുടക്കി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ അതിന് ലൈസൻസ് കൊടുക്കാതിരിക്കുന്നത് എങ്ങനെയാണെന്നൊരു ചോദ്യമുണ്ടാകാം. ഗവണ്മെൻറ കൊടുത്തിട്ടുള്ള ലൈസൻസുകൾ ഏതു നിമിഷത്തിലും ഗവണ്മെൻറിൻെറ യുക്തംപോലെ പിൻവലിക്കാമെന്നുള്ളതാണ്. നിയമപ്രകാരംതന്നെ ഗവണ്മെൻറിന് കൊടുത്തിട്ടുള്ള ലൈസൻസ് പിൻവലിക്കുന്നതിനുള്ള അധികാരമുണ്ട്. തെക്കൻതിരുവിതാംകൂറിലുള്ള ഏതെങ്കിലും മെംബർ മിൽ അനുവദിക്കണമെന്ന് പറയുന്നതായി കാണിക്കാമോ എന്നു ഞാൻ ഗവണ്മെൻറിനെ വെല്ലുവിളിക്കയാണ്. തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം നെല്ലുകുത്തുമിൽ അനുവദിക്കാത്ത ഒരു ദൃഢമായ നയം ഗവണ്മെൻറ് നടപ്പിൽ വരുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ஸ்ரீ. கணபதி: ஸார், எனக்கு முன்பு, ரைஸ்மில் விஷயமாக தென் திருவிதாங்கூரிலுள்ள மெம்பர்கள் பேசினார்கள், ஆனால் ராஜ்யத்தின் வடக்கு பாகத்திலிருந்தும் உத்தேசம் 5000 முதல் 8000 அடி கடல் நிரப்பிலிருந்து உயரமான பிரதேசத்திலிருந்தும் வந்த பிரதிநிதி என்ற வகையில் ஒரு சில வார்த்தைகளை மட்டும்கூற ஆசைப்படுகிறேன். என்னுடைய அபிப்பிராயத்தை எடுத்துக் கொண்டால், இந்த மில் அவசியமில்லை என்ற எண்ணத்தோடு ஒப்பு கொள்ளக்கூடிய மெம்பர்களுடைய அபிப்பிராயத்துடன் ஆமோதித்து சில உதாரணங்கள் கூறுகிறேன்.

பொதுவாக இந்த ராஜ்யத்தில் இந்த மில் வேண்டும் என்று சொல்லக்கூடியவர்களை பார்த்தால் பணக்காரர்களும், முதலாளிகளுமாவார். பெரும்பாலும் கோட்டயமும் அதை யடுத்த பிரதேசவாசிகள் அவசியப்படுகிறார்கள். இன்று நமது நாட்டில் நாகர்கோவில், திருவனந்தபுரம், கொல்லம், கோட்டயம், ஆலப்புழை, எரணாகுளம், திருச்சூர் முதலிய டவுன்கள் இருக்கின்றன. இவைகளில் பெரும்பாலும் பணம் ஏராளம் செறிந்து கிடப்பது கோட்டயத்தில்தான்

என்பதை இச்சபையிலுள்ள எல்லோரும் சம்மதிக்காமல் இருக்க முடியாது. மற்றும், பெரிய எஸ்டேட் உடமஸ்தர்களும் முதலாளிகளும் இருக்கக்கூடியதும் கோட்டயம் டவுனில்தான். அங்குள்ள சில பணக்காரர்களுக்கும், முதலாளிகளுக்கும், தேயிலை, ரப்பர் காப்பி, ஏலம், குருமிளகு முதலிய விவசாயத்திலிருந்து ஏராளம் பணம் கிடைத்திருக்கிறது. இப்பணத்தை எங்கு கொண்டு கொட்டுவது என்று தெரியாமல் ரைஸ் மில் அனுமதித்தால் அதில் ஆயிரக்கணக்கான ரூபாய்களைக் கொண்டு செலவழித்து இன்று தென் திருவிதாங்கூரில் அம் மில் கிடப்பது போல் மூலையில் போடலாம் என்று தான், என்பதை தெளிவாய் கூறலாம்.

மற்றும் தென் திருவிதாங்கூரில் ஏராளம் நஞ்சை இருக்கிறது. நெல் ஏராளம் விளைகிறது. ஆகையால் அங்கு ஒருவேளை ஒன்று இரண்டு மில்கள் அவசியப்படலாம். அந்த மில்லும் கூட சர்க்காருடைய கையிருப்பு நெல்லையும், வாங்கக்கூடிய நெல்லையும் அரிசியாக்குவதற்காகத்தான் உபயோகிக்கப் படுகிறதே அல்லாமல் தனிப்பட்ட மெம்பர்களுடைய நெல்லை அரிசியாக்கவல்ல. அதுவுமல்லாமல் ஒரு உதாரணம் கூற விரும்புகிறேன். அதாவது தென் திருவிதாங்கூரில் மில் கொடுத்திருப்பதால் எங்களுக்கும் வேண்டும் என்று கூறுவது எந்த விதத்திலும் பொருத்தமில்லை. தென் திருவிதாங்கூரில் அவசியமுள்ள சில விஷயங்கள் மற்ற யிடங்களுக்கு அவசியப்படாது என்றும் வரலாம். அதாவது தேவிகுளம் தாலுகாவை எடுத்துக்கொண்டால், அது தொழிலாளர் பிரதேசமாகும். அங்கு குளிர் அதிகம். ஆகவே அங்குள்ளவர்கள் எப்பொழுதும் கம்பளி போட்டுக் கொண்டும், உல்லன் துணிகளும், ஸ்வட்டர்களும், அணிந்து கொள்வது வழக்கம். அங்கு இது சம்பந்தமாக செலவுகள் அதிகம். அந்த அதிகம் கம்பளி உபயோகிக்கிறார்கள் என்று கருதி திருவனந்தபுரம் போன்ற உஷ்ணப்பிரதேசங்களில் உள்ள மக்களும் கம்பளி வேண்டுமென்று சொல்வது புத்திசாலித்தனம் அல்ல என்று கூறுகிறேன்.

மற்றும் இந்த நெல் குத்தி நமது ராஜ்யத்தில் ஆயிரக்கணக்கான பெண்கள் பிழைத்து வருகிறார்கள். அதோடல்லாமல் வீடு வீடுகளாக அரிசியை விற்றும் ஏராளமான பெண்கள் நித்திய ஜீவனத்தை கழித்து வருகிறார்கள். இச்சபையில் சில மெம்பர்கள் நமது ராஜ்யத்தில் வேலையில்லாத்திண்டாட்டம் வரப்போகிறது, வந்துகொண்டிருக்கிறது; உடனே இதற்கு ஒரு மார்க்கம் கண்டுபிடிக்காவிட்டால் சர்க்காருக்கு பெரிய கஷ்டம் வரும் என்றெல்லாம் கூறப்பட்டு வருகிறது. மற்றும் இவ் வேலையில்லாத்திண்டாட்டத்தைப் போக்க வடபோர்னியோ முதலிய இடங்களுக்கு ஜனங்களை அனுப்ப வேண்டும். அங்கு காலனி ஏற்படுத்தி இக்குறையை தீர்க்க வேண்டுமென்ற ஆலோசனையிருக்கும் இச்சமயத்தில் மேலும் வேலையில்லாக் கஷ்டத்தை இழுத்துக்கொள்ளக்கூடாது. உதாரணமாக சர்க்கார் வேலையுள்ள ஆயிரக்கணக்கான தொழிலாளர்களுக்கு கூடிய சீக்கிரம் வேலையில்லா ஒரு நிலை ஏற்பட்டிருக்கிறது. மாட்டுப்பெட்டி,

[ஸ்ரீ. கணபதி]

செங்குளம், பெருங்கல்குத்து முதலிய அணைகள் இந்த வருஷத்திலேயே தீரும்; அப்பொழுது இதில் தாற்காலிகமாய் வேலைபார்த்து வந்த உத்தேசம் 7000 தொழிலாளர்களுக்கு வேலையில்லாமல் போகும். இது சம்பந்தமாக உள்ளவர்கள், பி. டப்ளியு. டி மந்திரியைக் கண்டும் மெமோர்ராண்டம் கொடுத்துக்கொண்டும் அலைவதாகத் தெரிகிறது. இதற்கு பி. டப்ளியு. டி. மந்திரி என்ன உத்திரவாதம் நல்கியிருக்கிறாரோ.

மேலும் இந்நாட்டில் இந்த மில் ஏற்படுத்தியதன் மூலமாக ஆயிரக்கணக்கான ஏழைப் பெண்கள் வயற்றில் மண்ணடித்து வேலையில்லாத்திண்டாட்டம் இந்நாட்டில் வருமானால் இப்பொழுப்பை ஏற்க வேண்டியது தொழில் மந்திரி என்பதை இச்சபை முன்பாக கூறுகிறேன். ஆகவே மைனாரிட்டியான முதலாளிகள் 50 அல்லது 100 பேர்கள் ஆயிரக்கணக்கான ரூபாய்கள் சம்பாதிக்க 1000 கணக்கான ஏழைப் பெண்மணிகளின் பிழைப்பில் மண்அடித்துவிடக் கூடாது என்று கூற ஆசைப்படுகிறேன்.

இன்னும் நஞ்சை அதிகமில்லாத இடமான கோட்டயத்திற்கு இந்த மில் அவசியமில்லை. மில் இருந்தால் ஏராளம் ஸ்டாக் வைத்துப் பதுக்க முடியும். மேலும் நெல்குத்துவது பெண்களுக்கு ஆரோக்யம் உண்டாக்கும் ஒரு தேகப்பயிற்சியாகும், குறைந்தமாதக் கெற்பிணிகள் கூட நெல்குத்துவது நல்லது என்று டாக்டர்கள் கூறியிருப்பதாகக் கேள்விப்படுகிறோம். இன்னும் வீடுகளில் நெல்குத்துவதால் தான், உமி, பல்தேய்க்க உதவுகிறது. தென்னிந்தியர்கள் பெரும்பாலும் உமிக்கரியால்தான் பல் துலக்குவார்கள். மில் ஏற்படுத்தினால் இப்படிப்பட்ட சௌகரியங்கள் மக்களுக்குக் கிடைக்காமல் போய்விடும்.

ஆகவே ஆயிரக்கணக்கான ஏழைப் பெண்மணிகள் நெல்குத்தியும், கூலியாகக் கிடைக்கும் அரிசியை விற்றுப் பிழைத்துவரும் பெருவாரியான மக்களைப் பாதிக்கக்கூடிய மில் முறையை ஏற்படுத்தக் கூடாது என்று மீண்டும் கேட்டுக்கொண்டும் நேரம் அதிகமானதால் இன்னும் பல விஷயங்களைக் கூறாமலே எனது நோக்கத்தைத் தெரிவித்துக்கொண்டு இத்துடன் முடிக்கிறேன்.

<u>ശ്രീ. പരീതുറാവുത്തർ :</u> ഈ ഗവണ്മെൻറ് പുതുതായി മില്ലുകൾ അനുവദിക്കുന്നുവെങ്കിൽ അതു പല വിധത്തിലും നാട്ടിൽ കുഴഞ്ഞപ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്. തൊഴിലാളികൾ ജോലിയില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുകയും തൊഴിലിനുവേണ്ടി മുറവിളികൂട്ടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ മില്ലുകൾ അനുവദിക്കുകയാണെങ്കിൽ നെല്ലുകുത്തി ഉപജീവനം കഴിച്ചുകൂട്ടുന്നവർക്ക് തൊഴിലില്ലായ്മ വരുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. നെല്ലുകുത്തി ജീവിക്കുന്ന ധാരാളം സ്ത്രീകളെ നമ്മുടെ നാട്ടിന്റെ ഏതു ഭാഗത്തുപോയി നോക്കിയാലും കാണാൻ കഴിയും. അങ്ങനെയിരിക്കെ എല്ലാ തത്വങ്ങൾക്കും എതിരായി മില്ലുകൾ സ്ഥാപിക്കാൻ അനുവദിക്കുകയാണെങ്കിൽ അതു് ഈ ജോലി

ചെയ്തു ഉപജീവനം കഴിക്കുന്നവർക്ക് വലിയ വിഷമമായിത്തീരുമെന്നു ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. ശ്രീ. പി. ചാക്കോ പറഞ്ഞതുപോലെ സൗകര്യമുള്ളവരാണെങ്കിലും ഇല്ലാത്തവരാണെങ്കിലും ചില സന്ദർഭങ്ങളിൽ കുറച്ചു നെല്ലു കുത്തുന്നതു് ആരോഗ്യത്തിനു് നല്ലതാണെന്നാണു് എൻെറ അഭിപ്രായം. ഇന്നത്തെ സ്ത്രീകളിൽ ഭൂരിഭാഗവും അനാരോഗ്യരാണെന്നു് ഏറക്കുറെ നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. നെല്ലുകുത്തു ഒരു നല്ല എക്സർസൈസ് ആയതുകൊണ്ടു് അതു് ആരോഗ്യം വർദ്ധിപ്പിക്കുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല. അതു കൊണ്ടു സ്ത്രീകൾ കുറച്ചു നെല്ലുകൂടി കുത്തിയാൽ അടുത്ത തലമുറയെങ്കിലും ആരോഗ്യമുള്ളവരായിത്തീരുമെന്നുള്ളതിനു് പക്ഷാന്തരമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ബഹുമാനപ്പെട്ട മെംബർ ആരോഗ്യത്തിനുവേണ്ടി നെല്ലുകുത്താൻ തയാറുണ്ടോ?

ശ്രീ. പരീതു റാവുത്തർ: ആരോഗ്യത്തിനുവേണ്ടി നെല്ലുകുത്തെന്നല്ല എന്തുജോലിയും ചെയ്യുന്നതിനു് തയ്യാറാണെന്നു വ്യക്തമാക്കിക്കൊള്ളുന്നു.

ഇപ്പോഴത്തെ പുതിയ ലെവിസമ്പ്രദായം നടപ്പിലായാൽ കൃഷിക്കാരോടു ഗവണ്മെൻറു എടുത്തശേഷം ബാക്കിവരുന്ന നെല്ലു് കൃഷിക്കാരിൽനിന്നും സാധാരണക്കാർക്കു് കിട്ടുന്നതിനു പകരം അതു ചെന്നു ചേരുന്നതു മില്ലുടമസ്ഥന്മാരുടെ പക്കലായിരിക്കുമെന്നുള്ളതിനു് സംശയമില്ല. നാട്ടിൽ ശരിയായി വിതരണം നടക്കേണ്ട നെല്ലു അങ്ങനെ ഏതാണ്ടു പണക്കാരായ മില്ലുടമസ്ഥന്മാരുടെ കയ്യിൽചെന്നു ചേരും.

ആ വിധത്തിൽ ഈ നെല്ലെല്ലാം മില്ലുടമസ്ഥന്മാരുടെ കയ്യിൽ ചെന്നു ചേരുകയാണെങ്കിൽ സർക്കാരിൽനിന്നും നിയന്ത്രിച്ചിട്ടുള്ള വിലയ്ക്കു സാധുക്കൾക്കു് വാങ്ങാൻ സാധിക്കാതെവരും. ആ മില്ലുടമസ്ഥന്മാർ പറയുന്ന വിലകൊടുത്തു വാങ്ങേണ്ടിവരും. ആ നിലയ്ക്കു ഒരു പരിഹാരം ഉണ്ടാകാൻവേണ്ടി ഇങ്ങനെ ചെയ്യുന്നതു് നന്നായിരിക്കും. ഇപ്പോൾ കുറെ മില്ലുകൾ അനുവദിച്ചിട്ടുണ്ടു്; അതു് ചില പ്രത്യേക പരിതഃസ്ഥിതികളിൽ ഗവണ്മെൻറുമായിട്ടുള്ള ചില കരാറുകളിൽ സർക്കാർവക നെല്ലുകുത്തുന്നതിനു മാത്രമായി ലൈസൻസു കൊടുത്തു് സ്ഥാപിച്ചിട്ടുള്ളവയാണു്. ഈ മില്ലുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നപക്ഷം അതു് അവരോടുള്ള ഒരു അനീതിയായിരിക്കും.

ശ്രീ. പി. ചാക്കോ: ഈ മില്ലുകളിൽ സർക്കാർവക നെല്ലുമാത്രമേ കുത്തിക്കുന്നുള്ളോ?

ശ്രീ. പരീതുറാവുത്തർ: മെംബറിൻെറ നെല്ലുകുത്തിച്ചിട്ടുണ്ടോയെന്നു എനിക്കറിഞ്ഞുകൂടാ. ഏതായാലും തെക്കൻ തിരുവിതാംകൂറിലെ കാര്യം പറയുകയാണെങ്കിൽ അവിടെ സർക്കാർവക നെല്ലല്ലാതെ മറ്റാരുടെയും നെല്ലു് ഈ മില്ലുകളിൽ കുത്തുന്നില്ലായെന്നാണു് എൻെറ അറിവു്. അതു കൊണ്ടു് ഇങ്ങനെയുള്ള ചില വിഷമപ്രശ്നങ്ങളെ പര്യാലോചിച്ചു് നിവൃത്തിയുള്ളിടത്തോളം ഇപ്പോൾ അനുവദിച്ചിട്ടുള്ള മില്ലുകൾ തുടർന്നുകൊണ്ടുപോകുന്നതിനും എന്നാൽ ഇനിമേലാൽ മില്ലു അനുവദിക്കാതിരിക്കുന്ന

[ശ്രീ. പരീതു റാവുത്തർ]

തിനും നടപടിയെടുക്കേണ്ടതാണു്. ലെവിസമ്പ്രദായം അനുസരിച്ചു് ഗുണപ്രദമായി നെല്ലുകിട്ടി തുടങ്ങിയതിനുശേഷം, മില്ലുകൾ അനുവദിക്കുന്നതുകൊണ്ടു് യാതൊരു ദോഷവും വരാനില്ലെന്ന പരിതഃസ്ഥിതി ഉണ്ടായിക്കഴിഞ്ഞതിനുശേഷം, ഇങ്ങനെയുള്ള മില്ലുകൾ അനുവദിക്കുകയോ, അനുവദിക്കാതിരിക്കുകയോ ഗവണ്മെന്റിന്റെ ഇഷ്ടംപോലെ ചെയ്യാം. എന്നാൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ഇപ്പോഴുള്ള മില്ലുകൾ തുടന്നു കൊണ്ടുപോവുകയും മേലാൽ അനുവദിക്കാതിരിക്കുകയും ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

ஸ்ரீ. என். எ. நூர்முஹம்மது: ஸர், இந்த சபையின் முன்னால் சமர்ப்பிக்கப்பட்டிருக்கும் இந்தத் தீர்மானத்தைப் பற்றி நானோ அல்லது எங்களைச் சார்ந்தவர்களோ, பேச வேண்டுமென்று கருதவில்லை. ஆனால் எனது தோழர் ஸ்ரீ. குஞ்சன் நாடார் அவர்கள் இதைப்பற்றி தென் திருவிதாங்கூரிலிருந்து வரும் ஏனைய சகோதரர்கள் என்ன அபிப்பிராயப்படுகிறார்கள் என்று அறிய ஆசைப்பட்டதின் காரணத்தினால்தான் நான் இந்தத் தீர்மானத்தைப் பற்றி இங்கு பேச முன்வந்திருக்கிறேன்.

ശ്രീ. എ. കുഞ്ഞൻനാടാർ: ആശയല്ല. ഇവിടെ സംസാരിച്ചുകഴിഞ്ഞിട്ടു് നമുക്കു് അവിടെ തിരിച്ചുപോകണമെന്നു് ഓർക്കണം.

ஸ்ரீ. என். எ. நூர்முஹம்மது: அங்கு திரும்பிப் போவதற்கு சாமர்த்தியம் உண்டா? இல்லையா? என்பது எங்களுடைய சொந்தக்காரியம். எங்களுக்குப் போகத் தெரியும். தோழர் குஞ்சன் நாடாரின் சகாயம் தற்போது தேவையில்லை. இந்தப் பிரேரணையின் அடிப்படைத் தத்துவத்தைப் பற்றி எங்களுக்கு அபிப்பிராய வித்தியாசமொன்றும் கிடையாது. ஆனால் இந்தப் பிரேரணையை நீங்கள் துருவிப்பார்த்தால், இதில் இரண்டு அம்சங்கள் இருப்பதை உங்களுக்குப் பார்க்க முடியும். இந்தத் திருவிதாங்கூர் கொச்சி அரசாங்கம் கையாண்டு வரும் இந்தக் கொள்கையை, மாற்றியமைப்பது என்பது ஒன்று. இதுவரையிலும் யாருக்கெல்லாம் லைசென்ஸ் கொடுத்திருக்கிறார்களோ அந்த லைசென்ஸுகளை எல்லாம் உடனடி நிறுத்தல் செய்யவேண்டுமென்பது, இரண்டாவது கொள்கையாகும். முதல் கொள்கையைப் பொறுத்தளவில் எங்களில் யாருக்கும் அபிப்பிராய வித்தியாசம் இருக்கமுடியாது. தென் திருவிதாங்கூரிலிருக்கும் நிலைமையை அறிந்த யாராய் இருந்தாலும் சரி, அங்கு இந்தப் பிரச்னை பலவிதத்திலும் தாண்டவமாடிக்கொண்டு வருகிறதை அறிவார்கள். பல ஆண்டுகளாக இதே பிரச்னை அங்கு தாண்டவமாடிக்கொண்டு வந்திருக்கின்றது. அநேக பெண்கள், நெல் குத்தி ஜீவித்து வருகிறார்கள். கழிந்த தேர்தலில் சங்கர் அவர்களின் வெற்றிக்கு, இந்த நெல்குத்தும் பெண்களுக்கும் ஒரு பெரிய பங்கு உண்டென்று நான் கேள்விப்பட்டேன். இந்த லைசென்ஸ்களை உடனடியாக நிறுத்தல் செய்து இத்தொழிலில் ஈடுபட்டிருக்கும் விதவைப்பெண்களுக்கும், மற்று பெண்களுக்கும் வேண்டிய உதவி

கள் செய்யத் தயாராய் இருக்கிறோம் என்று வாக்குறுதி கொடுத்ததாக, நான் அறிவேன். அநேக சகோதரர்கள் சொன்னதுபோல் அங்கு அதிகம் கைத்தொழில்கள் இல்லை. அங்கு எத்தனை எத்தனையோ விதவைகள் இருக்கின்றார்கள். அவர்களுக்கு வேலை செய்து, சாப்பாடு போடுவதற்கு வேறு ஆண்கள் கிடையாது. ஒரு வேளை சாப்பிடுவதற்காவது இந்த நெல்குத்தும் தொழில் உபயோகப்படும் என்ற காரணத்தினால் தான் அங்குள்ள ஆட்களும் இக் கைக்குத்தலை ஆதரித்து வருகிறார்கள். முன்பு இம்மாதிரிப்பட்ட மில்கள் அங்கு தொடங்கப்பட்டன. ஆனால் அவைகள், லாபகரமான முறையில் நடக்கவில்லை என்று சொல்லி மூடப்பட்டது என்பது எங்களுக்கு மட்டுமல்ல, இவ்வரசாங்கத்திற்கும் தெரியும். கையால் குத்தக்கூடிய அரிசியைச் சாப்பிடுவதால், அது ஜனங்களுக்குக் குணகரமாகும் என்பதை நான் கூறவேண்டியதில்லை. அதற்கு, வைத்திய சாஸ்திரம் படித்தவர்கள் இருக்கிறார்கள். மகாத்மா காந்தி அவர்கள், நெல்லை மில்களுக்கு அனுப்பாமல், கையால் குத்தக் கூடிய அரிசியை சாப்பிடுவதுதான் மிகவும் குணமாகும் என்று கூறியிருப்பதாக அறிவேன். அதுமாத்திரமல்ல, உற்பத்தியை எந்த முறையில் எல்லாம் பெருக்க முடியுமோ, அவைகளுக்கு மெஷின்கள் மிகவும் இன்றியமையாதது என்று இருந்தால் மாத்திரமே மெஷின்களை உபயோகிக்க வேண்டுமே ஒழிய மெஷின்கள் இல்லாமலே செய்துகொண்டிருக்கிற இம்மாதிரிப்பட்ட காரியங்களுக்கு (கைகுத்தல் முறைக்கு) மெஷின்களை உபயோகிக்கக் கூடாது என்பதுதான் அவர்களது கருத்தாகும். இதைப்பற்றி, அவரது சிட்சியர்களில் ஒருவராகிய கேப்தாள் அவர்கள் கூட, திருவனந்தபுரத்தில் மாத்திரமல்ல; இந்தியா முழுவதுமே சென்று பிரசாரம் செய்து வருகிறார்கள் என்பதாகக் கேள்விப்பட்டிருப்பீர்கள். அந்தக் கொள்கையை இந்த அரசாங்கமும் அனுஷ்டிக்க வேண்டுமென்பதுதான் எனது அபிப்பிராயம். அதோடு கூட, நாகர்கோவில் ஏரியாவைப்பொறுத்தவரையில் அங்கு மூன்று மில்களுக்கு லைசென்ஸ் கொடுத்திருப்பதாகத் தெரிகிறது. அவைகள், எந்த முறையில் கொடுக்கப்பட்டதென்பதை அரசாங்கம் அறியும். அரசாங்கத்தினுடைய நெல்லைக் குத்துவதற்கு, தேவையிருக்கிறது. ஆகவே எத்தனை ரூபாய் செலவானாலும் சரி, மில்களை நீங்கள் ஸ்தாபிக்க வேண்டுமென்று கூறியிருக்கிறார்கள். அதன் மேல் சிலர் இந்த மில்களில் 70000 ரூபாய் முதல் ஒரு லட்சம் ரூபாய் வரை முடக்கியிருக்கிறார்கள். ஆகவே, உடனடி இம்மில்களை நிறுத்தல் செய்வதென்றால், உங்களது பணங்களை நீங்கள் எங்கு வேண்டுமானாலும் கொண்டு எறியுங்கள் என்று சொன்னால், அதனால் அரசாங்கத்தின் கௌரவத்துக்குப் பங்கம் ஏற்படும் என்று தான் நான் சொல்வேன். இந்த லெவி சிஸ்டம் செல்வதுவரை, இதுவும் செல்லட்டும். ஆனால் இனிமேல் யாருக்குமே இதற்கு லைசென்ஸ் கொடுக்கக்கூடாதென்ற கொள்கையை இந்த அரசாங்கம் கையாண்டால் அது தான் நியாயமாகும், நேர்மையும் ஆகும் என்று கூறிக்கொண்டு, முடித்துக்கொள்கிறேன்.

Shri M. M. Abdul Khader: Sir I move for a closure.

The motion for closure was put and carried.

Mr. Speaker: Mr. Sankar may speak now by way of reply.

3 PM.]

ஸ்ரீ. வி. சங்கர்: என்னுடைய Stand யை தெரியப்படுத்திக்கொண்டு, ஒன்றிரண்டு வார்த்தைகள் சொல்ல விரும்புகிறேன். இந்தப் பிரேரணையை நான் இங்கு கொண்டுவந்தபோது, நான் மெஷினரிக்கு எதிர் என்று சில காங்கிரஸ் அங்கத்தினர்கள் மனதிலாக்கியிருப்பதாக நினைக்கிறேன். அப்படி நினைத்திருந்தால், அது தவறாகும் எங்களது கட்சியிலுள்ளவர்கள் அதற்கு, Machinery க்கு எப்போதுமே எதிரில்லை. அதேபோல், என்னை பொறுத்தவரையிலும் Machineries வேண்டாமென்று நான் சொல்லவில்லை. Machineries கள், வேண்டியதுதான். இந்நாட்டில் இருக்கக்கூடிய Industries களை நிறுத்தல் செய்ய வேண்டுமென்ற ஒரு தீர்மானத்தை நான் இங்கு கொண்டுவரவில்லை; இந்த ரைஸ் மில்களைப் பொறுத்தமட்டில் தான் இங்கு ஒரு தீர்மானம் கொண்டுவந்திருக்கிறேன். பல அங்கத்தினர்கள் சொன்னது போல் இங்கு, தெக்கன் திருவிதாங்கூர், வடக்கன் திருவிதாங்கூர், மத்திய திருவிதாங்கூர் என்று பல வித்தியாசங்கள் இருக்கின்றன. ஒரு காங்கிரஸ் மெம்பர் அவர்கள் சொன்னதுபோல், வடக்கன் திருவிதாங்கூரில்தான் நல்ல தோடுகளும், ரோடுகளும், மேலும் கயர் பாக்டரி, அண்டி பாக்டரி முதலிய பல தொழிற்சாலைகளும் இருக்கின்றன. அங்குள்ள தொழிலாளிகளுக்கு நல்லகூலியும் கிடைக்குமாயிருக்கலாம். ஆனால் தென் திருவிதாங்கூரை எடுத்துப் பார்த்தால், இம்மாதிரி பாக்டரி ஜோலிகளுக்கு ஒன்றும் அங்குள்ள மக்களுக்கு வழியில்லை. நெல்குத்துவது என்பது மிகவும் லேசான ஜோலியல்ல. அது மிகவும் கஷ்டமான ஜோலியாகும். காலை எட்டு மணி முதல் மாலை 6 மணிவரை நெற்றி வேர்வை நிலத்தில் சிந்த, வேர்வையை ரத்தமாகச் சிந்தி பாடுபட்டால் தான் ஒரு குடும்பத்திற்கு ஒரு வேளைக்கு வேண்டிய அரிசி கிடைக்கும். இந்த நெல் குத்தும் ஜோலியை ஒரு பெண்ணும் இஷ்டப்படமாட்டாள். அவர்களின் தேகம் மெல்லிய தேகமாகும். அவர்களுக்கு, கடுமையான ஜோலி ஒன்றும் செய்ய முடியாது. ஆனால் இந்நாட்டின் துர்பாக்கியகரமான நிலைமையினால் தான், மானமாக ஜீவிப்பதற்கு வேண்டித்தான் அப்பெண்கள், இந்தக் கைக்குத்தல் வேலை மிகவும் சிரமமாயிருந்தும்கூட, அதைச் செய்ய முற்படுகிறார்கள்; என்றால்தான் அவர்களுக்கு ஜீவிக்க முடியும். நியாயமான கூலி கிடைக்கும்படி வேறேதாவது வேலை கொடுத்தால், அப்பெண்கள் இந்த கைக்குத்தல் ஜோலியை நிறுத்தி விடுவார்கள். ஆகவே, அங்கு தென் திருவிதாங்கூரிலுள்ள குடிசைக் கைத்தொழில்களுக்கு ஊக்கமளித்து அப்பெண்களுக்கு வேறு ஏதாவது வேலைகள் கொடுப்பதற்கு, நீங்கள் ஒரு திட்டம் வகுக்க வேண்டும். அங்ஙனம் அப்பெண்களுக்கு ஜோலி கிடைக்கும் ஒரு நிலைமை ஏற்பட்டால் அவர்கள் இந்த கைக்குத்தல் ஜோலியை விட்டு விட்டாலும் பிழைக்க முடியும். ஆனால் இன்றைய நிலைமையில்

இந்த ரைஸ்மில்களுக்கு லைசென்ஸ் கொடுத்து, லட்சக்கணக்கான மக்களின் பிழைப்பை, அவர்களின் ஜீவித மார்க்கத்தைத் தொலைத்து விட்டிருக்கிறீர்கள். ஆகவே, வேலையில்லாத்திண்டாட்டம் அங்கு தாண்டவமாடுகிறது. ஆகவே இந்த நிலைமை சீர்திருந்தும் வரையிலாவது இந்த மில்களுக்கு லைசென்ஸ் கொடுக்கும் இந்தக் கொள்கையை நிறுத்தல் செய்யவேண்டுமென்பது தான் எனது அபிப்பிராயம். ஆகவே எல்லா அங்கத்தினர்களும் இதைப்பற்றி ஆலோசித்து எனது இத்தீர்மானத்தைப் பாஸாக்கித் தரும்படி கேட்டுக்கொள்கிறேன்.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : സർ, ധാന്യം കൺട്രോൾ ചെയ്യുന്ന ഏർപ്പാട് ൧൧൨൨-ൽ മീനത്തിലും മേടത്തിലുമായി കൊച്ചിയിലും തിരുവിതാംകൂറിലും നടപ്പിൽ വന്നതിനെ തുടന്ന് നെല്ലുകുത്തുമില്ലുകളെ സംബന്ധിച്ച് ഗവണ്മെന്റ നിയന്ത്രണം കൈവശപ്പെടുത്തുകയുണ്ടായി. തിരുവിതാംകൂറിൽ നെല്ലുകുത്തുമില്ലുകൾ തീരെ പാടില്ലെന്നാണ് ആർഡർ ഉണ്ടായതു്. കൊച്ചിയിലും നെല്ലുകുത്തിനെ സംബന്ധിച്ച് ഒരു നിയന്ത്രണമാണ് ഉണ്ടായതു്. അതുവരെ നെല്ലുകുത്തു മില്ലുകൾ എല്ലാവക്കും നടത്താമായിരുന്നു. പക്ഷെ ഭക്ഷ്യധാന്യ നിയന്ത്രണം വരുത്തിയതോടുകൂടി ഫുഡ്കൺട്രോൾ ഡിപ്പാർട്ടുമെന്റിൽനിന്നും ഉള്ള ലൈസൻസുകൂടാതെ മില്ലുകൾ ഏർപ്പെടുത്താൻ പാടില്ലെന്നു തീരുമാനിച്ചു. അതു് സർക്കാരിലേയ്ക്കു് ഉള്ള നെല്ല് കുത്തുന്നതിനുവേണ്ടിയാണ്. ഇതിൽനിന്നും സ്പഷ്ടമാകുന്നതു് നമ്മുടേതുപോലുള്ള ഒരു രാജ്യത്തിൽ ഫുഡ്പാളിസിയെ സാരമായി ബാധിക്കുന്ന ഒന്നാണ് നെല്ല്കുത്തുമില്ലുകൾ എന്നതാണ്. തിരുവിതാംകൂറിൽ നെല്ലുകുത്തുമില്ലുകൾ നിറുത്തുവാനുള്ള കാരണം മില്ലിൽ നെല്ലുകുത്തുകയാണെങ്കിൽ അഞ്ചോ, എട്ടോ, പത്തോ, ശതമാനം അരി കുറഞ്ഞുപോകും എന്നുള്ളതാണ്. വളരെ ഭക്ഷണക്ഷാമമുള്ള സമയത്തു് അങ്ങനെ ഉണ്ടാകുവാൻ പാടില്ലെന്നുള്ളതായിരുന്നു ഗവണ്മെന്റിന്റെ വിചാരം. രണ്ടാമത്തു് കൈക്കുത്തരിക്കു മില്ലിൽ കുത്തുന്ന അരിയെക്കാൾ പോഷകാംശം കൂടുതൽ ഉണ്ടായിരിക്കുമെന്നുള്ളതാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : പോഷകാംശം കൂടുതലുള്ളതു് കൈക്കുത്തരിക്കാണെങ്കിൽ മില്ലുകൾ ഒരു കാലവും അനുവദിക്കാൻ പാടില്ലാത്തതാണല്ലോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ അങ്ങനെയുള്ള പരിഗണനകൾകൊണ്ടാണ് അന്ന് തിരുവിതാംകൂറിൽ ഈ ആർഡർ ഉണ്ടായതു് എന്നാണ് പറഞ്ഞതു്. തിരുവിതാംകൂറിൽ ഈ ആർഡർ ഉണ്ടായ സന്ദർഭത്തിൽ ഞാൻ കൊച്ചിയിലിരുന്നുകൊണ്ടു ഇവിടത്തെ കല്പന വായിച്ചവസരത്തിൽതന്നെ വ്യാവസായികമായി വളരെ പുരോഗമിച്ചിരുന്ന അന്നത്തെ ജപ്പാനിലും ഇതുപോലൊരു ആർഡർ വന്നതായി ഞാൻ നോട്ടു ചെയ്യുകയുണ്ടായി. അതുപോലുള്ള കാരണങ്ങൾ കൊണ്ടാണ് തിരുവിതാംകൂറിലും അങ്ങനെയുണ്ടായതു്. എന്നാൽ കൊച്ചിയിൽ മില്ലുകളെ സംബന്ധിച്ച് ഒരു നിയന്ത്രണം ഉണ്ടാക്കിയതേയുള്ളു. അതായതു് ഘഫേഷം ഇങ്ങനെ മില്ലുകൾ സ്ഥാപിക്കാൻ പാടില്ലെന്നു തീരുമാനിച്ചു. സർക്കാരിലേയ്ക്കുള്ള നെല്ലുകുത്തി വിതരണം ചെയ്യുന്നതിനുവേണ്ടി

[ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ]

ചില മില്ലുകൾക്ക ലൈസൻസു കൊടുത്തു. അതേ സന്ദർഭത്തിൽ അവിടെ ഫുഡ്ഡിപ്പാർട്ടുമെൻറിൽനിന്നും ഇങ്ങനെ നെല്ലെടുത്ത് മില്ലുകളിൽ കുത്തി അരിയാക്കി തിരിയെ കൊടുക്കേണ്ട ആവശ്യമില്ലെന്നും എന്നാൽ നെല്ലായിട്ടുതന്നെ തിരിയെ കൊടുത്താൽ മതിയെന്നും കൊച്ചി നിയമസഭയിൽ വാദപ്രതിവാദംപോലും ഉണ്ടായിരുന്നു. തിരുവിതാംകൂർ കൊച്ചി സംയോജനം വന്നതിനുശേഷമാണ് കൊച്ചിയിലെ നെല്ലെടുപ്പു സമ്പ്രദായം തിരുവിതാംകൂറിലും നടപ്പിലാക്കണമെന്ന് തീരുമാനിച്ചത്.

കൊച്ചിയിൽ നെല്ലെടുപ്പു സമ്പ്രദായത്തിൻെറ ഒരു അഭേദ്യമായ ഭാഗമാണ്, കർഷകരിൽനിന്നു നെല്ലെടുത്തു, കൺട്രാക്ടർമാർവഴി ഗോഡൌണിൽ സ്റ്റോർട്ടു ചെയ്ത്, മില്ലുകളിൽ കൊണ്ടുപോയി കുത്തി അരിയാക്കി, ഡിപ്പോകളിൽ കൊണ്ടുവന്ന്, ഡിപ്പോവഴി വിതരണത്തിനു ഏർപ്പാടു ചെയ്യുക എന്നുള്ളത്. അതുപോലെ ഒരേർപ്പാടു ഇവിടെ നടപ്പിലാക്കിയതിൻെറ ആദ്യ പടിയായിട്ടാണ്, തെക്കൻ തിരുവിതാംകൂറിലുള്ള രണ്ടു മൂന്നു മില്ലുകൾക്ക ലൈസൻസു കൊടുത്തത്. അങ്ങനെ ചെയ്തതു തിരുവിതാംകൂറിനോടു ഒരു ഭേദബുദ്ധി കാണിക്കണമെന്ന വിചാരത്തോടുകൂടിയായിരുന്നില്ല. തെക്കൻതിരുവിതാംകൂറിൽ ഇപ്പോൾ ലൈസൻസു കൊടുത്തിട്ടുള്ള രണ്ടോ മൂന്നോ മില്ലുകൾ സർക്കാരിലേയ്ക്കു എടുക്കുന്ന നെല്ലു കുത്തുവാൻ മാത്രമുള്ളതാണ്. സ്വകാര്യവ്യക്തികളുടെ നെല്ലു അവിടെ മില്ലു ചെയ്യുവാൻ അനുവാദം നൽകിയിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : സ്വകാര്യവ്യക്തികൾ വ്യാജമായി നെല്ലുകൊണ്ടുപോയി കുത്തിച്ചു അരിയാക്കിവാങ്ങി ബ്ളാക്കമാർക്കററ ചെയ്യുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഇതുവരെ ചെയ്തതായിട്ട് അറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : അങ്ങനെയുണ്ടെങ്കിൽ അതു നിയന്ത്രിക്കുന്നതിനു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളിഗോവിന്ദ മേനോൻ : ഗവൺമെൻറിൻെറ ഉദ്ദേശം അതല്ല.

ഡാക്ടർ എൻ. എസ്സ്. പിള്ള : നെല്ലുകുത്തുന്ന സ്ത്രീകളുടെ രക്ഷണം എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളിഗോവിന്ദ മേനോൻ : ഞാൻ ആ വിഷയത്തിലേയ്ക്കു വരുന്നു.

നെല്ലെടുപ്പുസമ്പ്രദായത്തിൽ വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ എന്താണു ചെയ്യേണ്ടത് ? നെല്ലുകുത്തു മില്ലുകൾക്ക ലൈസൻസു കൊടുക്കണമോ വേണ്ടയോ എന്നാലോചിച്ചു. ഇപ്പോൾ ഗവണ്മെൻറിൽനിന്നു ലൈസൻസുകൊടുത്ത മില്ലുകളുടെ ലൈസൻസു ക്യാൻസൽ ചെയ്യണമെന്ന ഒരു നയവ്യത്യാസം വരുമ്പോൾ മാത്രമേ അതിനെപ്പററി ആക്ഷേപിക്കുവാനുള്ളു. ശ്രീ. നടരാജപിള്ള സംശയിച്ചു

മാതിരി അതിനധികാരമുണ്ടോ ഇല്ലയോ എന്നുള്ള ഭയമല്ല, നേരെമറിച്ച് അതു വിഹിതമാണോ അല്ലയോ എന്നുള്ള ഭയമാണുള്ളത്. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ റൈസ്മില്ലുകൾ ഏർപ്പെടുത്തിയതിനെപ്പററിയും, അതുകൊണ്ടുള്ള ദോഷങ്ങളെപ്പററിയും ഇവിടെ പലതും പറഞ്ഞു. അതൊക്കെ പരിഹരിച്ചു ബഹുമാനപ്പെട്ട ആററിങ്ങൽമെംബർ പറഞ്ഞമാതിരി സ്ത്രീകളുടെ റഫറണ്ടം എടുത്തിട്ടില്ലെങ്കിൽതന്നെയും അതെല്ലാം ആലോചിച്ചു ഇങ്ങനെയുള്ള എല്ലാം കാര്യങ്ങളിലും ഗവണ്മെൻറ ഒരു നയം സ്വീകരിക്കുന്നതാണ്.

ശ്രീ. ററി. എ. മജീദ്: ഗവണ്മെൻറിലേയ്ക്കു എടുക്കുന്ന നെല്ലു നെല്ലായിട്ടുതന്നെ വിതരണം നടത്തിയാൽ എന്തു തകരാറാണുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല തകരാറുകളുമുണ്ട്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഡിപ്പാർട്ടുമെൻറിൻെറ നേരിട്ടുള്ള നെല്ലെടുപ്പു ക്ഷീണിപ്പിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണു ഡിപ്പാർട്ടുമെൻറിൽനിന്നും നെല്ലായിട്ടു കൊടുക്കുന്നതിനു ബുദ്ധിമുട്ടുള്ളത്. ഫുഡ് ഡിപ്പാർട്ടുമെൻറ ഏകദേശം എത്രലക്ഷം ടൺ നെല്ലും അരിയും കൈകാര്യം ചെയ്യുന്നുണ്ടെന്നു നോക്കാം.

൪,൨൫,൦൦൦ ടൺ ഗോതമ്പും അരിയും ഇൻഡ്യാഗവണ്മെൻറ നമുക്കു തരുന്നുണ്ട്. ഏതാണ്ടു ൧,൦൦,൦൦൦ ടൺ അരിക്കുള്ള നെല്ലാണു ഇവിടെ എടുക്കുന്നത്. അതു മുഴുവനും നെല്ലായിട്ടുതന്നെ കൈകാര്യം ചെയ്യുകയാണെങ്കിൽ എങ്ങനെയാണു സാദ്ധ്യമാവുക എന്നുള്ളതു ബഹുമാനപ്പെട്ട മെംബർമാരോടു വലിയ വിശദീകരണം കൂടാതെതന്നെ ഞാൻ പറയാം. ഒരു ലക്ഷം ടൺ അരിയായിട്ടു കൊടുത്താൽ എത്രയോ, അതിരട്ടിവേണം അതു നെല്ലായിട്ടു കൈകാര്യം ചെയ്യുവാൻ. മാത്രമല്ല നമ്മുടെ ഗോഡൗണിൻെറ കാര്യം നോക്കിയാൻ അവിടെയും ബുദ്ധിമുട്ടുണ്ട്. ഒന്നാമതു നെല്ലായിട്ടു വിതരണം നടത്തണമെങ്കിൽ, ഇവിടെ ധാരാളം ഗോഡൗണുകൾ വേണം; ലോറികൾവേണം. രണ്ടാമതു പതിരിൻെറ കാര്യത്തിൽ പലക്കും ഇവിടെ ആക്ഷേപമുള്ളതായി കേട്ടു. വിതരണം ചെയ്യുന്ന നെല്ലിൽ പതിരു ധാരാളമുണ്ടെന്നാണ് ആക്ഷേപം. അതു വളരെ ശരിയാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ട്. അങ്ങനെയുണ്ടാകാനുള്ള കാരണം ഇതിനുമുൻപൊരവസരത്തിൽ ഞാൻ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതൊക്കെ വച്ചുനോക്കുമ്പോൾ പലതുകൊണ്ടും അരിയായിട്ടു വിതരണം ചെയ്യുകയാണു നല്ലതെന്നാണു തോന്നുന്നത്.

ബഹുമാനപ്പെട്ട മെംബർ ശ്രീ. കരുണാകരൻ ചോദിച്ചു, ഗവണ്മെൻറിൻെറ നിയന്ത്രണത്തിൽ ചില മില്ലുകൾ നടത്തുകയല്ലേ നല്ലതെന്ന്. ഇപ്പോഴും മില്ലുകൾ ഗവണ്മെൻറിൻെറ നിയന്ത്രണത്തിലാണ്. നേരിട്ടുതന്നെ ഗവണ്മെൻറ നെല്ലെടുത്തു മില്ലുകളിൽ കുത്തിച്ചിരുന്നു.

ഈ അവസരത്തിൽ എനിക്കു ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാനുള്ളതു ഫുഡ്ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെ സഹായിക്കുവാൻ വേണ്ടിയാണു റൈസ്മില്ലുകൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നാണ്. കൊച്ചി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

യിൽ അപൂർവ്വം ചില മില്ലുകളിൽ സ്വകാര്യവ്യക്തികളുടെ നെല്ലു ചില പ്രത്യേക നിബന്ധനകളിന്മേൽ കുത്തി കൊടുക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുള്ള വസ്തുത ഞാൻ മറച്ചുവയ്ക്കുന്നില്ല. അതു വിട്ടുള്ള ബാക്കി കാര്യങ്ങളിൽ ആ മില്ലുകൾ മുഴുവൻ ഫുഡ് ഡിപ്പാർട്ടുമെൻറിനു സഹായകമാകുന്ന ഒരു യന്ത്രമാണ്. അതുകൊണ്ടു തെക്കൻതിരുവിതാംകൂറിൽ ഇന്നു രണ്ടോ മൂന്നോ മില്ലുകളുണ്ടെങ്കിൽ, അതു കൊച്ചിയിലുള്ളതു ഇവിടെയും ചെയ്യണമെന്നുദ്ദേശിച്ചു ചെയ്തിട്ടുള്ളതാണ്. ഇത്രമാത്രമെ എനിക്കു ഈ പ്രമേയത്തെപ്പററി പറയുവാനുള്ളു. ശ്രീ. ശങ്കർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അതേരൂപത്തിൽ സ്വീകരിക്കുവാൻ ഗവണ്മെൻറിനു നിവൃത്തിയില്ലെന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ പുതുതായി യാതൊരു മില്ലിനും ലൈസൻസു കൊടുക്കുകയില്ലെന്നും, തെക്കൻതിരുവിതാംകൂറിൽ അനുവദിച്ച മില്ലുകളിൽ സ്വകാര്യവ്യക്തികളുടെ നെല്ലു കുത്തിക്കുവാൻ അനുവദിക്കുകയില്ലെന്നുമാണോ ഗവണ്മെൻറിൻെറ നില?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴത്തെ നില അതാണ്.

Mr. Speaker: Mr. Sankar, do you press the resolution?

Shri C. Sankar: Yes, Sir.

The motion was put and declared lost.

Shri C. Sankar: I demand a poll, Sir.

A poll was taken when the House divided as follows:

Ayes—40.

1. Shri M. M. Abdul Khader.
2. „ A. Thanu Pillai.
3. „ K. Balakrishna Menon.
4. „ C. Achyutha Menon.
5. „ Chengarappalli P. Narayanan Potti.
6. „ T. K. Divakaran.
7. „ T. V. Thomas.
8. „ C. Sankar.
9. „ K. Sadanandan.
10. „ K. Kuttappan.
11. „ R. Gangadharan.
12. „ M. N. Govindan Nair.
13. Shrimati K. R. Gouri.
14. Shri E. Gopalakrishna Menon.
15. „ A. Achyuthan.
16. „ P. S. Nataraja Pillai.
17. „ C. C. Ayyappan.
18. „ T. A. Majeed.
19. „ A. Kunjan Nadar.
20. „ T. S. Ramaswami.
21. „ A. Samraj.

22. Dr. N. S. Pillai.
23. Shri N. Nilakantaru Pandarathil.
24. „ K. K. Kumara pillai.
25. „ C. K. Kumara Panicker.
26. „ T. K. Krishnan.
27. „ K. V. Krishnankutty Warrier.
28. „ Kambisseril Karunakaran.
29. „ P. Bhaskaran Nair.
30. „ C. K. Viswanathan.
31. „ R. Sugathan.
32. „ C. P. Srivallabha Menon.
33. „ V. Sreedharan.
34. „ C. G. Sadasivan.
35. „ P. Ravindran.
36 „ Ramakrishnan.
37. „ N. Rajagopalan Nair.
38. „ N. Raghava Kurup.
39. „ K. P. Prabhakaran.
40. „ E. Krishnan Nair.

Noes—53.

1. Shri K. P. Krishna Menon.
2. „ O. C. Ninan.
3. „ V. R. Krishnan Ezhuthassan.
4. „ N. P. Varghese.
5. „ Nedumangad R. Kesavan Nair.
6. „ A. Chidambaranatha Nadar.
7. „ Panampilli Govinda Menon.
8. „ T. M. Varghese,
9. „ A. J. John.
10. „ Kalathil Velayudhaan Nair.
11. „ K. Kochukuttan.
12. „ V. Madhavan.
13. „ K. Madhavan Unnithan.
14. „ Anthonie Andrew Daniel Luiz.
15. „ T. T. Kesavan Sastri.
16. „ K. Karunakaran.
17. „ Cheriyan J. Kappan.
18. „ Alexander Parambitharayil.
19. „ P. Chacko.
20. „ M. P. Varghese.
21. „ K. J. Thomas.
22. „ M. K. Mathai.
23. „ M. V. Cheriyan.
24. „ A. K. Chelliah.
25. „ K. K. Chellappan Pillai.
26. „ K. M. Chandy.
27. „ A. C. Chacko.
28. „ K. Bhanu.
29. „ K. K. Ayyappan.
30. „ P. C. Athichan.

Noes 53 (*contd*)

31. Shri Vasudevan Pillai.
32. " P. Sadasivan Pillai.
33. " P. Ramaswami Pillai.
34. " N. A. Noor Muhammed.
35. " J. T. Moraes.
36. " M. William.
37. " Varunny Pulikkal.
38. " V. V. Varkey.
39. Dr. P. T. Thomas.
40. " M. Sivaraman Nair.
41. Shri Alexander Manuel Simon.
42. " R. Ponnappa Nadar.
43. " Pareethu Rowther.
44. " M. C. Mathew.
45. " R. Kesava Pillai.
46. " C. Kesavan.
47. " Joseph Vazhappilli.
48. " James Tharayil.
49. " A. L. Jacob.
50. " K. M. George.
51. " Ganapathi.
52. " Ambat Eachara Menon.
53. " S. G. Deviappan.

Neutral—1.

Shri E. P, Varghese.

The motion was lost.

RESOLUTION RE : CONDITION OF LOCK-UPS.

ശ്രീ. സി. അച്യുതമേനോൻ: സർ, ഈ പ്രമേയം ഞാനിവിടെ അവതരിപ്പിക്കുന്നു.

തിരുവിതാംകൂർ-കൊച്ചി സ്റ്റേററിലെ സബ്ജയിലുകളിലേയും ലാക്കപ്പുകളിലേയും സ്ഥിതിയെപ്പററി അന്വേഷിച്ച് റിപ്പോർട്ടു ചെയ്യാനും വേണ്ട പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കാനുമായി ഈ സഭയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിററിയെ നിയമിക്കാൻ ഈ സഭ തീരുമാനിക്കുന്നു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സർ, ഒരു പായിൻറ ആഫ് ആർഡർ. ഈ റെസല്യൂഷനിൽ 'ഈ സഭ തീരുമാനിക്കുന്നു' എന്നു പറയുന്ന പദപ്രയോഗം ശരിയാണോ?

മി. സ്പീക്കർ: 'തീരുമാനിക്കുന്നു' എന്നു പറയുന്നതു് ഒരു ഒപ്പീനിയൻ (അഭിപ്രായം) മാത്രമാണ്. അതിൽ തെററില്ല.

ശ്രീ. സി. അച്യുതമേനോൻ: വളരെ പ്രാധാന്യമേറിയ ഒരു പ്രമേയത്തെ സംബന്ധിച്ചാണ് നാമിപ്പോൾ ചർച്ച ആരംഭിക്കുന്നതു്. ഈ കാൺഗ്രസ്ഗവണ്മെൻറ് അധികാരത്തിൽവന്നകാലത്തു ലാക്കപ്പുകളിലും സബ്ജയിലുകളിലും കഴിഞ്ഞുകൂടിയിരുന്ന ആയിരക്കണക്കിനുള്ള തടവുപുള്ളികൾക്കു വമ്പിച്ച പ്രതീക്ഷകൾ ഈ ഗവണ്മെൻറിൽനിന്നും ഉണ്ടാ

യിരുന്നു. ഈ സബ്ജയിലുകളിലെയും ലാക്കപ്പുകളിലെയും ജീവിതത്തെ നിയന്ത്രിക്കുന്നതിനു നിലവിലുള്ള നിയമങ്ങൾ വളരെവളരെ പഴഞ്ചനാണെന്നു—'പഴഞ്ചൻ' എന്നുമാത്രം പറഞ്ഞാൽ പോരാ, മാനുഷികത തൊട്ടുതെറിക്കാത്തവയാണെന്നു സ്വന്തം അനുഭവത്തിൽനിന്നും വേണ്ടിടത്തോളം അറിഞ്ഞിട്ടുള്ള ആളുകളാണു കാൺഗ്രസ്സുകാർ എന്നാണു ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നതു്. അതുകൊണ്ടു ന്യായമായിട്ടും ഈ ലാക്കപ്പുകളിലെ സ്ഥിതിയെ പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കാൺഗ്രസ്സ് ഗവണ്മെൻറ് കൈക്കൊള്ളുമെന്നു പ്രത്യാശിക്കുവാൻ അവകാശമുണ്ടായിരുന്നു. ൧൯൪൭ ആഗസ്റ്റിൽ ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടുപോവുകയും, അതിനെ തുടർന്നു കാൺഗ്രസ്സ് അധികാരത്തിൽവരുകയും ചെയ്യുന്നതിനുമുമ്പു ൧൯൩൭-ലും കാൺഗ്രസ്സുകാർ ഭാഗികമായി ഭരണപരിഷ്കാരത്തിന്റെ അടിസ്ഥാനത്തിൽ ഭരണഭാരം കയ്യേറ്റെടുത്തകാലത്തു ചില നടപടികൾ കൈക്കൊള്ളുകയുണ്ടായിട്ടുണ്ടു്. ആ സംഗതിയും ഈ കാര്യത്തിൽ പൊതുജനങ്ങൾക്കു് ആശ നൽകുന്നതിനു് ഒരു കാരണമായിട്ടുണ്ടു്.

ഞാൻ സൂചിപ്പിക്കുന്നതു് ൧൯൩൭-ൽ മദ്രാസ് സംസ്ഥാനത്തു് കാൺഗ്രസ്സ് ഗവണ്മെൻറ അധികാരത്തിൽ വന്നപ്പോൾ എടുത്ത നടപടികളെപ്പററിയാണു്. അതിനു അടിസ്ഥാനപരമായ ചില കാരണങ്ങൾ ഉണ്ടായിരുന്നു. ജയിൽനിയമം ഉണ്ടാക്കിയതു് ഒരു വിദേശഭരണാധികാരി നമ്മെ ഭരിച്ചുകൊണ്ടിരുന്ന കാലത്താണു്. അവരെ നിയന്ത്രിച്ചിരുന്ന ആശയമോ ഈ ജയിൽപുള്ളികൾ എല്ലാം മനുഷ്യരാണു് എന്നു കണക്കാക്കുവാൻ സമ്മതിക്കാത്ത ഒരു മനോഭാവവുമായിരുന്നു. അത്രയും ക്രൂരമായ വിധത്തിൽ, അത്രയും പൈശാചികമായ വിധത്തിൽ, അത്രയും നാരകീയമായ വിധത്തിൽ ജയിൽ പുള്ളികളെ ശല്യപ്പെടുത്തുവാനും ദ്രോഹിക്കുവാനും അവർ തയാറായിരുന്നു എന്നുള്ളതു് ശരിയാണു്. ആ സിദ്ധാന്തം അനുസരിച്ചാണു് ഈ ജയിൽനിയമം രൂപീകരിച്ചിരുന്നതു്. ൧൯൩൭-ലെയും, ൧൯൩൨-ലെയും സ്വാതന്ത്ര്യസമരത്തിൽ ഈ തിരുവിതാംകൂറിൽതന്നെയുണ്ടായ സ്റ്റേററ്കാൺഗ്രസ്സ് സമരത്തിൽ ആയിരക്കണക്കിനു വിദ്യാഭ്യാസം സിദ്ധിച്ച ആളുകൾ, യുവാക്കന്മാർ, ഈ വക ജയിലുകളിൽ ചെന്ന അവസരത്തിൽ അവരുടെ സ്വന്തം അനുഭവത്തിൽനിന്നും ലാക്കപ്പ് എത്രയും പൈശാചികമാണെന്നു് അവർ കണ്ടു. കാൺഗ്രസ്സ് അധികാരത്തിൽവന്ന ഈ കാലത്തും ആ കാര്യത്തിൽ യാതൊരു പരിഷ്കാരവും നടപ്പിൽ വരുത്തിയിട്ടില്ല. മുമ്പത്തേക്കാൾ കൂടുതൽ പൈശാചികമായ മർദ്ദനമാണു് ലാക്കപ്പിലും സബ്ജയിലിലും നടത്തുന്നതു്. അതു സംബന്ധിച്ചിട്ടുണ്ടായിട്ടുള്ള ആക്ഷേപങ്ങളുടെയും സംഭവങ്ങളുടെയും ചരിത്രം ആർക്കും നിഷേധിക്കുവാൻവയ്യ. ആ കാര്യത്തെപ്പററി പിന്നീടു ഞാൻ പ്രതിപാദിക്കുന്നതാണു. ഈ ലാക്കപ്പുകളിലെ സ്ഥിതിയെസംബന്ധിച്ചു് പറയുന്ന അവസരത്തിൽ ഒന്നാമതായി ലാക്കപ്പിലുള്ള അക്കാമഡേഷനെപ്പററി പറയാമെന്നു വിചാരിക്കുന്നു. തിരുവിതാംകൂർ-കൊച്ചിയിലുള്ള ഏതെങ്കിലും ലാക്കപ്പുകളിലോ സബ്ജയിലുകളിലോ ഒരു മനുഷ്യനു വസിക്കുവാൻ, ആരോഗ്യപരമായി ഒരു മനുഷ്യനു മനുഷ്യനെപ്പോലെ താമസിക്കുവാൻ, പര്യാപ്തമായവിധത്തിൽ അതിനു സൗകര്യമുള്ളവിധത്തിൽ, പണിയിച്ചിട്ടുള്ള ലാക്കപ്പും സബ്ജയിലും ഉണ്ടാ

[ശ്രീ. സി. അച്യുതമേനോൻ]

എന്നു ഞാൻ ചോദിക്കുന്നു. നിയമത്തിൽ എക്സെപ്ഷൻ എന്ന വിധത്തിൽ ചിലതു കണ്ടേക്കാം. പ്രായോഗികമായി നോക്കുകയാണെങ്കിൽ എല്ലാ ലാക്കപ്പും മനുഷ്യവാസത്തിനു ഉചിതമായവിധത്തിലല്ല. എനിക്കു പരിചയമുള്ളതു് എറണാകുളത്തും തൃശ്ശിവപേരൂരുമുള്ള ലാക്കപ്പുകളാണു്. ഈ രണ്ടു സ്ഥലങ്ങളിലും ലാക്കപ്പു പണിയിച്ചിട്ടുള്ളതിൽ സൂര്യപ്രകാശം പോലും കിട്ടാൻ പ്രയാസമാണു്. വളരെ ഉയരത്തിൽ ഒരു കിളിവാതിൽ ഉണ്ടു്. മലമൂത്ര വിസർജ്ജനത്തിനു യാതൊരു സൗകര്യവുമില്ല. പക്ഷെ എന്റെ സ്നേഹിതന്മാർക്കു മററു പല ലാക്കപ്പുകളിലുംവച്ചുണ്ടായ അനുഭവം അവർ പറഞ്ഞുകേട്ടതുവച്ചു നോക്കുമ്പോൾ എറണാകുളത്തേയും തൃശ്ശിവപേരൂരേയും ലാക്കപ്പുകൾ സ്വാഗതാർഹമാണു്. മററു ലാക്കപ്പുകളുടെ സ്ഥിതി അത്യന്തം ദയനീയമാണു്. എന്തിനു്, ഈ നിയമസഭാമന്ദിരത്തിനു തൊട്ടടുത്തു കിടക്കുന്ന കന്റോൺമെന്റു് ലാക്കപ്പിലെ സ്ഥിതിയെപ്പററി എന്റെ സ്നേഹിതന്മാർ പലരും എന്നോടു പറയുകയുണ്ടായി. നട്ടുച്ചസമയത്തു് ആ ലാക്കപ്പിൽ വെളിച്ചം അശേഷം കിട്ടുകയില്ല. രണ്ടു പുള്ളികളെ കൊണ്ടുചെന്നാൽ അവർ തമ്മിൽ തിരിച്ചറിയാൻ പ്രയാസമാണു്. അതുപോലെ കോട്ടയം സബ്ജയിലിൽ രണ്ടു മുറികളിലായി അനവധി പുള്ളികളെ ഇട്ടിട്ടുണ്ടു്. അനവധി പുള്ളികൾ ഒന്നിച്ചു രാത്രി ആ മുറികളിൽ വിശ്രമിക്കും. എനിക്കു് ഈ അവസരത്തിൽ ഇക്കഴിഞ്ഞ രണ്ടുകൊല്ലത്തിനുള്ളിൽ ഉണ്ടായിട്ടുള്ള ചില സംഭവങ്ങളെ പരാമർശിക്കേണ്ടിയിരിക്കുന്നു. ഇടപ്പള്ളി കേസ്സിലെ പ്രതികളായിട്ടുള്ള മുപ്പതോളം സഖാക്കളെ ഒരു കൊല്ലത്തിലധികംകാലം ആലുവാ സബ്ജയിലിൽ പാർപ്പിച്ചു. ആലുവാ സബ്ജയിലിൽ രണ്ടുമുറികളാണുള്ളതു് ൧൮ അടി നീളവും ൧൦ അടി വീതിയും ഉള്ള മുറിയിൽ ൧൫൦-ൽ അധികം രാഷ്ട്രീയതടവുകാരെയും അതോടുകൂടി അഞ്ചാറു് ക്രിമിനൽ പുള്ളികളേയും ഇട്ടിരുന്നു. ഈ നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരം നൽകുകയുണ്ടായി, ജയിൽ ചട്ടപ്രകാരം ഒരു തടവുകാരനു ൪൦ സ്കയർഫീററ് അല്ലെങ്കിൽ ൫൦൦ ക്യൂബിക്ക്ഫീററ് എങ്കിലും സ്പെയിസു അനുവദിക്കണമെന്നു്. ഈ കണക്കിൽ യാതൊരുവിധത്തിലും ചേർന്നുപോകുന്നതല്ലയല്ല ആലുവാ സബ്ജയിലിലുണ്ടായിരുന്നതു്. ആലുവാ സബ്ജയിലിൽ പതിനഞ്ചു് ഇരുപതു് ആളുകൾ ൧൮ അടി നീളവും, ൧൦ അടി വീതിയും ഉള്ള ഒരു മുറിയിൽ ഒരു കൊല്ലം കഴിച്ചുകൂട്ടുകയുണ്ടായി. എല്ലാവർക്കും പായ് നിവർത്തി കിടക്കുവാനുള്ള സൗകര്യം ഇല്ലായിരുന്നതുകൊണ്ടു് അവർ ഷിഫ്ടായിട്ടാണു് രാത്രി ഉറങ്ങിയിരുന്നതു്. എത്രമാത്രം ഭയങ്കരമായ ഒരു കാര്യമാണു് അതെന്നു നിങ്ങൾ ആലോചിച്ചുനോക്കണം. അതുപോലെ തന്നെ എനിക്കറിയാൻ സാധിച്ചതു് വൈക്കം ലാക്കപ്പിലും ഉദ്ദേശം ൨൦ അടി നീളവും ൧൮ അടി വീതിയും ഉള്ള ഒരു മുറിയിൽ ൧൦ മാസത്തോളംകാലം ൪൦-ൽ അധികം പ്രതികളെ താമസിപ്പിച്ചിരുന്നു, എന്നാണു്. ഇതിനെ സംബന്ധിച്ചു് ഞാൻ ഒരു ചോദ്യം അയച്ചിരുന്നു, അതായതു് തൃശ്ശിവപേരൂർ സബ്ജയിലിൽ കഴിഞ്ഞ ഒരു കൊല്ലത്തിൽ ശരാശരി എത്ര പുള്ളികളെവീതം മുരു മുറിയിൽ ഇട്ടിട്ടുണ്ടായിരുന്നു എന്നായിരുന്നു ആ ചോദ്യം. എന്തുകൊണ്ടാണെന്നു് അറിഞ്ഞുകൂടാ, അതിനു് മറുപടി കിട്ടിയില്ല. ഏതായാലും എന്റെ അറിവിൽപ്പെട്ടിട

ത്തോളം ഞാൻ മനസ്സിലാക്കുന്നത് ആ സബ്ജയിലിൽ ൫൰ ആളുകളിൽ കൂടുതൽ ഇടുവാൻ സാദ്ധ്യമല്ല എന്നാണ്. ഒരുകാലത്തും അവിടെ ൫൰ ആളുകളെയല്ല ഇട്ടിട്ടുള്ളത്. അതിൽ കൂടുതൽ ആളുകൾ അവിടെ ഉണ്ടായിട്ടുണ്ട്. ഇതിനെയാണ് അക്കാമഡേഷന്റെ കാര്യം.

മററു കാര്യങ്ങൾ നോക്കുമ്പോൾ അതിലും ദയനീയമാണ്. യാതൊരു വിധത്തിലുള്ള ശുചീകരണസൗകര്യങ്ങൾ ലാക്കപ്പുകളിലും സബ്ജയിലുകളിലും ഇല്ല, അതിനു യാതൊരു ഉപകരണവുമില്ല. ഞാൻ മുമ്പു പറഞ്ഞപോലെ ലാക്കപ്പുകളിലും സബ്ജയിലുകളിലും, മലമൂത്രവിസർജ്ജനത്തിനു പരിഷ്കൃതമായ യാതൊരു ഏർപ്പാടും ഇല്ല. ഓരോ മുറിയിലും ഓരോ കുടം വച്ചിരിക്കും. അത്യാവശ്യമുള്ളവർ മലമൂത്രവിസർജ്ജനം അവിടെ ചെയ്യണം. കാലത്തു അതു എടുത്തു പുറത്തുകൊണ്ടു പോയി കളയണം. ഈ കുടത്തിൽതന്നെ എല്ലാവർക്കും മലമൂത്രവിസർജ്ജനത്തിനു സൗകര്യമില്ല. വളരെ അധികം ആളുകളെ കുത്തിക്കയററുന്നതു കൊണ്ടു് ഒരു പാത്രത്തിൽതന്നെ മലമൂത്രവിസർജ്ജനത്തിന് സൗകര്യമില്ല. പല അവസരങ്ങളിലും കുടം നിറഞ്ഞു മൂത്രം എല്ലാം നിലത്തു ഒഴിഞ്ഞു പോകുന്നുണ്ടു്. എന്നാൽ ആ നിലം വെള്ളംകൊണ്ടു് കഴുകുവാനോ അടിച്ചുതളിക്കുവാനോ ഒന്നും ശ്രമിക്കാറില്ല. ഞാൻ തൃശ്ശിവപേരൂർ സബ്ജയിലിൽ കിടന്നപ്പോൾ ചില ഭ്രാന്തന്മാരെ അവിടെ കൊണ്ടുവരികയുണ്ടായിട്ടുണ്ടു്. അവർ മുറിയിൽ നിറഞ്ഞിരിക്കുന്ന ഈ കുടം മറിച്ചുകളയും. എന്നാൽ അതൊന്നും കഴുകിക്കളയുകയില്ല.

ഒരു തടവുകാരനായിട്ടു, അണ്ടർട്രയൽ പ്രിസണറായിട്ടു, ലാക്കപ്പിൽ താമസിക്കുവാൻ നിർഭാഗ്യമുണ്ടായിട്ടുണ്ടെങ്കിൽ അയാൾക്കു കുളിക്കേണ്ട എന്നാണ് സർക്കാരിന്റെ വിചാരം. കുളിക്കുന്നതിനുള്ള യാതൊരു സൗകര്യവും സർക്കാർ ചെയ്തുകൊടുക്കുന്നില്ല. മിക്കവാറും എല്ലാ സബ്ജയിലുകളിലും നാലും അഞ്ചും മാസക്കാലം കുളിക്കാതെ തടവുപുള്ളികൾ കഴിച്ചുകൂട്ടുന്നുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി തൃശ്ശൂർ സബ്ജയിൽ സന്ദർശിച്ചപ്പോൾ ലാക്കപ്പിലെ പുള്ളികൾ ദിവസവും കുളിക്കാറുണ്ടു് എന്നു പറഞ്ഞതായി ഇവിടെ പറഞ്ഞു. ഒരുപക്ഷെ അദ്ദേഹം ചോദിച്ചപ്പോൾ അവരുടെ അടുത്തു പോലീസുകാരോ ഗാട്ടുകാരോ ഉണ്ടായിരുന്നിരിക്കണം. അവിടെയുള്ള തടവുകാർക്കു പോലീസുകാരെ പേടിയാണ്. ഗാട്ടുനിൽക്കുന്ന ആളെ പേടിയാണ്. മന്ത്രിയുടെ അടുത്തു് അവർ തുറന്നു പറഞ്ഞിട്ടുണ്ടെങ്കിൽ ഏററവും ഭയങ്കരമായ ശിക്ഷ അവർക്കു കിട്ടും എന്നു ഭയന്നിട്ടായിരിക്കും അവർ അങ്ങനെ പറഞ്ഞതു്.. മിക്കവാറും അവിടെ എല്ലാ തടവുകാരേയും ദിവസംപ്രതി കുളിപ്പിക്കുവാനും അസാദ്ധ്യമാണ്. അവിടെ നൂറു പോലീസുകാരുണ്ടു്. ആ പോലീസുകാർക്കും തടവുകാർക്കും കൂടി കുളിക്കുന്നതിനു അവിടെ ഒരൊററ പൈപ്പുമാത്രമേയുള്ളു. ആ പൈപ്പിൽ ശരിക്കു വെള്ളംതന്നെ വരികയില്ല. ഞാൻ അവിടെ കിടക്കുമ്പോൾ ഒരു ബിരുദധാരി എന്നുള്ള നിലയിലും ഒരു രാഷ്ട്രീയ തടവുകാരൻ എന്നുള്ള നിലയിലും എനിക്കു ചില ആനുകൂല്യങ്ങളെല്ലാം തന്നിരുന്നെങ്കിലും എനിക്കു നിത്യവും കുളിക്കുവാൻ സാധിച്ചിട്ടില്ല. അങ്ങിനെയിരിക്കുമ്പോൾ സാധാരണ തടവുകാരുടെ സ്ഥിതി എന്തായിരിക്കുമെന്നു നിങ്ങൾ ആലോചിച്ചുനോക്കിയാൽ മതി.

[ശ്രീ. സി. അച്യുതമേനോൻ]

പിന്നെ പല സബ്ജയിലിലും കക്കൂസ് എന്ന ഒരു ഏർപ്പാടു തന്നെ ഇല്ലെന്നാണ് ഞാൻ അറിയുന്നതു്. കൊച്ചിയിലെ സബ്ജയിലുകളിൽ അങ്ങനെ കണ്ടില്ല. ഒന്നാമതു് കക്കൂസ് വളരെ വൃത്തികേടായിരിക്കും. രണ്ടാമതു് താമസിക്കുന്ന ആളുകൾക്കു് തടവുപുള്ളി കക്കൂസിനു ഇരുന്നു കഴിഞ്ഞാൽ ഒന്നു രണ്ടു മിനിട്ടിനുള്ളിൽ മലമൂത്രവിസർജ്ജനംചെയ്തു തിരിച്ചുപോരണമെന്നു വളരെ നിർബന്ധമാണ്. രണ്ടുമിനിട്ടിനുള്ളിൽ മലമൂത്രവിസർജ്ജനം ചെയ്തില്ലെങ്കിൽപിന്നെ അവൻ അമക്കിപ്പിടിച്ചു് ഇരുന്നുകൊള്ളണം. ചില സ്ഥലങ്ങളിൽ കക്കൂസ് പോലീസ്സുകാർക്കുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. തടവുകാർക്കു് ഉപയോഗിക്കുവാൻ പാടില്ല. തടവുകാരെകൊണ്ടുപോയി പറമ്പിൽ ഇരുത്തും. പറമ്പു പബ്ലിക്കുറോഡായിരിക്കും. നാണംമറച്ചു് അവൻ പബ്ലിക്കു് റോഡിൽ ഇരിക്കണം. ഇങ്ങനെയുള്ള അവസ്ഥകളും ധാരാളം സബ്ജയിലുകളിൽ ഉണ്ടെന്നു് എനിക്കു അറിയുവാൻ സാധിച്ചിട്ടുണ്ടു്. ഇതാണ് ശുചീകരണത്തിന്റെ കാര്യം.

ഇനി വസ്ത്രത്തിന്റെ കാര്യം പറയുകയാണെങ്കിൽ ഒരു തടവുകാരനേയോ, പുള്ളിയേയോ റിമാൻറു ചെയ്തുകഴിഞ്ഞാൽ പിന്നെ ഒരു മുണ്ടേ അവനു ഉടുക്കുവാൻ സാധിക്കുകയുള്ളു. അവൻ എത്രകാലം ജയിലിൽ കിടക്കുന്നുവോ അത്രയുംകാലം ഒരു ഒററമുണ്ടേ ഉപയോഗിക്കുവാൻ പാടുള്ളു. കുളിക്കുന്നതിനും ഉടുക്കുന്നതിനും എല്ലാം ഒരു മുണ്ടുതന്നെ ആ ഒരു മുണ്ടുതന്നെ ധരിച്ചു് അവൻ കാലം കഴിക്കണം. അതു് മാററണമെങ്കിൽ കോടതിയിൽ ഹാജരാകുന്ന അവസരത്തിൽ മജിസ്ട്രേട്ടിനോടു് പറഞ്ഞു് പ്രത്യേകം അനുവാദം മേടിക്കണമെന്നാണ് നിയമം. അടുത്ത അവസരത്തിൽ പത്രങ്ങളിൽ എല്ലാം പല ആളുകളും കണ്ടിരിക്കും ഒരു പാവപ്പെട്ട തടവുകാരനെ ഒരു മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കിയപ്പോൾ യജമാനനേ ഒരു ഒററമുണ്ടു് മാത്രമേ എനിക്കു കഴിഞ്ഞ ഏഴു മാസമായി കിട്ടിയിട്ടുള്ളു, മാററി തരണം എന്നു പറഞ്ഞതായ വാർത്ത. ഈ വാർത്ത തിരുവിതാംകൂർ-കൊച്ചിയിലെ പത്രങ്ങളിൽ വരുന്നതു് വളരെ അപൂർവ്വ സംഭവമായിട്ടാണ്. ഇതു് ഇവിടെ ഒരു സാധാരണ സംഭവമല്ല. സാമ്പത്തിക കഴിവുള്ള ഒരു ആൾ അയാളുടെ വീട്ടിൽനിന്നു വസ്ത്രം കൊണ്ടുപോയി കൊടുക്കുവാനുള്ള നിയമം ഉണ്ടു്. പലപ്പോഴും വസ്ത്രം കൊണ്ടുപോയി കൊടുത്താൽ അതു ധരിക്കുവാൻഉള്ള അവകാശം കിട്ടുവാൻതന്നെ വളരെ ബുദ്ധിമുട്ടുണ്ടു്. ഈ സബ്ജയിലുകളിൽ കിടക്കുന്ന വളരെ ആളുകൾക്കും അവരുടെ വീട്ടിൽനിന്നു വസ്ത്രം വരുത്തി ഉപയോഗിക്കുവാനുള്ള കഴിവു വളരെ കുറവാണ്. കള്ളന്മാരായിട്ടും, കൊലപാതകികളായിട്ടും; രാഷ്ട്രീയ തടവുകാരായിട്ടും ഇങ്ങനെ പലവിധത്തിലുള്ള ആളുകളാണ് സബ്ജയിലുകളിൽ കിടക്കുന്നതു്. ജയിലിൽ അടയ്ക്കപ്പെട്ടിട്ടുള്ള ഇവർക്കു കൊടുത്തിട്ടുള്ളതു് ഒരു ഒററമുണ്ടുമാത്രമാണ്. ആ മുണ്ടു് ആ ജയിലിൽനിന്നും അവരെ വെളിയിൽ വിടുന്നതുവരെ ഉപയോഗിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പോലീസുകാർ നിർബ്ബന്ധപൂർവ്വം ഇവർക്കു് ഒററമുണ്ടുമാത്രം കൊടുത്തുപോരുന്നു. ന്യായമായിട്ടുള്ള രീതിയിൽ മനുഷ്യോചിതമായതരത്തിൽ ജയി

ലിൽ കിടക്കുന്ന ഈ സാധുക്കൾക്കും വസ്ത്രം ധരിക്കാൻ അനുവാദം കൊടുക്കുന്നതിൽ എന്തു വൈഷമ്യമാണ് ഗവൺമെൻെറിനുള്ളതെന്ന് ഞാൻ ചോദിക്കുന്നു. വസ്ത്രത്തിൻെറ കാര്യം അങ്ങനെയിരിക്കട്ടെ. കിടക്കുവാനുള്ള പായെപ്പററിയാണെങ്കിൽ, ആടുമാടുകളെപ്പോലെ സബ്ജയിലിനകത്ത് അടച്ചിട്ടിരിക്കുന്ന ഇവർക്ക് ചളിപുരണ്ട ഒരു പായാണ് കൊടുക്കുന്നത്. ആ പായിൽതന്നെ ചെള്ള്, മൂട്ട, ഉറുമ്പ് മുതലായ ജീവികളുടെ സന്താനപരമ്പരകൾ ബഹുകാലമായി ജീവിച്ചുവരുന്നതായി കാണാം. ഒരു പായ്മാത്രമല്ലാതെ, അതിൽ വിരിച്ചുകിടക്കുന്നതിനു ഒരു പുതപ്പോ, ഒരു തലയണയോ മററു യാതൊരു സൗകര്യങ്ങളും കൊടുക്കാറില്ല. ഭക്ഷണത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഒരുതരത്തിലും മെച്ചമുള്ളതല്ല. ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം അനവധി അനവധി പരാതികൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയതടവുകാർ ഈ സബ്ജയിലുകളിൽ വന്നതിനുശേഷം, രണ്ടുനേരത്തെ ആഹാരംകിട്ടുന്നതിനുവേണ്ടി എത്രയോ തവണ അവർ പോരാടിയിട്ടുണ്ട്. അതിൻെറ ഫലമായി ഏതാനും ചില ആനുകൂല്യങ്ങൾ സിദ്ധിച്ചിട്ടുണ്ട്. അതുപ്രകാരം ഒരു തടവുകാരനു് ഒരു ദിവസത്തേയ്ക്ക് അരി, മലക്കറി, വെളിച്ചെണ്ണ, വിറക് ഇവയെല്ലാററിനുംകൂടി ഒന്നിച്ചിലപ്പാനം രൂപയാണ് ചെലവാകേണ്ടതു്. ഇങ്ങനെയിരിക്കെ കൊച്ചിയിലെ സബ്ജയിലുകളിൽ ഒരു ദിവസത്തെ ആഹാരത്തിന് ചെലവാക്കിക്കൊണ്ടിരുന്നത് അഞ്ചോ ആറോ അണയാണ്. ഇങ്ങനെ ഒരു രൂപായ്ക്കുള്ള സാമാനങ്ങൾ ഒരു തടവുകാരനുവേണ്ടി ചെലവാക്കുന്നുവെന്ന് പറയുമ്പോൾ, യഥാർത്ഥത്തിൽ ചെലവാക്കുന്നത് ൬ അണയാണ്. അതിൻെറ ഫലമായി മാസക്കാലമായി, കൊല്ലക്കാലമായി ഈ തടവുകാർ അരവയറുമാത്രം നിറച്ചുകൊണ്ടാണ് കഴിച്ചുകൂട്ടുന്നത്. കൊച്ചിയിലുള്ള സബ്ജയിലുകളിലെ തടവുകാർക്കുവേണ്ടി വച്ചിരിക്കുന്ന ഈ ഒരു രൂപ റേററ് കാൺട്രാക്ട്വഴി ആഹാരം ജയിലിൽകൊണ്ടുവരുമ്പോൾ അഞ്ചോ ആറോ അണയുടെ സാധനങ്ങളെ ഉണ്ടായിരിക്കുകയുള്ളു. ഒരു പക്ഷെ, ഒരു രൂപ റേററിനായിരിക്കും കാൺട്രാക്ട് കൊടുത്തിരിക്കുന്നത്. കൺട്രാക്ടർ അതിൽനിന്നും ഒരു ലാഭമെടുത്ത് പോലീസ് അധികൃതർക്ക് കൊടുക്കുന്നതുകൊണ്ടാണ് ഈ കുറവുവന്നിട്ടുള്ളത്. മിക്കവാറും പോലീസ്സ്റ്റേഷൻെറ മുൻവശത്തുള്ള ഹോട്ടൽക്കാരനായിരിക്കും ഈ കാൺട്രാക്ട് ഏറെറടുക്കുന്നത്. തന്നിമിത്തം പോലീസുസിൽബന്തികളുടെ നിർദ്ദേശത്തോടുകൂടിയാണ് അയാൾ ആഹാരം പാകം ചെയ്യുന്നതും. ഈ വിധത്തിൽ ആഹാരം കൊടുക്കുന്ന കൺട്രാക്ടർക്ക് മാസംതോറും കൊടുക്കാനുള്ള തുക ചില അവസരങ്ങളിൽ നാലും അഞ്ചും മാസം കഴിയുമ്പോഴാണ് അധികൃതർ കൊടുക്കുന്നത്. ഒരു ജയിലിൽ കിടക്കുന്ന എല്ലാ തടവുകാർക്കുംവേണ്ടി നാലഞ്ചുമാസം ഭക്ഷണം കൊടുക്കുവാനുള്ള കഴിവ് ഹോട്ടൽകാരന് ഇല്ലാത്തതുകൊണ്ട് ചിലപ്പോൾ ഒന്നുരണ്ടു ദിവസം തടവുകാർക്ക് ആഹാരം കിട്ടാതെയുംവരുന്നു. ആലപ്പുഴ സബ്ജയിലിൽ ഇങ്ങനെ പല അവസരങ്ങളിലും ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയ തടവുകാർ ഈ കാരണത്താൽ പലപ്പോഴും ആവലാതിപ്പെടുകയുംമററും ചെയ്തിട്ടുണ്ട്. ഈവിധം തടവുകാരെ ജയിലിനകത്ത് അടച്ചിട്ട് ആഹാരംകൂടി കൊടുക്കാതെ ബുദ്ധിമുട്ടിക്കുന്ന മനുഷ്യോചിതമല്ലാത്ത ഒരു പ്രവൃത്തിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയ തടവുകാരുടെ മാത്രമല്ല, ജയി

[ശ്രീ. സി. അച്യുതമേനോൻ]

ലിനകത്തു കിടക്കുന്ന സകല തടവുകാരുടെ അവസ്ഥയും ഞാൻ മുൻപ് പറഞ്ഞതുപോലെയാണ്. ഈ അനാസ്ഥിതിയെപ്പററി അന്വേഷണം നടത്താനായിട്ട് പോലീസുമേധാവി യാതൊരു നടപടിയും എടുത്തിട്ടില്ല. ജയിൽപ്പുള്ളികളെ സംബന്ധിച്ചിടത്തോളം അവരുടെ ആഹാരം, വസ്ത്രം ഇവയെപ്പററിയുള്ള ചുമതലയെല്ലാം മജിസ്ട്രേട്ടിനാണുള്ളത്. മജിസ്ട്രേട്ടാണെങ്കിൽ, തടവുകാരുടെ ആഹാരത്തെസംബന്ധിച്ചോ, വസ്ത്രത്തെ സംബന്ധിച്ചോ യാതൊരു നിഷ്ക്കർഷയും കാണിക്കുന്നില്ല. ഞാൻ തൃശ്ശൂർ ജയിലിൽ കുറെ അധികംനാൾ കഴിച്ചുകൂട്ടിയിട്ടുണ്ട്. എന്നാൽ മജിസ്ട്രേട്ട് ഒരു ദിവസമെങ്കിലും ആ സ്ഥലത്തുവന്നു തടവുകാരുടെ സ്ഥിതിഗതികളെപ്പററി ചോദിക്കുകയോ, ചോദിപ്പിക്കുകയോ ചെയ്തിട്ടില്ല. എന്റെ അനുഭവത്തിൽനിന്നാണ് ഞാൻ ഇതു പറയുന്നത്. തിരുവിതാംകൂർസംസ്ഥാനത്തെ സ്ഥിതി അതിലും മോശമാണെന്നാണ് എന്റെ അറിവ്. സബ്ജയിലും, തടവുകാരും, അവരെസംബന്ധിച്ച മററെല്ലാ കാര്യങ്ങളും, പോലീസുമേധാവിയുടെ അധീനതയിലാണ് ഇരിക്കുന്നത്. ഇപ്രകാരം ഒരു മുറിക്കുള്ളിൽ ശ്വാസംമുട്ടി കഴിച്ചുകൂട്ടുന്ന തടവുകാരിൽ ആക്കെങ്കിലും എന്തെങ്കിലും സുഖക്കേട് ബാധിച്ചാൽ കുറെ ദിവസത്തേയ്ക്ക് അയാൾ സുഖക്കേടുമായി കഴിച്ചുകൂട്ടണമെന്നല്ലാതെ, ആശുപത്രിയിൽ കൊണ്ടുപോകുകയോ, ഡാക്ടരെ വരുത്തി ചികിത്സിക്കുകയോ യാതൊന്നും ചെയ്യുന്നില്ല. പട്ടിണികൊണ്ടും, പരവേശംകൊണ്ടും ക്ഷീണിതനായി ഭവിക്കുന്ന രോഗി മിക്കവാറും മരണത്തിൽനിന്നു പിഴച്ചുവരുന്നത് ചുരുക്കമാണ്. രോഗചികിത്സയ്ക്ക് ശുശ്രൂഷിക്കാൻ ഡാക്ടർ വരുന്നില്ലെങ്കിലും, തടവുകാരന് മുഖംവടിക്കണമെങ്കിൽ ഡാക്ടരുടെ അനുവാദം ആവശ്യമാണ്. ഒരു തടവുകാരന്റെ മുഖത്ത് രോമം വളരുന്നത് ഒരുപക്ഷെ ഒരു സുഖക്കേടാണോ എന്നുകൂടി തോന്നത്തക്കവണ്ണമാണ് ഡാക്ടർ ആ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുന്നത്. യഥാർത്ഥത്തിൽ രോഗബാധിതനായ തടവുകാരനെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ പോലീസധികൃതരും ഡാക്ടറും അനാസ്ഥയാണ് കാണിക്കുന്നത്. എത്രമാത്രം ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്നുവെന്നുള്ളതിനെപ്പററി ഒരു ഉദാഹരണം ഞാൻ പറയാം. തൃശ്ശിവപേരൂർ—ഇരിഞ്ഞാലക്കുട സബ്ജയിലിൽ പിടിച്ചുകൊണ്ടുവന്ന എന്റെ ഒരു സ്നേഹിതൻ ജനാർദ്ദനൻ എന്നയാളിനെ പോലീസുകാർ തല്ലി അദ്ദേഹത്തിന്റെ കാൽ ഒടിച്ചുകളഞ്ഞു. ആ കാരണത്താൽ അദ്ദേഹം ജയിലിനകത്ത് ഇരുന്നു നിരങ്ങുകയാണ് ചെയ്തത്. കേസുവിസ്താരത്തിനായി കോടതിവരെ റിക്ഷാവണ്ടിയിൽ കൊണ്ടുചെന്നാക്കിയാൽ അവിടെനിന്നും നിരങ്ങിനിരങ്ങിയാണ് കോടതിക്കുള്ളിൽ പ്രവേശിക്കുന്നത്. ഇങ്ങനെ കുറെ അധികദിവസം ആ യുവാവു ജയിലിനകത്ത് കഴിച്ചുകൂട്ടേണ്ടിവന്നു. ശരിയായ യാതൊരു ശുശ്രൂഷയും ചെയ്യിക്കാത്തതുനിമിത്തം രോഗം മൂർദ്ധന്യത്തിലെത്തി ഒടുവിൽ കാൽ മുറിക്കേണ്ട ഘട്ടം വന്നു. സാമ്പത്തികമായി അല്പം കഴിവുള്ള ബന്ധുക്കൾ അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ടു വെളിയിൽനിന്നും മരുന്നു വിലയ്ക്കുവാങ്ങി ഇൻജക്ഷൻ ചെയ്യിച്ചു. മററവല്ല സാധുക്കളായ തടവുകാരും ആയിരുന്നെങ്കിൽ, അവർ നിസ്സഹായരായി മൃതിയടയുമെന്നല്ലാതെ യാതൊരു ഗത്യന്തരവുമില്ലായിരുന്നേനെ. ഇതുപോലെതന്നെ വൈക്കംസബ്ജയിലിൽ ഉണ്ടായിരുന്ന രണ്ടു

തടവുകാർക്ക് ക്ഷയരോഗം പിടിപെട്ടു. എന്നിട്ടും യാതൊരു ചികിത്സയും ചെയ്യാതെയും അവരെ സെഗ്രഗേറ്റ് ചെയ്യാതെയും അവിടെത്തന്നെ ഇട്ടു. ഒട്ടുമാസം കഴിഞ്ഞപ്പോൾ അതിൽ ഒരാൾ മരിച്ചുപോകുകയാണു ചെയ്തതു്. തടവുകാരുടെ മേൽ പോലീസധികൃതർ കാണിക്കുന്ന മനുഷ്യത്വമില്ലായ്മ ഇതുകൊണ്ടും അവസാനിച്ചില്ല. സർ, ആലുവാ സബ് ജയിലിൽ കെ. യു. ദാസ് എന്നൊരു സഖാവു അടയ്ക്കപ്പെടാനിടയായി. അദ്ദേഹത്തിന്റെ കാലിൽ ശക്തിയായി മുന്നൂറിൽപ്പരം അടി ഏല്പിക്കയുണ്ടായി. അടികൊണ്ടു കാലിലെ തൊലിമുഴുവൻ പൊളിഞ്ഞുപോയി, ഒരടിനടക്കാൻ വയ്യാത്ത നിലയിലാക്കി. എന്നിട്ടു, വിചാരണയ്ക്കായി ആലുവാ മുതൽ എറണാകുളം വരെ കാൽനടയായി കൊണ്ടുപോകുകയാണുണ്ടായതു്. ഈ വിധ നിഷ്ഠുരപ്രവൃത്തികൾക്കിരിപ്പിടമായ ജയിൽ ഒരു കൊലക്കളമാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഇല്ല. തടവുകാരെപ്പറ്റി ഈവിധമുള്ള ദുരന്തസംഭവങ്ങൾ എല്ലാ സബ്ജയിലുകളിലും നടന്നുകൊണ്ടിരുന്നിട്ടും, അവയെപ്പറ്റി പല ആളുകളും പരാതി പറഞ്ഞിട്ടും ഇന്നത്തെ കോൺഗ്രസ്സ് ഗവണ്മെന്റ മൗനം ദീക്ഷിക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെയുള്ള ഒരവസ്ഥ യാതൊരു പരിഷ്കൃത ഗവണ്മെന്റും വച്ചുപുലർത്തുന്നതു ജനായത്തഭരണ സിദ്ധാന്തത്തിന്റെ പേരിൽ അനുവദനീയമല്ല. ക്രിമിനൽ നിയമം അനുസരിച്ചു ഒരു പുള്ളിയെ വിസ്തരിച്ചു കുറ്റക്കാരനാണെന്നു സ്ഥാപിച്ചു ശിക്ഷിക്കുന്നതുവരെ, അയാൾ കുറ്റക്കാരനല്ലെന്നാണു നിയമം. ആ തത്വത്തിന്റെ വെളിച്ചത്തിൽ ഒരു തടവുകാരൻ കുറ്റക്കാരനാണെന്നു വിധിയുണ്ടാകുന്നതുവരെ അയാൾക്കു സാധാരണ പൗരനു് എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കാൻ സാധിക്കുമോ, ആ ആനുകൂല്യങ്ങളെല്ലാം ചെയ്തുകൊടുക്കേണ്ടതാണു്. മനുഷ്യത്വത്തിന്റെ പേരിൽ, നീതിയുടേയും ന്യായത്തിന്റെയും പേരിൽ, പോലീസധികാരികൾ പ്രവർത്തിക്കുന്നില്ലെങ്കിൽ നിഷ്ഠുരതയുടെയും നീചത്വത്തിന്റെയും മാതൃകകളായി രൂപാന്തരപ്പെട്ടുപോകുന്നതിൽ അത്ഭുതപ്പെടാനില്ല. കുറ്റക്കാരനാണെന്നു വിധിയുണ്ടാകുന്നതുവരെ ഒരു വ്യക്തി നിയമത്തിന്റെ വെളിച്ചത്തിൽ കുറ്റക്കാരനല്ല. The presumption of law is that. എന്നാൽ നമ്മുടെ ജയിലുകളിലെ നീചനീചമായ പെരുമാറ്റത്തെപ്പറ്റി ചിന്തിക്കുമ്പോൾ ൧൯-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ തടവുകാരെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ഡിക്കൻസ് നോവലുകൾ പിക്‌വിക് പേപ്പേഴ്സ് "Great Expections" ഇവ ആണു് എന്റെ ഓർമ്മയിൽ വരുന്നതു്. അതായതു് പ്രാചീനകാലങ്ങളിലെ അപരിഷ്കൃത നിലയാണു് ഇന്നും തുടർന്നു വരുന്നതു്. ജനായത്തഭരണകാലത്തു് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും നിഹനിക്കുന്ന ഒരു നിയമം വച്ചുപുലർത്തുന്നതു മാറ്റുക തന്നെ വേണം. അതുകൊണ്ടു അവസാനമായി എനിക്കു പറയാനുള്ളതു് തടവുകാരെ സംബന്ധിച്ചിടത്തോളം നീതിപരമായി പ്രവർത്തിക്കുന്നതിനു് നിലവിലിരിക്കുന്ന നിയമങ്ങളെ ഉടച്ചുവാർത്തു്, ഒരു പുതിയ നിയമം നിർമ്മിക്കുന്നതിനായി ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നാണു്. ഈ രാജ്യത്തെ പുരോഗതിയെ കാംക്ഷിക്കുന്ന എല്ലാവരും, രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ കൂടാതെ എന്റെ പ്രമേയത്തെ അനുകൂലിക്കുമെന്നു വിശ്വസിച്ചുകൊണ്ടു ഈ സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

[4 P. M.]

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ൧൯൪൮-നു ശേഷമാണ്, അതുവരെ സമുദായം വെറുക്കപ്പെട്ടിരുന്ന ഒരുകൂട്ടം ആളുകളുടെ മാത്രം സങ്കേതസ്ഥാനമായിരുന്ന ജയിലുകളിലേയ്ക്കും ലാക്കപ്പുകളിലേയ്ക്കും ഈ നാട്ടിലെ രാഷ്ട്രീയ പ്രബുദ്ധതയുള്ള പല ആളുകളും പോകയും ജയിൽ ജീവിതം സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ഇന്നു ഭരിക്കുന്ന കക്ഷി ആ യാത്ര അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ ഇനിയും അതുപോലെയുള്ള യാത്ര, അതായതു്, ജയിലുകളിലും ലാക്കപ്പുകളിലും കൂടിയുള്ള ആ യാത്ര, തുടർന്നുപോയെങ്കിൽ മാത്രമേ ലക്ഷ്യത്തിൽ എത്തിച്ചേരുകയുള്ളുവെന്നു വിശ്വസിക്കുന്നു. ഇന്നു കൊലപാതകികളെന്നും കൊള്ളക്കാരെന്നും മോഷണക്കാരെന്നും പറഞ്ഞു് വെറുക്കപ്പെട്ടു്, ലോക്കപ്പുകളിലും ജയിലുകളിലും കഴിഞ്ഞുകൂടുന്നവർക്കു് മനുഷ്യസഹജമായ വികാരങ്ങളുണ്ടെന്നും അവരും മനുഷ്യരെപ്പോലെ സ്നേഹിക്കപ്പെടുവാൻ അർഹതയുള്ളവരാണെന്നും ട്രഷറി ബെഞ്ചിലിരിക്കുന്നവരുടെ സഹപ്രവർത്തകരെന്ന നിലയിൽ അവരോടൊന്നിച്ചു ജയിലുകളിലും ലാക്കപ്പുകളിലും കഴിഞ്ഞുകൂടിയിട്ടുള്ള എതിർപക്ഷക്കാർക്കു മനസ്സിലായിട്ടുണ്ടു്. അന്നു് വളരെ സൗഹാർദ്ദത്തോടുകൂടി അവരോടു പെരുമാറുകയും അവരുടെ ദുരിതപൂർണ്ണമായ ജയിൽ ജീവിതത്തിൽ അനുകമ്പ പൊഴിക്കുകയും ചെയ്തിട്ടുള്ള ആളുകളാണു് ഇന്നു ഇവിടെ അധികാരത്തിൽ ഇരിക്കുന്നതു്. ജയിൽശിക്ഷ എന്നു പറഞ്ഞാൽ, അതു് അനുഭവിച്ചതിനുശേഷം അയാൾ ഇനി തെററു് ചെയ്കയില്ലെന്നും സമുദായത്തിനു ഗുണകരമായി പ്രവർത്തിക്കുമെന്നും ഉള്ള ഒരു പരിവർത്തനം അയാളിൽ ഉണ്ടാകുന്നുണ്ടോയെന്നു നോക്കിയാണു് അതിൻെറ പ്രയോജനത്തെപ്പററി നാം നോക്കേണ്ടതു്. തിരുവിതാംകൂറിലെ കുററവാളികളുടെ കണക്കെടുത്താൽ ഒരിക്കൽ ജയിലിൽ പോയാൽ, സൗകര്യം കിട്ടുമ്പോഴെല്ലാം വീണ്ടും ജയിലിൽ പോകാനുള്ള ഒരു വാസനയാണു് ജയിൽ വാസം മൂലം അയാൾക്കുണ്ടാകുന്നതു്. ജയിൽ ജീവിതത്തിനുശേഷം, സമുദായത്തോടു പൊതുവെ ഒരു വെറുപ്പും വിരോധവുമാണു് അയാൾക്കുണ്ടാകുന്നതെന്നു സ്ഥിതിവിവരക്കണക്കുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കു മനസ്സിലാകുന്നതാണു്. ഇന്നു ജയിൽ ജീവിതത്തെപ്പററി പറയുമ്പോൾ, സബ് ജയിലുകൾ നമ്മുടെ നാട്ടിൽ വളരെ കുറവാണെന്നും സെൻട്രൽ ജയിൽ പോലെയുള്ള ചുരുക്കം ചില ജയിലുകൾ മാത്രമേ നമുക്കുള്ളുവെന്നും നാം മനസ്സിലാക്കണം. സംസ്ഥാനത്തിനു വെളിയിലുള്ള പ്രവിശ്യകളിലാണെങ്കിൽ, ൨൪ മണിക്കൂറിൽ കൂടുതൽ ഒരു പുള്ളിയെ ലാക്കപ്പുകളിൽ സൂക്ഷിക്കാറില്ലെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഇവിടെയാണെങ്കിൽ രണ്ടും മൂന്നും കൊല്ലം വരെ ലോക്കപ്പുകളിൽ തന്നെ കഴിഞ്ഞുകൂടേണ്ടിവരും. അവരുടെ ദുരിതപൂർണ്ണമായ ജീവിതത്തെപ്പററി പറയാൻ തുടങ്ങിയാൽ വളരെയധികം സമയം വേണ്ടിവരും. ഇന്നു ഞങ്ങളുടെ പ്രതിപക്ഷത്തിരിക്കുന്നവർ അവരുടെ ജയിൽ ജീവിതത്തെപ്പററി സരസമായും ദീർഘമായും പല അവസരങ്ങളിലും മൈതാനങ്ങളിൽ നിന്നു് പ്രസ്താവിച്ചിട്ടുണ്ടു്. പുസ്തകങ്ങളെഴുതിയിട്ടുണ്ടു്. എന്നാൽ അവർ ഭരണഭാരം കൈയ്യേററതിനുശേഷവും പഴയ രീതിയിൽ തന്നെയാണു് ജയിലിലെ സ്ഥിതി തുടർന്നുവരുന്നതെന്നു അവർ മനസ്സിലാക്കേണ്ടതാണു്.

ജയിൽ പരിഷ്ക്കാരത്തെ സംബന്ധിച്ച് പറയുമ്പോൾ, ആദ്യമായും അവസാനമായും എനിക്കു പറയുവാനുള്ളത് മജിസ്ട്രേട്ടിന്റെ റിമാൻറിനു ശേഷം പോലീസ് കസ്റ്റഡിയിൽ നിന്ന് ജയിൽപ്പുള്ളികളെ മാററണമെന്നാണ്. ഒരു സാധാരണ തടവുകാരൻ പോലീസുകാരന്റെ കസ്റ്റഡിയിൽ ഇരിക്കുന്ന കാലത്ത് എന്തെല്ലാം വിഷമങ്ങൾ ഉണ്ടാകുമെന്നുള്ളതിനു എനിക്ക് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. എന്റെ സ്വന്തം അനുഭവം വച്ചുകൊണ്ടു പറഞ്ഞാൽ ഒരു കേസ്സിൽ ഒരു ഷോർട്ടു ഹാൻഡു റിപ്പോർട്ടരെ ക്രാസു ചെയ്തു എന്നകാരണത്താൽ ഭീകരമായ മർദ്ദനം ഏൽക്കേണ്ടതായി വന്നു. ജയിലിൽ വച്ച് എന്തെങ്കിലും ഒരു പോലീസുകാരനോട്, ഒരു ക്രിമിനൽ പുള്ളി അവനു ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടാൽ ആ ഒരു ഒററ കാരണത്തിന്മേൽ കഠിനമായ മർദ്ദനം ഏൽക്കേണ്ടതായി വരുന്നുണ്ട്. അതുകൊണ്ടു റിമാൻറ് അനുവദിച്ചു കഴിഞ്ഞാലുടൻ തന്നെ പുള്ളികളെ സബ് ജയിലുകളിലേയ്ക്കു് മാറേറണ്ടതാണ്. ജയിൽ പരിഷ്കരണ സമയത്ത് ഈ സംഗതി പ്രത്യേകം പരിഗണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്തതായി ആഹാരത്തിന്റെ കാര്യമാണ് എനിക്കു പറയുവാനുള്ളത്. ഇന്നു നമ്മുടെ നാട്ടിൽ ഒന്നേകാൽ രൂപ തടവുകാർക്ക് ദിവസം പ്രതി അനുവദിച്ചിട്ടുണ്ട്. പല സ്ഥലത്തും ഈ തുക തടവുകാർക്കു ലഭിക്കുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഈ വാസ്തവം ഇന്നു മന്ത്രിയായിരിക്കുന്ന അദ്ദേഹത്തിനു തന്നെ അറിയാം. കൊല്ലം ലാക്കപ്പെന്നും അമ്പലപ്പുഴയെന്നും കേൾക്കുമ്പോൾ, അവയെ സംബന്ധിച്ച് പുള്ളികൾക്കു എന്തഭിപ്രായമാണുള്ളതെന്നും അവർക്കു ആഹാരം കൊടുക്കുന്നവയാളിനെപ്പററി എന്തവജ്ഞയാണുള്ളതെന്നും മന്ത്രി അവർകൾക്കു നേരിട്ടറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്നേകാൽ രൂപ സർക്കാരിൽ നിന്ന് കൊടുക്കുന്നുണ്ടെങ്കിലും പണ്ണയുടെ ആഹാരം പോലും ഇന്നു തടവുകാർക്കു ലഭിക്കുന്നില്ല. തടവുകാർക്കു ആഹാരം കൊടുക്കുന്ന ഇനത്തിൽ നിന്ന് പല "പറം" പോകുന്നുണ്ട്. റൈട്ടർക്കും ഇൻസ്പെക്ടർക്കും, ആഹാരം നൽകുവാൻ ചുമതലപ്പെട്ട കൺട്രാക്ടരിൽ നിന്നും ശമ്പളം പോലെ തന്നെ സ്ഥിരമായ ഒരു വരുമാനം അഥവാ മാസവരുമാനം ലഭിക്കുന്നുണ്ട്. പല ലാക്കപ്പുകളിലെയും സ്ഥിതി ഇതാണ്. നമ്മുടെ രാജ്യത്തെ ഖജനാവിൽ നിന്ന് പുള്ളികളുടെ ആഹാരത്തിനു വേണ്ടി പണം കൊടുക്കുന്നുവെങ്കിലും അവർക്കു ആഹാരം ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരവസ്ഥയാണ് ഇന്ന് ലാക്കപ്പുകളിൽ നിലവിലിരിക്കുന്നതു്. ഇക്കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും ശബ്ദിച്ചു പോയാൽ എത്ര തല്ലുകളും മർദ്ദനങ്ങളുമാണ് ഈ തടവുകാർ ഏൽക്കേണ്ടിവരുന്നതെന്ന് ഇന്ന് അധികാരത്തിലിരിക്കുന്ന മന്ത്രിക്ക് അറിവുള്ളതാണ്. ആഹാരത്തിന്റെകാര്യം മിണ്ടിയാൽ അതിനും തല്ല്. ഇതെന്തൊരവസ്ഥയാണ് ?

പിന്നീട് എനിക്ക് പറയുവാനുള്ളത് മെഡിക്കൽ സൗകര്യത്തെപ്പററിയാണ്. എല്ലാ ലാക്കപ്പുകളും മെഡിക്കലാഫീസറന്മാർ പരിശോധിക്കണമെന്നു നിയമമുണ്ട്. എന്നാൽ, ഡാക്ടറന്മാർ സഞ്ചാരപ്പടി എഴുതി എടുക്കുവാൻവേണ്ടി മാത്രം ഇൻസ്പെക്ടരുടെ മുറിയിൽ വന്ന് ഇരുന്നുകൊണ്ടു വിസിറേറഴ്സ് ബുക്ക് എടുപ്പിച്ച് പരിശോധന നടത്തിയെന്നു എഴുതുകയല്ലാതെ അവർ ലാക്കപ്പുകളുടെ പരിസരങ്ങളിൽ

[ശ്രീ. ടി. കെ. ദിവാകരൻ.]

പോലും വരാറില്ലെന്നുള്ളതു് എനിക്കു നല്ലവണ്ണം അറിയാം. പുള്ളികളെ ചികിത്സയ്ക്കു ആസ്പത്രിയിലേയ്ക്കു് അയച്ചാൽ അവർക്കു് മരുന്നുകൾ വാങ്ങുന്നതിനു് കുപ്പികൾ സൂക്ഷിക്കുവാൻ അവകാശമില്ലെന്നുള്ള കാരണത്താൽ ഒരു ഡോസു മരുന്നുകൊടുത്തു വിടുകമാത്രമാണു് ചെയ്യുന്നതു്. പിന്നീടു് മരുന്നു കുടിക്കുവാൻ ആസ്പത്രിയിൽ പോകണമെന്നുണ്ടെങ്കിൽ, മൂന്നു നാലു ദിവസം തുടർച്ചയായി അധികൃതരോടു് ആവശ്യപ്പെട്ടു്, കരഞ്ഞു് ശബ്ദമുണ്ടാക്കിയാൽ മാത്രമേ, പോലീസുകാർക്കു് അതിനു കാരുണ്യമുണ്ടെങ്കിൽ മാത്രമേ, അവർക്കു പകരം പാറാക്കാർ ഉണ്ടായാൽ മാത്രമേ, ആസ്പത്രിയിൽ പോകുവാൻ സാധിക്കയുള്ളു. അങ്ങനെ ആസ്പത്രിയിൽ ചെന്നാൽ അവിടെ കിടക്കുവാൻ ഡാക്ടറന്മാർ സമ്മതിക്കുകയില്ല. ദിവസവും കൊണ്ടുചെല്ലണമെന്നു് പറഞ്ഞാൽ പോലീസുകാർ കൊണ്ടുപോകയുമില്ല. ഇപ്രകാരം, തടവുകാർക്കു് ആവശ്യമുള്ള ചികിത്സാ സൗകര്യം പോലീസുകാർ അനുവദിക്കുന്നില്ല. ഒരിക്കൽ ഒരു തടവുകാരന്റെ പെരുമുട്ടുവാതം തീർത്ത കഥ ഞാൻ കേട്ടിട്ടുണ്ടു്. മുട്ടു് അശേഷം നിവർക്കുവാൻ കഴിയാതിരുന്ന അയാളുടെ മുട്ടു് ബലമായി നിവർത്തിയിട്ടു് അതിന്മേൽ രണ്ടു പേരെ കേററി നിറുത്തി ചവിട്ടിച്ചു് മുട്ടു നിവർത്തു് സുഖക്കേടുമാററിയ കഥ ഞാൻ കേട്ടിട്ടുള്ളതാണു്.

തടവുകാരെ "ചീക്കിനിറക്കുക" എന്ന ഏർപ്പാടിനെപ്പററിയും എനിക്കു ചിലതു പ്രസ്താവിക്കുവാനുണ്ടു്. അൽപ്പം അർശസ്സുരോഗമുള്ള ഒരാളാണെങ്കിൽ പിന്നെ അയാൾക്കു് വെളിക്കിറങ്ങുവാൻ സാദ്ധ്യമേ അല്ല. അതും ഏറെക്കുറെ അധികാരത്തിലിരിക്കുന്ന മന്ത്രിക്കു് നേരിട്ടു അറിവുള്ളതാണു്. കൊല്ലം ലാക്കപ്പിനു പുറകുവശം ഏകദേശം അൻപതാളുകളെ ൭൦ അടി സ്ഥലത്തിനുള്ളിൽ നിരത്തിയിരുത്തിയശേഷം അവർ വെളിക്കിറങ്ങുവാൻ തുടങ്ങുന്നതിനു മുൻപു് "എന്താടാ ഇരിക്കുന്നതു് കുളിർ കാററുകൊള്ളുകയാണോ, അതോ കുളിർകാച്ചുകയാണോ" എന്നുള്ള പോലീസുകാരന്റെ ചോദ്യം കേട്ടാൽ ഉടൻ ഓടിയെത്തിയില്ലെങ്കിൽ ലാക്കപ്പിൽ ചെന്നാലുടൻ തല്ലു് ഏൽക്കേണ്ടതായി വരുമെന്നുള്ള ചുററുപാടാണു് ഇന്നുള്ളതു്. മലമൂത്രവിസർജ്ജനത്തിന്റെ കാര്യത്തിലും, ആഹാരകാര്യത്തിലും, ഇന്നുള്ള സ്ഥിതി ഇതാണു്. കുളിയുടെ കാര്യവും ഏതാണ്ടിപ്രകാരം തന്നെയാണു്. കൊല്ലത്തു് ഒരു തോടുണ്ടു്. അവിടെ പോയി ആഴ്ചയിലൊരിക്കൽ ഒന്നു മുങ്ങുവാനുള്ള സൗകര്യം മാത്രമാണു് ഇന്നു തടവുകാർക്കു് ലഭിച്ചുകൊണ്ടിരിക്കുന്നതു്. ആഴ്ചയിലൊരിക്കൽ ഒരു പൊത്തു് എണ്ണയാണു് അവർക്കു കൊടുക്കുന്നതു്. മുണ്ടിനെ സംബന്ധിച്ചാണെങ്കിൽ, അതേപ്പററി മജിസ്ട്രേട്ടിന്റെ അടുക്കൽപറഞ്ഞു്, അതിന്റെ പേരിൽ അഞ്ചാറു് അടിയും വാങ്ങി, കുറെ നാൾ കഴിയുമ്പോൾ വാർഡർ ഒരു മുണ്ടുകൊണ്ടുവന്നു തരും. രാത്രിയിൽ ആഹാരം കഴിഞ്ഞിട്ടു് കൈകഴുകുവാനുള്ള സ്വാതന്ത്ര്യം ലാക്കപ്പുകളിൽ ഇന്നില്ല. രാത്രിയിൽ ലാക്കപ്പിനകത്തുവച്ചുതന്നെയാണു് ആഹാരം കഴിക്കേണ്ടതു്. ആഹാരം കഴിഞ്ഞ ശേഷം ഉടുത്തിരിക്കുന്ന മുണ്ടിൽകൈതുടച്ചു് ഏഴുമണിവരെ കിടക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതെല്ലാം നേരിട്ടു് ഞങ്ങൾ അനുഭവിച്ചിട്ടുള്ളതുകൊണ്ടു് തുറന്നു പറയുകയാണു്. ൨൦൪൦ ആളുകളിൽ കൂടുതൽ ഉണ്ടായിരുന്ന ആലപ്പുഴ സബ്ബ് ജയിലിലെ അനുഭവമാണു് ഞങ്ങൾ പറയുന്നതു്.

പിന്നീട് സെൻട്രൽ ജയിലിലെ കാര്യമാണ് എനിക്കു പറയുവാനുള്ളത്. അവിടത്തെ സ്ഥിതിയും നാം നേരിട്ടനുഭവിച്ചിട്ടുള്ളതാണ്. അവിടെ എത്രമാത്രം അന്ധതയാണ് വെച്ചു പുലർത്തിക്കൊണ്ടിരിക്കുന്നത്. അവിടെ വിദ്യാസമ്പന്നനായ ഒരാൾ ചെന്നാൽ അയാൾക്ക് എന്തു സൗകര്യമാണ് ചെയ്തുകൊടുക്കുന്നത്. പഴയ എൺപതുവടിയും ശീലാവതിയും ലൂക്കോസെഴുതിയ സുവിശേഷവുമല്ലാതെ ആധുനിക ചിന്താഗതിക്കനുസരണമായി എന്തെങ്കിലും മനസ്സിലാക്കുവാൻ സൗകര്യം സെൻട്രൽ ജയിലിൽ നൽകുന്നുണ്ടോ എന്നു നാം ചിന്തിക്കേണ്ടതാണ്. ലാക്കപ്പുകളിലും സെൻട്രൽ ജയിലിലും ആളുകൾക്കു വിജ്ഞാനം ഉണ്ടാകത്തക്ക യാതൊരു സാഹചര്യങ്ങളും ഇന്നില്ല. സെൻട്രൽ ജയിലിലാണെങ്കിൽ എത്രയധികം തടവുകാരാണുള്ളത്. അവരിൽ കരകൗശലത്തിനു സാമർത്ഥ്യമുള്ളവർ ധാരാളമുണ്ടായിരിക്കും. അതുപോലെ മററു പല കലകളിലും അഭിരുചിയുള്ളവർ ഉണ്ടാകും. അവരവരുടെ കഴിവിനും വാസനയ്ക്കും അനുസരണമായ തൊഴിൽ ചെയ്യുന്നതിന് ഇന്ന് സെൻട്രൽ ജയിലിൽ സൗകര്യമില്ല. ഇങ്ങനെ അവരുടെ ശിക്ഷാകാലാവധി മുഴുവൻ ദുരുപയോഗപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ജയിലുകളെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരു പരിവർത്തനം ഇന്നുണ്ടാകേണ്ടിയിരിക്കുന്നു. തടവുകാർ അധികവും കുററം ചെയ്യുന്നത് അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ സമ്മർദ്ദം കൊണ്ടായിരിക്കും. ചില പ്രത്യേക സാഹചര്യങ്ങൾ അവരെ കുററം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. അങ്ങനെയുള്ളവർക്ക് അവരുടെ ശിക്ഷാകാലാവധി പ്രയോജനകരമായിത്തീരണമെങ്കിൽ, അവരുടെ കഴിവ് ഉപയോഗിക്കുവാനുള്ള സന്ദർഭം നൽകണം, അതിന് എന്തു പരിപാടിയാണ് ഇന്നത്തെ ജയിൽ ആക്ടിൽ ഉള്ളതെന്നു നാം നോക്കണം. സെൻട്രൽ ജയിലിൽ നെയ്ത്തും, മണ്ണുചുമക്കുന്ന ജോലിയും ഒഴിച്ചാൽ, ഓരോരുത്തർക്കും അവരവരുടെ കഴിവും അഭിരുചിയുമനുസരിച്ച് ജീവിക്കുവാനുള്ള യാതൊരു സാഹചര്യങ്ങളും അവിടെയില്ല. അപ്രകാരം പത്തും പതിനാലും കൊല്ലം ജയിൽ ജീവിതം അനുഭവിച്ചാലും അതുകൊണ്ട് അവന്റെ ഭാവിജീവിതത്തിനു ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ചെറിയ ചെറിയ മോഷണക്കുററങ്ങൾ ചെയ്തു ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളവർക്ക് വീണ്ടും അവിടെ ചെല്ലണമെന്നുള്ള ഒരു ദുർവാസനയാണ് ഇന്നത്തെ ജയിൽ ജീവിതത്തിൽ നിന്നും അവർക്കു ലഭ്യമാകുന്നത്. അല്ലാതെ മാനസികമായ ഒരു മാററം അവരിൽ വരുത്തുവാൻ ഇന്നത്തെ ജയിൽ സാഹചര്യങ്ങൾ പര്യാപ്തങ്ങളല്ല.

ഈ സഭയിൽ പോലീസ് ബഡ്ജററ് ചർച്ചയ്ക്കു വന്ന അവസരത്തിൽ പോലീസ് ലാക്കപ്പുകളിൽ നടക്കുന്ന മർദ്ദനങ്ങളെപ്പററി വളരെയധികം സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. സർ, ഈ സഭ ഇവിടെ സമ്മേളിച്ചിരിക്കുമ്പോൾത്തന്നെ ഈ ഹാളിനു ഇരുനൂറു വാര അകലത്തുള്ള ഒരു ലാക്കപ്പിൽ യൂണിവേഴ്സിററി യൂണിയന്റെ സെക്രട്ടറിയായിരുന്ന അനിരുദ്ധൻ എന്ന വിദ്യാർത്ഥിയെ കഴിഞ്ഞ ദിവസം അറസ്റ്റുചെയ്തു കൊണ്ടുവരുകയുണ്ടായി. ആ വിദ്യാർത്ഥിയെ ലാക്കപ്പിൽ കൊണ്ടുവന്നിട്ട് ഒരു അണ്ടർവെയർ മാത്രം ധരിക്കുന്നതിനേ അനുവദിച്ചുള്ളു. നമ്മുടെ യൂണിവേഴ്സിററി യൂണിയന്റെ സെക്രട്ടറിയെ ഈ തരത്തിൽ ഒരു അണ്ടർവെയർ മാത്രം ഉടുപ്പിച്ചു നിറുത്തുമ്പോൾ ഈ ലാക്കപ്പുകളിൽ എന്തു സംസ്കാര

[ശ്രീ. ടി. കെ. ദിവാകരൻ.]

മാണുള്ളതെന്നു നാം ആലോചിച്ചു പോകുന്നു. രാഷ്ട്രീയപ്രവർത്തകരുടെ ഉടുതുണി അഴിച്ചുപോലും അന്വേഷണം നടത്തിയിട്ടുള്ളതായി നമുക്കറിയാം. ലാക്കപ്പുകളിൽ നിന്നിറങ്ങിയിട്ടുള്ള പല സ്ത്രീകളും പുരുഷന്മാരും പുറത്തുവന്നു് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളിൽ നിന്നും നമുക്കു് അതറിയാൻ കഴിഞ്ഞിട്ടുണ്ടു്. നഗ്നമായി നിറുത്തി അന്വേഷണം നടത്തുന്നതിൽ എന്തു സംസ്കാരമാണു് അടങ്ങിയിട്ടുള്ളതെന്നു നാം ആലോചിക്കേണ്ടിയിരിക്കുന്നു. ചിറയിൻകീഴിൽ നിന്നും അറസ്റ്റുചെയ്തു പച്ചത്തൊണ്ടുതൊഴിലാളി പ്രവർത്തകനായ നീലകണ്ഠനേയും പോലീസ് ദേഹോപദ്രവമേൽപ്പിച്ചു. ലാക്കപ്പിൽ പോകുന്ന അവസരത്തിൽ അയാൾ ചില അവകാശസ്ഥാപനങ്ങൾക്കു വേണ്ടി നിൽക്കുകയായിരിക്കും. അയാൾ നിയമത്തിന്റെ മുമ്പിൽ കുറ്റക്കാരനുമായിരിക്കാം. നിയമവും കോടതിയും ഒരു വശത്തിരിക്കയും ദണ്ഡനമുറകൾ പോലീസുകാർ നടത്തുകയും ചെയ്യുന്ന നിലപാടു തീർച്ചയായും മാറേണ്ടതാണു്. ആ നിലയിൽ ഇന്നു് ലാക്കപ്പുകളേയും സബ്ജയിലുകളേയും സംബന്ധിച്ചിടത്തോളം സമൂലമായ ഒരു മാറ്റം വരുത്തേണ്ടതാണു്, ഈ നാട്ടിലെ ഭൂരിപക്ഷം ആളുകൾക്കു് ജനകീയഭരണം വന്നു എന്നു് അനുഭവമില്ലെങ്കിലും ലാക്കപ്പിൽ കിടക്കുന്ന ആളുകൾക്കെങ്കിലും ജനകീയഭരണം വന്നു എന്നു് ബോധം ഉണ്ടാക്കിക്കൊടുക്കത്തക്കവണ്ണം ലാക്കപ്പുകളും ജയിലുകളും പരിഷ്കരിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ഒരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ലാക്കപ്പിൽ കിടക്കുന്ന ആളുകളെക്കൊണ്ടു് തൊണ്ടി ചുമപ്പിക്കുക എന്നൊരേർപ്പാടുണ്ടു്. ഒരു രാഷ്ട്രീയ പ്രവർത്തകൻ ലാക്കപ്പിൽ ചെന്നാൽ അയാളും തൊണ്ടിസാധനങ്ങൾ ചുമക്കണം, വല്ല തടിക്കഷണങ്ങളോ മോഷണവസ്തുക്കളോ ഒരു രാഷ്ട്രീയ പ്രവർത്തകനെക്കൊണ്ടു ചുമപ്പിച്ചു കോടതിവരെ നടത്തിക്കുന്നതു് പോലീസുകാരുടെ ഒരു ശിക്ഷയാണു്. ഏതു രാഷ്ട്രീയപ്രവർത്തകനായാലും ലാക്കപ്പിൽ ചെന്നാൽ ഷർട്ടിടാൻ അനുവദിക്കയില്ല. ഇതൊക്കെയാണു് ഇപ്പോൾ ലാക്കപ്പുകളിൽ നടക്കുന്നതു്.

അടുത്തതായി എനിക്കു് "നോട്ടം" എന്നൊരേർപ്പാടുള്ളതിനെപ്പറ്റിയാണു് രണ്ടുവാക്കു പറയാനുള്ളതു്. സെൻട്രൽ ജയിലിൽനിന്നു് ആളുകളെ നോട്ടപ്പുള്ളികളായി വിടാറുണ്ടു്. അഞ്ചും പത്തും കൊല്ലം ജയിലിൽ കിടന്ന ആൾ എന്തെല്ലാം വികാരങ്ങളോടുകൂടിയാണു് വെളിയിലിറങ്ങുന്നതെന്നു നാം ഓർക്കണം. അങ്ങനെ പുറത്തു വരുന്ന ഒരാളെ സ്വതന്ത്രമായി വിടാതെ പോലീസിന്റെ നോട്ടത്തിൽ വിടുക എന്നൊരു പതിവുണ്ടു്. പോലീസിന്റെ നോട്ടത്തിൽ വിടുന്ന ഒരാൾ ഇവിടെനിന്നും വടക്കൻപറവൂരുള്ള അയാളുടെ വീട്ടിൽ എത്തണമെങ്കിൽ രണ്ടു മാസം വേണ്ടിവരും. ഓരോ പോലീസ്സ്റ്റേഷനിലെത്തി അവിടെയുള്ള ചെടികൾക്കു വെള്ളവും കോരി, യജമാനന്മാർക്കു ചായയും വാങ്ങിക്കൊടുത്തു് വടക്കൻപറവൂർവരെ എത്തുമ്പോൾ രണ്ടുമാസത്തോളം ആകും. പത്തുപന്ത്രണ്ടു കൊല്ലങ്ങൾ ജയിൽശിക്ഷ അനുഭവിച്ചു ശേഷം പൊട്ടിപ്പുറപ്പെടുന്ന വികാരങ്ങൾക്കു രൂപം കൊടുക്കുന്നതിനു് രണ്ടുമാസം വേണ

മെന്നുള്ള വിവരം ബഹുമാനപ്പെട്ട പോലീസ്മന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മറ്റൊന്നു പറയാനുള്ളതു് ജയിലിലെ അണ്ടർ ട്രയൽ പ്രിസണേഴ്സിനെപ്പറ്റിയാണ്. ഹൈക്കോടതിയിൽ ജീവപര്യന്തം ശിക്ഷിച്ചു കഴിഞ്ഞാൽ ശിക്ഷയുടെ കാലാവധി തുടങ്ങണമെങ്കിൽ പാലസ് സാംക്ഷൻ വേണമെന്നൊരു ചട്ടമുണ്ട്. നാലും അഞ്ചും കൊല്ലം ഈ പാലസ് സാംക്ഷനുവേണ്ടി കാത്തിരിക്കേണ്ടിവരും. അധികാരത്തിലിരിക്കുന്ന ആളുകൾക്ക് ഇതെല്ലാം അറിയാം. അവർ ജയിലിൽ കിടന്ന കാലത്തു് ഇതിനെല്ലാം പരിഹാരം ഉണ്ടാക്കുമെന്നുള്ള വാഗ്ദാനത്തോടുകൂടി വെളിയിൽ ഇറങ്ങുകയും ചെയ്തു. അധികാരത്തിലിരിക്കുന്ന കക്ഷിയെ സംബന്ധിച്ചിടത്തോളം ലാക്കപ്പുകളോ ജയിലുകളോ പരിഷ്കരിക്കേണ്ട ആവശ്യമില്ലെങ്കിലും ഞങ്ങൾക്ക് അതിന്റെ ആവശ്യമുണ്ട്. അവർ അവസാനിപ്പിച്ചുകഴിഞ്ഞ പ്രയാണത്തിന്റെ തുടർച്ച ഞങ്ങൾ ആരംഭിച്ചിട്ടേയുള്ളു. ഈ ജയിലുകളേയും ലാക്കപ്പുകളേയും സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ഭാവി ജീവിതത്തെ സംബന്ധിക്കുന്ന ചില പ്രത്യേക താൽപ്പര്യങ്ങൾകൂടിയുള്ളതു കൊണ്ട് ഞങ്ങൾ ആ കാര്യം പറയുന്നതിന് മടിക്കുന്നില്ല. ആ അടിസ്ഥാനത്തിൽ ഈ ജയിലുകളും ലാക്കപ്പുകളും പരിഷ്കരിക്കുന്നതിലേയ്ക്കു് ഒരു അന്വേഷണക്കമ്മിറ്റിയെ ഈ സഭയിൽ നിന്നും നിയമിക്കുന്ന കാര്യത്തിൽ ഞങ്ങളോട് അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. കാൺഗ്രസ്സ് കക്ഷികൂടി ഈ കാര്യത്തിൽ യോജിച്ചുകൊണ്ട് ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Shri M. M. Abdul Khader: I rise to support the motion before the House. I cannot but do so, knowing as I do the gruesome tortures that used to be inflicted on the under-trials in the Alwaye lock-up in the last two years, especially in 1950. This lock-up is one which has taken the toll of two lives; one was comrade Dass, the apple of the eye of the people of Parur. I saw that comrade taken out of the lock-up two days after he was sent in. His private parts were all swollen up and blood was dripping down, and the comrade died the very same day. He was an accused in the Edappally case. Similar was the fate that met another comrade, one from Ernakulam - an employee of the Tata Oil Mills. He was not even a communist. In fact he belonged to the Kerala Socialist Party. These two comrades were hacked to death in the Alwaye police lock-up. There were also numerous other gruesome atrocities, and I cannot but remember with horror how I saw one of the accused in the Edappally case—comrade Abraham—who was a graduate and a teacher in a school.—how he was taken before the Magistrate. He was so cruelly battered that he could not even just step into the Magistrate's room. And when, Sir, we make complaints about all this to the Magistrates who are supposed to be in charge of these lock-ups, we are told that they are helpless. In fact we know the sort of Magistracy that is existing in this State. What are they but police Magistrates dancing to the tune of the police.

One instance which I wish to place before this House is this. While cases were being tried in the local Second class Magistrate's

[Shri M. M. Abdul Khader]

Court, it is about 20 feet from the police lock-up, in the same building— two or three communists inside the lock-up, were being badly battered in open daylight and they were crying out while the court was in session. Even the Advocates and Pleaders present protested before the Magistrate. The Magistrate, of course, pleaded his helplessness before the police. This is the sort of thing that is taking place under this regime. The people of this State certainly would put these people who are perpetrators of these atrocities, who are the perpetrators of the slaughter, at Pasumalai in the dock ere long.

Another thing which is so widespread in the lock-up— not in the case of trade-unionist or communist prisoners in particular but in regard to undertrials—is this. At dead of night these undertrials are taken away to out of the way places eight or ten miles away into vacant maidans where they are tortured, where third degree methods are being applied. This thing happens so widely in the locku-ps situated in the towns. This takes place in Alwaye. I can vouch for it. There are also out of the way outposts which are converted into torture chambers by the police. Even the behaviour towards advocates who go in to execute vakalaths especially in communist cases is extremely unsatisfactory. Even advocates after getting the sanction of the magistrates have to dance attendance before these police officers, before the sub-inspectors, even to get vakalaths executed. Such state of things I cannot conceive of any other State but this State presided over by this Police Minister.

There is also the question of women under-trials. There are no women police in Alwaye. There are no women police in Parur. There are many young women who are taken to these lock-ups for offences like infanticide. These are young poor women. Many of them come to Parur, committed to the sessions and in some of these cases, women police accompany them from Muvattupuzha. Even if they are escorted by these women police, they are housed in the Parur sub-jail all alone; and the behaviour of these policemen who are capable of inflicting such gruesome tortures on the accused under-trials, what their behaviour would be towards these women under-trials, could be better imagined. In Alwaye lock-up it is a small dingy room about 20 or 30 feet square; there used to be up to 40 or 50 under trials in that one lock-up. Recently a new sub-jail has been built at Alwaye, which could accommodate a larger number and this jail which has been built after expending some Rs. 80,000, after a year, is still vacant, probably awaiting inauguration by some Minister or other. I would request the Police Minister to do that very pleasant duty of inaugurating this sub-jail so that the very many under-trials over there may take a breath of air. I wholeheartedly support the motion

moved by comrade Achyutha Menon, and commend it to the acceptance of the Members on the Treasury Bench as well.

Mr. Speaker: Order, order. The House will now adjourn and meet again at 11 a. m. tomorrow.

The Assembly adjourned at 4-30 p. m. to meet again at 11 a. m. on Saturday, the 19th July, 1952.

V. KRISHNAMOORTHI,
Secretary, Legislative Assembly.

APPENDIX

[*Pleese see Answer*'*to Question Nos.* *875 [*12*]&* 878[*15*]

CIRCULAR.

Delay in settlement of Pension.

No. Fin. (e) 4-10162|52.

Government have noticed with distress that in spite of the repeaed instruction issued from time to time enjoining the expeditious disposal of pension papers, Heads of Departments and Offices have not bestowed proper attention to the matter with the inevitable result that settlement of pension of retired officers has been delayed and very often unconscionably for one reason or another. Government cannot but regard this as highly regrettable.

The Government would again impress upon all officers concerned the necessity of settling pension claims with the utmost promptness so as to enable the retired officers to receive their pensions within a month of their retirement. Government would reiterate the detailed instructions issued in Circulars No. Fin. (c) 4-33308|50 dated 20-12-1950 and No. Fin. (e) 4-3325|50 dated 16-1-1951 (copies attached).

Heads of Departments and Offices will take immediate action for the settlement of pension in all pending cases and also for the verification of service particulars and liabilities of officers who are due to retire within 6 months and forward to the Finance Department *immediately* the following statements in the forms appended.

(1) Statement of Officers retired before 1st April 1952 and whose pension has not yet been sanctioned.

(2) Statement of Officers due to retire within 6 months from 1st April 1952 and detailing action taken for settlement of their liabilities, etc.

Similar statements should be forwarded every month from May 1952 onwards, so as to reach the Finance Department on or before the 20th of the month. In the case of officers coming in the first list for whom anticipatory pension has not yet been sanctioned, action should be taken immediately to grant the same as contemplated in Article 390 T. S. R.

Government would insist that the settlement of the pension of officers should be made with expedition. Delay in sending pension papers causes grave hardship to officers who have served Government for a long period. Such delays indicate lack of a sense of responsibility and sympathy. Government would like to make it clear that they propose to punish with severity any officer found delaying pension papers or declaration of non-liability.

Government Secretariat, By order,

Trivandrum, V. N. Rajan,

23-4-1952. *Chief Secretary to Government.*

(1) STATEMENT OF OFFICERS RETIRED BEFORE 1-4-1952 AND WHOSE PENSION HAS NOT BEEN SANCTIONED.

Sl. No.	Name	Designation	Date of retirement	Full explanation for delay with a chronological statement of action taken and the names of the Heads of Offices concerned.	Whether anticipatory pension has been sanctioned or not. If not, explanation for the omission.

(1) The names should be arranged in the order of the dates of retirement.

(2) In the case of delays of more than 6 months (*i. e.* officers retired before 1-10-1951) the explanation of the *officers* who were responsible for the delay should invariably be attached with the recommendation of the Head of the Department regarding the *punishment to be given.*

(2) STATEMENT OF OFFICERS DUE TO RETIRE WITHIN 6 MONTHS FROM 1-4-1952.

Sl. No.	Name	Designation	Date of retirement	Action taken for verification of service and settlement of liabilities.	Whether their pension papers will be ready by the time they retire.

TRAVANCORE-COCHIN GOVERNMENT

Finance Department.

CIRCULAR.

No. Fin (e) 4-33808|50.

Government have come across too many instances of inordinate delays in the settlement of pensions of retired officers. On a review of the whole position they observe that the delay is mainly due to the leisurely manner in which pension cases are taken up for disposal in the offices concerned and also due to the delay in the settlement of the liabilities of retired officers, and defects in the records of service maintained for the officers.

2. Government are very anxious that these delays should be avoided to the utmost and that retired officers should, in the normal course, be in a position to receive their pension *within a month of their retirement.* With this end in view, Government have issued from time to time circular instructions to Departmental Heads, impressing upon them the necessity for avoiding delays. There are also definite rules in the T. S. R. and Financial and Account Code, directing the preparation and submission of pension papers with the utmost promptitude. In spite of all this, Government regretfully note that the delays have not diminished to any appreciable extent. The following instructions to all the Departmenal Heads are accordingly issued:—

(i) According to Article 377 (a) & (b) T. S. R. the work of preliminary verification of the service particulars of the officers who are about to retire should be taken up at least 6 months prior to the date of retirement. All officers who are competent to sanction retirements of their subordinates should pass final orders reparding the retirement at least 3 months before the date on which the officer concerned is due to retire. Preparation of pension papers should also be taken up simultaneously, so that they can be forwarded to the audit officer immediately after retirement of the officer concerned.

(ii) It has become the practice to take stock of the liabilities of an officer only after he has actually retired from service, even though in the ordinary course, this should be done every time there is a change in the post held by the officer concerned and also six months before the date of retirement. Heads of Offices and Departments should see that this *rule is strictly adhered to,* If the liabilities of an officer who has left charge of a particular post are not assessed by the relieving officer and reported to the Head of the Department to which the officer

has been transferred, *within 3 months of the change*, thereafter, the responsibility for the liability, if any, *will be solely that of the relieving officer* and the relieved officer will ordinarily be exonerated. In other words, if an officer retiring from an office has been in that office for more than 3 months, and no intimation regarding his liability has been received from the office from which he has been transferred, no reference regarding liabilities need ordinarily be made to the latter office. His liabilities in the office in which he was last working need alone be ascertained for the issue of the non-liability certificate. This will not however apply to excess pay and leave allowances drawn by the officer, brought to light when the pension papers are verified.

(iii) Another source of delay noticed in the settlement of pensions is the defective and imperfect condition in which service records are maintained. Article 352-D., T. S. R., lays down that entries in Service Books have to be verified annually and a certificate of verification furnished by the Head of the Office. The numerous cases brought to the notice of Government at the time of settlement of pension clearly prove that this rule is completely ignored in many offices. Government desire to impress upon all officers concerned, that the proper maintenance of Service Books is an important responsibility enjoined on them and that they should attend to it personally at the proper time.

(iv) The certificate of annual verification of Service Books and liabilities to be forwarded to Government under Art. 352 (1), T. S. R. should invariably be forwarded before 1st August each year.

3. Government consider that the above instructions, if strictly adhered to and enforced, will stop the delay. They insist on every officer observing them strictly hereafter. *Under no circumstances should the submission of the Pension Papers of retired officers be normally delayed for more than a month after retirement.* In exceptional cases delays up to 6 weeks will be tolerated. Instances of delay of over 1 1|2 months should invariably be accompanied by the explanations of those responsible for the delay and the specific recommendations of the Heads of Departments. Government will be constrained to take deterrent action against all officers who delay pension papers without sufficient justifiable cause.

Government Secretariat,
Trivandrum,
20th December, 1950.

By order,
C. I. Abraham,
Finance Secretary to Government,

To

All Heads of Departments & Offices, Secretaries to Government, All Private Secretaries to Hon'ble Ministers, Judges of the High Court, Secretary, Public Service Commission (with c|1), Accountant General.

GOVERNMENT OF TRAVANCORE-COCHIN

Finance Department.

CIRCULAR.

No. Fin. (e) 4-33725|50.

Requests from Heads of Departments for commuting retrospectively periods of absence without leave into leave without allowances under Art. 269 T. S. R. are being received by Government frequently after the persons concerned have retired from service. With a view to eliminating the delay consequent on such references, Government have already issued certain instructions in Circular No. FL. 6993 dated 23-10-1940. As it is found the instructions contained in the above circular are not being followed, Government hereby direct that the recommendations for commutation should in all cases be made to Government and orders obtained before the Officer's retirement,so that his pension papers may not be delayed on this account. Government will be constrained to take a serious view of cases in which this instruction is not strictly followed.

By order,

Government Secretariat,
Trivandrum,
16th January 1951,

C. I. Abraham,
Finance Secretary to Government.

To

All Heads of Departments.

N. FL.6993

CIRCULAR.

With a view to minimising the number of applications for commuting periods of absence without leave into one form or other of authorised leave now coming up for consideration and orders of Government under Article 269, Travancore Service Regulations, the following instructions are issued for the guidance of officers empowered to sanction leave to their subordinates and the Heads of Departments.

Proposals for such commutations should not be tacked on to the pension applications but should be taken up and decided sufficiently early before the retirement of the officers. Such commutations should not also be granted as a matter of course.

If at the time of application for pension any period treated as unauthorised absence be found recorded in the record of service of the Government servant, the Audit Department will presume that the absence should be treated as unauthorised only and will proceed to calculate the pension accordingly. No representation for the modifications of the pension so calculated will ordinarily be entertained.

2. Heads of Departments should accordingly undertake a review of all cases of unauthorised absence in respect of the subordinates of their departments and take the necessary action to regularise the absence where such regularisation is deserved.

3. In respect of officers who have already retired but whose pensions have not been sanctioned, action wIll be taken by Government as hitherto on the merits of each case.

By order,

S. SUNDARARAJAN,
Financial Secretary to Government.

Huzur Cutcherry,
Trivandrum,
23rd October, 1940.

To

All Heads of Departments and Offices,

(True Copy)